Date of publication: 9 ജൂലൈ 2018
വോള്യം 16 / ലക്കം 1 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത






ചിത്രം കടപ്പാട് : **സാലുമരട തിമ്മക്ക**

# സംഘടിത

**സംഘടിത/ ജൂലായ് 2018/വോള്യം 16/ലക്കം 1**

പെണ്ണും പ്രകൃതിയും 6
**അമ്പിളി ഓമനക്കുട്ടൻ**

വാഴച്ചാലിൽ കാടർക്കൊപ്പം 9
**സബ്ന**

കണ്മഴ 11
കവിത/**ആര്യാഗോപി**

പ്രകൃതിയുടെ പുനർജ്ജനി 12
**ഷീബ ദിവാകരൻ**

സ്ത്രീ സമത്വ ചിന്തകളിലെ 19
പ്രകൃതി പാഠങ്ങൾ
**മ്യൂസ്മേരി**

മറ്റൊരു തൂത്തുക്കുടി കേരളത്തിൽ
വേണോ കാതിക്കുടത്തെ അമ്മമാർ 25
**കുസുമം ജോസഫ്**

വെള്ളം എല്ലാം ഓർത്തുവയ്ക്കുന്നു 28
**മിനി പ്രസാദ്**

തായ്‌ലന്റ് ഒരു മൗന നിലവിളി 35
**എം.എച്ച്. താഹിറ**

ഇതൊരു ചരിത്ര സംഭവം 39
പെൺപക്ഷം/**അജിത കെ.**

മേഘയുദ്ധം 40
കഥ/**ലിജിഷ എ.ടി.**

പാടാത്ത പക്ഷികൾക്കായി പാടിയൊരാൾ 44
**സംഗീത ചേനംപുല്ലി**

വാസ്തവം 48
**ഡോ. ജാൻസി ജോസ്**

മാറുന്ന വയനാട് മറയുന്ന കാലാവസ്ഥ 49
**ഉഷാകുമാരി എം.ബി.**

നാല്പതു വർഷം ഞാൻ നടന്ന
കോഴിക്കോട് നഗരം 52
**ജാനമ്മ കുഞ്ഞുണ്ണി**

സുജാതാദേവി ഒരു ഓർമ്മക്കുറിപ്പ് 57
**സംഗീതാ ദാമോദരൻ**

കണ്ണെഴുതാത്ത പൊട്ടുകുത്താത്ത ചീരു 59
വഴിത്താരകൾ/**ജാനകി**

ചുട്ടുപൊള്ളിക്കുന്ന യാഥാർത്ഥ്യങ്ങൾ 61
ശാസ്ത്രം/**സീമാ ശ്രീലയം**

**ഫോട്ടോ ഫീച്ചർ : പരിസ്ഥിതി പോരാളികൾ**

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ** : ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ : ഡോ. ഷീബ ദിവാകരൻ** **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാ സാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

**സ്ത്രീ**വാദപോരാട്ടങ്ങളുടെ പരിണാമരേഖയിൽ സമരങ്ങൾ പെട്ടെന്ന് വിജയം കാണുക എന്നത് സാധാരണയായി സംഭവിക്കാത്തതാണ്. അതിനാൽത്തന്നെ വസ്ത്ര വിൽപ്പനശാലകളിലെ സ്ത്രീ തൊഴിലാളികൾ ഏറെ ത്യാഗങ്ങൾ സഹിച്ച് പൊരുതി, ഇരിക്കാനുള്ള അവകാശം നേടിയെടുത്തിരിക്കുന്നത് സമരചരിത്രങ്ങളിലെ നാഴികക്കല്ലായി അടയാളപ്പെടുന്നു .ഈ പ്രശ്നത്തിൽ പെൺകൂട്ട് പോലുള്ള സംഘടനകൾ നടത്തിയ നിർണ്ണായക ഇടപെടലുകൾ പ്രസക്തമാണ്. പുരുഷാധിപത്യത്തെയും മുതലാളിത്തത്തെയും ചെറുത്തുതോൽപ്പിക്കാൻ നടത്തിയ ഈ പോരാട്ടത്തിനും തുടർന്നുണ്ടായ സർക്കാർ തീരുമാനത്തിനും ഒരായിരം അഭിനന്ദനങ്ങൾ!

സിനിമ എന്ന മാധ്യമത്തിന്റെ ആൺലോക വ്യവഹാരങ്ങളെ ഉടച്ചുവാർക്കാൻ നിരന്തരശ്രമങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. മലയാള ചലച്ചിത്ര പ്രവർത്തനങ്ങളിലെ സംഘടനാരൂപങ്ങളോടും നിലപാടുകളിലെ കടുത്ത സ്ത്രീവിരുദ്ധതയോടും ഏറ്റുമുട്ടിക്കൊണ്ടാണിന്ന് വിമൻ ഇൻ സിനിമ കലക്ടീവ് നിലകൊള്ളുന്നത്. നടിയെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ കുറ്റാരോപിതനായ നടനെ സംഘടനയിലേക്ക് തിരിച്ചെടുക്കാനുള്ള ചലച്ചിത്ര സംഘടന എ.എം.എം.എ.യുടെ തീരുമാനത്തെ ശക്തിയുക്തം തോൽപ്പിച്ചിരിക്കയാണിവർ. ഇതൊരു ചരിത്രവിജയം തന്നെ. പ്രത്യാശയുടെയും സമരവീര്യത്തിന്റെയും പുതിയ അദ്ധ്യായങ്ങൾ ഇതുപോലെ ഇനിയും എഴുതപ്പെടട്ടെ. അഭിവാദ്യങ്ങൾ !

സൗദി അറേബ്യയിൽ സ്ത്രീകൾ വണ്ടിയോടിക്കാനുള്ള അവകാശം നേടിയെടുത്തിരിക്കയാണ്. യാഥാസ്ഥിതികതയുടെ പിടിയിൽ നിന്ന് സ്ത്രീജീവിതത്തെ മോചിപ്പിക്കാനുള്ള ഇത്തരം ശ്രമങ്ങൾ ഏറെ ആവേശജനകമാണ്.

ആശയലോകങ്ങളിലെ വൈരുധ്യങ്ങൾ പരിഹരിക്കാൻ ഹിംസയുടെ വഴിതേടുക എന്നത് മനുഷ്യത്വവിരുദ്ധമായ നിലപാടാണ്. കലാലയത്തിൽ ജീവിതമോചനമാർഗ്ഗം തിരഞ്ഞ് പഠിക്കാനെത്തുകയും, വിപ്ലവപ്രസ്ഥാനത്തിന് നായകത്വം വഹിക്കുകയും ചെയ്ത ആദിവാസി കൂടിയായ അഭിമന്യുവിനെ നിഷ്ക്കരുണം കൊന്ന് ഇല്ലാതാക്കിയ പ്രവൃത്തി അങ്ങേയറ്റം നിന്ദ്യവും നീചവുമാണ്. പോപ്പുലർ ഫ്രണ്ട് എന്ന സംഘടന ഒരു കുടുംബത്തിന്റെ മാത്രമല്ല, ഒരു നാടിന്റെയും ജനവിഭാഗത്തിന്റെയും മുഴുവൻ പ്രതീക്ഷകളാണ് രാഷ്ട്രീയ മുതലെടുപ്പിന്റെ പേരിൽ പിഴുതെറിഞ്ഞത്. "നാൻ പെറ്റ മകനേ" എന്ന ആ അമ്മയുടെ രോദനം രാഷ്ട്രീയ പകപോക്കലുകളുടെ ജീവിക്കുന്ന ഇരകൾ സ്ത്രീകളാണെന്ന വേദനിപ്പിക്കുന്ന സത്യം നമ്മെ വീണ്ടും ബോധ്യപ്പെടുത്തുന്നു.

പരിസ്ഥിതിയും സ്ത്രീകളുമായി നിലനിൽക്കുന്നത് ഒരു ജൈവബന്ധം തന്നെയാണ് . കേവലം 'സ്ത്രീ അമ്മയാണ്, പ്രകൃതിയാണ്' എന്നൊക്കെ സത്താവാദപരമായി പറഞ്ഞു വാഴ്ത്തുന്നതിലുമപ്പുറമാണിത്. പരിസ്ഥിതിയുടെ ഗുണഭോക്താക്കളെന്ന നിലയിലും സ്വന്തം ജീവിതക്രമങ്ങളും ലിംഗഭേദാവസ്ഥകളും നിർമ്മിച്ചെടുക്കുന്ന ബന്ധങ്ങളെന്ന നിലയിലും സ്ത്രീജീവിതങ്ങൾ പരിസ്ഥിതിയുമായി ഇണങ്ങിക്കിടക്കുന്നു. പ്രകൃതിസംരക്ഷണം ഒരു സാമൂഹ്യസേവനമാതൃക എന്നതിൽ നിന്ന് വ്യത്യസ്തമായി സ്വന്തം ജീവിതത്തെയും ചുറ്റുമുള്ള ജീവിതങ്ങളെയും നിർണ്ണയിക്കുന്ന ഒരു ക്രിയാത്മക പ്രവർത്തനമായി കാണുന്ന അനേകമനേകം വേറിട്ട സ്ത്രീവ്യക്തിത്വങ്ങൾ നമുക്ക് ചുറ്റുമുണ്ട്. നമ്മളറിയുന്നവരും തീരെ അറിയപ്പെടാതെ നിസ്വാർത്ഥസേവനമനുഷ്ഠിച്ച് ജീവിച്ചു മരിച്ചവരും. ഷീബ ദിവാകരൻ അതിഥിപത്രാധിപയായി പ്രകൃതിയുടെ സ്ത്രീക്കാഴ്ചകൾ അന്വേഷിക്കുന്ന ഈ ലക്കം സംഘടിത ഗൗരവവായനക്കായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്




ഷീബാ ദിവാകരൻ

**ഒരു** പരിസ്ഥിതിദിനംകൂടി കടന്നുപോയിരിക്കുന്നു. വിദ്യാർത്ഥികളും വിവിധ സംഘടനകളും സ്ഥാപനങ്ങളുമെല്ലാം വ്യാപകമായി മരങ്ങൾ നട്ടിരിക്കുന്നു. ഈ മരങ്ങളൊക്കെ വലുതാവുകയാണെങ്കിൽ പ്രകൃതി ചിരിക്കും. പക്ഷേ, നട്ടമരങ്ങൾ പരിചരണമില്ലാതെ നശിക്കുന്നതാണ് പതിവുകാഴ്ച. കുട്ടികളുടെകൂടെ നിൽക്കുമ്പോലെ, ആഴങ്ങളിലേക്ക് വേരോടുംവരെ നാം അവയോടൊപ്പം നിൽക്കണം. പരിസ്ഥിതിവിദ്യാഭ്യാസം എല്ലാവർക്കും നൽകുകയും വേണം.

അന്നന്നത്തെ ആവശ്യത്തിനുള്ളതൊക്കെ പ്രകൃതിതരും. പക്ഷേ മനുഷ്യന്റെ അത്യാർത്തിയെ ശമിപ്പിക്കാൻ അതിനാവില്ല എന്ന് ഗാന്ധിജി നമ്മെ ഓർമപ്പെടുത്തിയതാണ്. നാം ജീവിക്കുന്ന പരിസ്ഥിതിക്ക് കോട്ടം തട്ടിയാൽ നമ്മുടെ നിലനിൽപ്പ് ചോദ്യചിഹ്നമാവുമെന്ന് പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന സ്വാർത്ഥമനസ്സ് തിരിച്ചറിയുന്നില്ല. സൗധങ്ങൾ പടുത്തുയർത്താൻ അനധികൃതമായി മണൽവാരി പുഴയെ നശിപ്പിച്ചതും മരങ്ങൾ വെട്ടിമാറ്റി കാട്ടിൽ വെളിച്ചം പരത്തിയതും മൃഗങ്ങളെ വേട്ടയാടിരസിച്ചതും മാത്രമല്ല, ജലവിഭവങ്ങളും വനവിഭവങ്ങളുമൊന്നാകെ കച്ചവടലാക്കോടെ നശിപ്പിക്കുന്നതും അതിനു തെളിവാണ്.

അനുദിനം മാലിന്യം ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന മനുഷ്യവർഗം അതിനെപുറന്തള്ളുന്നത് പ്രകൃതിയുടെ നെഞ്ചിലേക്കാണല്ലോ. നമ്മുടെ കടൽപോലും പ്ലാസ്റ്റിക് കൊണ്ട് നിറഞ്ഞിരിക്കുന്നു. തായ്‌ലാന്റിൽ പ്ലാസ്റ്റിക് ഛർദ്ദിച്ച് മരണത്തോട് മല്ലടിച്ച തിമിംഗലത്തിന്റെ അവസ്ഥ ഈയിടെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. അതിന്റെ വയറ്റിൽനിന്ന് പുറത്തെടുത്തത് എട്ടുകിലോ പ്ലാസ്റ്റിക് ആണത്രേ! പരിസ്ഥിതിയെയും ജീവജാലങ്ങളുടെ ആരോഗ്യത്തെയും ഫലത്തിൽ നമ്മെത്തന്നെയും നശിപ്പിക്കുമെന്നറിഞ്ഞിട്ടും വിദ്യാസമ്പന്നരായ മനുഷ്യർ ഇങ്ങനെ അലക്ഷ്യമായി മുന്നോട്ടുപോവുന്നു! പ്രകൃതി നിലനിൽക്കേണ്ടത് തന്റെ നിലനിൽപിനാവശ്യമാണെന്ന പഴയ ഉപകരണവാദമെങ്കിലും ഓർമ്മയുണ്ടെങ്കിൽ!

പെണ്ണും പ്രകൃതിയും ഒരേയുക്തിയിൽ ചൂഷണം ചെയ്യപ്പെടുന്നുവെന്ന തിരിച്ചറിവാണ് ഇക്കോഫെമിനിസം പ്രബലമാവാൻ നിമിത്തമായത്. പ്രകൃതിയുമായി കൂടുതൽ സമ്പർക്കം പുലർത്താൻ എക്കാലത്തും സാധ്യതയുണ്ടായിരുന്ന പെണ്ണ് തത്വദീക്ഷയില്ലാത്ത വിഭവചൂഷണത്തോട് എന്നും പ്രതികരിച്ചിട്ടുണ്ട്. അത് എപ്രകാരമായിരുന്നുവെന്ന് സംഘടിതയുടെ ഈ ലക്കം അന്വേഷിക്കുന്നുണ്ട്. പരിസ്ഥിതി ഇന്നനുഭവിക്കുന്ന പ്രശ്നങ്ങളെന്തൊക്കെ, അവ നിവാരണംചെയ്യുന്നതെങ്ങനെ, ഭാവിയിലേക്കുവേണ്ടി കൈക്കൊള്ളേണ്ട മുൻകരുതലുകളെന്തൊക്കെ, പോയ പച്ചപ്പ് വീണ്ടെടുക്കുന്നതെങ്ങനെ, തുടങ്ങിയ ചോദ്യങ്ങളോടൊക്കെ പ്രതികരിച്ചുകൊണ്ട് പാരിസ്ഥിതികവിഷയത്തിൽ സ്ത്രീകൾക്കുള്ള ആശങ്കകളും അഭിപ്രായങ്ങളും പങ്കുവെക്കുകയാണ്, ഈ ലക്കം സംഘടിത. പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി സ്ത്രീകൾ നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. മനുഷ്യനുൾപ്പെടെയുള്ള സകലചരാചരങ്ങളുടെയും നിലനിൽപ്പിന്നാധാരമായ പരിസ്ഥിതിയെ സമ്പുഷ്ടമാക്കത്തക്ക സാർത്ഥകമായ ചർച്ചകൾക്ക് തുടക്കം കുറിക്കാനും അതിനുവേണ്ടി പ്രവർത്തിക്കാനും സമയം ഏറെ വൈകിയിരിക്കുന്നുവെന്ന് സംഘടിത ഓർമപ്പെടുത്തട്ടെ.



# പെണ്ണും




**അമ്പിളി ഓമനക്കുട്ടൻ**
കവി, സാമൂഹ്യപ്രവർത്തക

**മഴ പെയ്യുമ്പോൾ പ്രളയം, ഉരുൾ പൊട്ടൽ, പെയ്തില്ലെങ്കിൽ വരൾച്ച എന്ന അവസ്ഥയാണ് കേരളത്തിൽ. അത് പോലെ തന്നെ വലിയൊരു വിപത്താണ് കടലാക്രമണവും. ഒരു സ്ത്രീയെ എങ്ങിനെയെല്ലാം തകർത്തെറിയുന്നുവോ അത് പോലെ തന്നെയാണ് പ്രകൃതിയെ നശിപ്പിക്കുന്നതും.**

ഓരോ പച്ചപ്പിനേയും പ്രകൃതി എന്ന് വിളിക്കാനാണ് എനിക്കിഷ്ടം. അങ്ങനെ വരുമ്പോൾ അതിൽ സ്ത്രീയുടെ നിത്യ ഭാവമുണ്ട്. ഒന്നിലൊന്ന് ഇടകലർന്നിരിക്കും പോലെ പ്രകൃതിയുടെ എല്ലാ ഭാവങ്ങളും സ്ത്രീയിലും അന്തർ ലീനമായിരിക്കുന്നു. ഏത് കൊടും വേനലിലും ഒരു കാടിനോളം പച്ചപ്പ് അവളും മനസ്സിൽ സൂക്ഷിക്കുന്നു. ആ പച്ചപ്പിൽ നിന്ന് ശ്വാസമെടുത്താണ് ഓരോ ജീവിതവും മുന്നോട്ട് നീങ്ങുന്നത്. മണ്ണിന്റെ ആഴങ്ങളോളം വേരോടിയതാണ് പെണ്ണും പ്രകൃതിയും. ആ വേരുകൾ അവളുടെ ഹൃദയത്തിലേക്കും ശരീരത്തിന്റെ ആഴങ്ങളിലേക്കുമാണ് സഞ്ചരിക്കുന്നത്. മനുഷ്യ ജീവനുള്ള വെള്ളവും വളവും ഈ വേരുകളിൽ നിന്നാണ് ആഹരിക്കുന്നത്. എന്നിട്ടും വനത്തിനും അതിലെ ജീവിതത്തിനും നേരെയുള്ള കൈയേറ്റങ്ങൾ അവസാനിപ്പിക്കാൻ മനുഷ്യർ തയ്യാറാവുന്നില്ല. മനുഷ്യ രാശിയുടെ ക്ഷേമം, പരിസ്ഥിതി, സാമ്പത്തികാവസ്ഥയുടെ പരിപാലനം എന്നിവയൊക്കെ ആത്യന്തികമായി ആശ്രയിച്ചിരിക്കുന്നത് പ്രകൃതി വിഭവങ്ങളുടെ ഉത്തരവാദിത്തപൂർണ്ണമായ ഉപയോഗത്തിലാണ്. എന്നാൽ ഇന്ന് കാണുന്ന പല ദുരന്തങ്ങൾക്കും കാരണം പരിസ്ഥിതിക്ക് പ്രതികൂലമായ മനുഷ്യന്റെ വികസനത്തോടുള്ള ആർത്തിയാണ്.

അന്തരീക്ഷ മലിനീകരണവും ആഗോള താപനവും ഭൂമിയെ മരണത്തിലേക്ക് തള്ളി വിടുമ്പോൾ ഇനിയെങ്കിലും മരങ്ങളും കാടുകളും സംരക്ഷിക്കാൻ നമ്മൾ ഉണർന്നു പ്രവർത്തിച്ചേ മതിയാകു. നാടിനും മനുഷ്യനും ഹാനികരമായ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചേ മതിയാകു. മഴ പെയ്യുമ്പോൾ പ്രളയം, ഉരുൾ പൊട്ടൽ, പെയ്തില്ലെങ്കിൽ വരൾച്ച എന്ന അവസ്ഥയാണ് കേരളത്തിൽ. അത് പോലെ തന്നെ വലിയൊരു വിപത്താണ് കടലാക്രമണവും. ഒരു സ്ത്രീയെ എങ്ങിനെയെല്ലാം തകർത്തെറിയുന്നുവോ അത് പോലെ തന്നെയാണ് പ്രകൃതിയെ നശിപ്പിക്കുന്നതും.

# പ്രകൃതിയും



എന്റെ പ്രവർത്തന മേഖലകൾ കൂടുതലും ആദിവാസി ഊരുകളുമായി ബന്ധപ്പെട്ടതിനാൽ നിരന്തരമായുണ്ടാവുന്ന നീണ്ട യാത്രകളെല്ലാം ആഹ്ലാദത്തിന്റെ തിരതല്ലലാണ്. സദാ തണുത്തിരുണ്ട അട്ടപ്പാടി ചുരം കയറുമ്പോൾ ഞാൻ ഓർക്കാറുണ്ട് ഓരോ ഭൂപ്രകൃതിയും എത്ര മനോഹരിയാണെന്ന്. എത്രമാത്രം ആ വനഭംഗി കണ്ണുകളിൽ നിറച്ചു നോക്കിയിരുന്നാലും മതിയാവില്ല. അവളെ പ്രണയിച്ച് ചിലപ്പോഴൊക്കെ ആ ആരണ്യഗർഭങ്ങളിലൂടെ കടന്നു പോകുമ്പോൾ, ഒരു കിളിയൊച്ച, ഒരു കാട്ടു ചോലയുടെ പൊട്ടിച്ചിരി, കാടിന്റെ കനിവ് പോലെ കവിളിൽ കാറ്റിന്റെ നനുത്ത ചുംബനങ്ങൾ, ഇലച്ചാർത്തുകൾക്കിടയിലൂടെ സൂര്യനെ തിരയുമ്പോൾ കൺമുൻപിലൊരു പൂമരക്കാട്, പിന്നെ പേരറിയാത്ത സുഗന്ധങ്ങളുടെ പൂമ്പൊടി പടർന്ന വിരൽത്തുമ്പുകളിലെ തുടിപ്പുകൾ. അവിടെ മനസ്സും ശരീരവും സ്വതന്ത്രമാണ്. പറയാനാവാത്ത വികാരങ്ങളുടെ പൂർണ്ണത പോലെ.

എന്നിരുന്നാലും ചിലയിടങ്ങളിൽ മനുഷ്യ ഭീകരതയുടെ കടന്നാക്രമണങ്ങളുടെ അടയാളങ്ങൾ പോലെയുള്ള ചില കാഴ്ചകൾ ഹൃദയഭേദകമാണ്. നിറഞ്ഞ വേദനയോടെ മാത്രമേ അതൊക്കെ നോക്കി കാണാനാവൂ. കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ആദിവാസി മേഖലയിലേക്കുള്ള പാത താണ്ടുമ്പോഴും, അമ്പൂരിയിലേക്കും കന്യാകുമാരിയിലേക്കുമുള്ള മാർഗ്ഗങ്ങളിലും പ്രകൃതി അതിമനോഹരമായി നിർമ്മിച്ചിരിക്കുന്ന തലയെടുപ്പുള്ള നമ്മുടെ കാവൽഭടന്മാരായ മലനിരകൾ കാണാം. എന്നാൽ എത്ര ക്രൂരമായാണ് അവയുടെ ഹൃദയഭാഗങ്ങൾ മനുഷ്യൻ തകർത്തിട്ടിരിക്കുന്നത്. പർവ്വതങ്ങളിലേക്ക് വഴി വെട്ടി മുകളിൽ കുരിശു നാട്ടിയിരിക്കുന്നു, പള്ളികളും അമ്പലങ്ങളും പണിതിരിക്കുന്നു. കുന്നുകൾ ഇടിച്ചു നിരത്തിയും മലനിരകളിലെ വനസമ്പത്ത് വെട്ടി നിരത്തിയും തീയിട്ട് നശിപ്പിച്ചും നാട്ടു രാജാക്കാർ വനം കൈയേറിയിരിക്കുന്നു. നിയമത്തെ വെല്ലുവിളിച്ച്



ത്തിനായി നമ്മൾ തന്നെ വിലപിക്കും.

കാടും കടലും ആകാശവും ഏറെക്കുറെ നമുക്ക് നഷ്ടപ്പെട്ടു കഴിഞ്ഞു. മരങ്ങളൊക്കെ പക്ഷികൾക്ക് ഓർമ്മകൾ മാത്രമായി. ഓരോ പരിസ്ഥിതി ദിനവും വൃക്ഷ ത്തൈ നടലും സെമിനാറും ഒക്കെയായി ആഘോഷി ക്കപ്പെടുകയാണ്. വയലേലകളും തണ്ണീർത്തട ങ്ങളും വികസനത്തിന്റെ പേരിൽ നശിപ്പിക്കപ്പെടുന്നു. പ്രകൃതിയുടെ മേൽ നമ്മൾ നടത്തുന്ന ഈ കൈയേറ്റം നമ്മെ തന്നെ തിരിഞ്ഞു

കരിങ്കൽ ക്വാറികൾ മലകൾ തകർത്തെടുക്കുന്നു. രാഷ്ട്രീയവും മാഫിയകളും ചേർന്ന് നിർബാധം വനസമ്പത്ത് കൊള്ളയടിച്ചു കൊണ്ടേയിരിക്കുന്നു. ആവാസവ്യവസ്ഥക്ക് ഭംഗം വരുമ്പോൾ മനുഷ്യ രോളം ക്രൂരരല്ലാത്ത മൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നു. അപ്പോഴൊക്കെ മനസ്സിലുയരുന്ന ഒരു ചോദ്യമുണ്ട് , തകർക്കപ്പെടുന്ന ഈ മലനിരകൾക്ക് പകരം പുതിയൊരു മല കൊണ്ട് വന്ന് നടാൻ ഇവർക്ക് കഴിയുമോ..?

ഇന്നും സ്വപ്നം പോലെ കൊണ്ട് നടക്കുന്ന ചില ഓർമ്മകളുണ്ട്. അതിലൊന്നാണ് അതിവിശാല മായ പച്ചവിരിച്ച ഭൂമിയിലെ താഴ്വരകൾ. അതിൽ നിറയൗവ്വനം പോലെ നിറഞ്ഞൊഴുകുന്ന നദികൾ. തണ്ണീർക്കുടങ്ങളേന്തി പാഞ്ഞു പോകുന്ന മേഘങ്ങൾ ഇടയ്ക്കൊക്കെ നിശ്ചലമായി നിന്ന് ആ പുഴകളിൽ കണ്ണാടിയിലെന്ന പോലെ മുഖം നോക്കും. ഒരാകാശം മുഴുവനും പുഴയില ങ്ങിനെ വീണു കിടക്കും. ആ കാഴ്ച കളൊക്കെ ഇന്നത്തെ തലമുറയ്ക്ക് അന്യ മാണ്. കാരണം ഭൂമിയുടെ കൈരേഖ കളിൽ നിന്ന് പോലും ഇന്ന് പുഴകൾ അപ്രത്യക്ഷമായി രിക്കുന്നു. മാലിന്യ ക്കൂമ്പാരങ്ങൾ കൊണ്ടും വിഷം കലക്കിയും നാം അവയെ നിർദ്ദയം കൊന്നു കളഞ്ഞു. എന്നിട്ട് കുടിവെള്ള



കൊത്തുന്നുണ്ട്. പ്രകൃതിയില്ലാതെ മനുഷ്യന് നിലനിൽപ്പില്ല. അടുത്ത തലമുറയ്ക്ക് നമ്മൾ പറഞ്ഞു കൊടുക്കേണ്ടി വരും ഇവിടെ കാടുകൾ ഉണ്ടായിരുന്നുവെന്ന്, മലകളും പുഴകളും ഉണ്ടായിരുന്നുവെന്ന്. അതിനാൽ ഭൂമിക്കായി, ഇനിയുള്ള തലമുറകൾക്കായി ഓരോ മനുഷ്യ മനസ്സുകളിലും വിത്തുകൾക്കുള്ളിലെന്ന പോലെ അണകെട്ടാനാവാത്ത ഹരിതത്തിന്റെ സമുദ്രങ്ങൾ ഇരമ്പിയാർക്കട്ടെ. നമ്മുടെ ഓരോ ദിനവും പ്രകൃതിക്ക് വേണ്ടിയാകട്ടെ. ഒരില പറിക്കുമ്പോൾ, ഒരു മരം മുറിക്കുമ്പോൾ ഓർക്കുക ആ കോടാലി പതിയുന്നത് നമ്മിൽ തന്നെയാണ്. അതിനാൽ കാത്തു സൂക്ഷിക്കാം ഓരോ വൃക്ഷത്തെയും നാളത്തെ നിബിഡവനങ്ങളിലേക്ക് വേണ്ടി.

■



ഗീത

**സബ്ന എ.ബി.**
കോ-ഓർഡിനേറ്റർ,
സ്കൂൾസ് ഫോർ റിവർ

# വാഴച്ചാലിൽ കാടർക്കൊപ്പം

വാഴച്ചാലിന്റെ വന്യസൗന്ദര്യവും പുഴയുടെയും പുഴയോരക്കാടുകളുടെയും ഭംഗിയും എന്നും അങ്ങോട്ടേയ്ക്കാകർഷിച്ചിട്ടേയുള്ളൂ. അവിടുത്തെ ഡോർമിറ്ററിയിൽ താമസിച്ച് പുഴയുടെ ശബ്ദവും കേട്ട് കിടക്കാൻ ഏറെ ഇഷ്ടമാണ്. അവിടെത്തന്നെ താമസിക്കുന്ന കാടർ ഗോത്രവിഭാഗത്തിലുള്ളവർക്ക് എന്നും ഇത് ആസ്വദിക്കാനാകുമല്ലോ എന്നാലോചിക്കാറുമുണ്ട്. ചാലക്കുടിപ്പുഴ സംരക്ഷണ സമിതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനിടയിലാണ് കാടർ ഗോത്രവിഭാഗക്കാരെക്കുറിച്ച് കൂടുതൽ അറിയാനിടയായത്. പുഴയും കാടുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്ന പ്രാക്തനഗോത്രവിഭാഗമാണ് കാടർ. പുഴയിൽ നിന്നുള്ള മത്സ്യബന്ധനവും വനവിഭവങ്ങളുടെ ശേഖരണവുമാണ് ഇവരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങൾ. മിക്ക ഗോത്രവിഭാഗങ്ങളെയും പോലെ വളരെ നിശ്ശബ്ദരും ശാന്തരുമായ, കാടിനെയും പുഴയെയും അതിരറ്റ് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു പറ്റം മനുഷ്യർ.

കാടരുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കുമായി വാഴച്ചാൽ കോളനിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗീത എന്ന സുഹൃത്തിനെയാണ് ഞാൻ അവിടെ ആദ്യമായി പരിചയപ്പെടുന്നത്. ഇപ്പോൾ വാഴച്ചാൽ കോളനിയുടെ ഊരുമൂപ്പത്തി കൂടിയാണ് ഗീത. കാടർ ആദിവാസികളെ പ്രതിനിധീകരിച്ച് അതിരപ്പിള്ളി സമരത്തിന്റെ മുൻനിരയിൽ നിന്നുകൊണ്ട് അതിരപ്പിള്ളി അണക്കെട്ടിനെതിരെ ശബ്ദിക്കുകയും കോടതിയെ സമീപിക്കുകയും ചെയ്തിട്ടുണ്ട് ഗീത. പദ്ധതിയെ എല്ലാ അർത്ഥത്തിലും എതിർക്കാൻ തന്റെ ഗോത്രവിഭാഗത്തിന്റെ മുഴുവൻ പിന്തുണയും ഗീത നേടിയിട്ടുമുണ്ട്. പാരിസ്ഥിതികമായി മാത്രമല്ല, സാമൂഹികമായും അതിരപ്പിള്ളി അണക്കെട്ട് കാടരെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് ഇതിനു മുമ്പ് നടന്നിട്ടുള്ള പൊതുതെളിവെടുപ്പുകളിലെല്ലാം വ്യക്തമായി സംസാരിക്കാൻ ഗീതയ്ക്കായിട്ടുണ്ട്.

കാടരുടെ രക്തത്തിൽ അലിഞ്ഞുചേർന്നതാണ് അവർക്ക് കാടിനോടും പുഴയോടുമുള്ള സ്നേഹം. മറ്റെല്ലാവരെയും പോലെ എപ്പോഴെങ്കിലും വന്ന് കണ്ട് ആസ്വദിക്കാൻ വേണ്ടി മാത്രമല്ല അവർ കാടും പുഴയും സംരക്ഷിക്കണമെന്ന് പറയുന്നത്. 'ഉൾക്കാട്ടിലേയ്ക്ക് എന്തെങ്കിലും ശേഖരിക്കാൻ കയറുമ്പോഴും വനസംരക്ഷണസമിതിയുടെ ജോലികൾക്ക് പോകുമ്പോഴുമെല്ലാം പ്രത്യേകപൂജകൾ ചെയ്തിട്ടേ പ്രവേശിക്കാറുള്ളൂ. അങ്ങനെ ചെയ്യണമെന്ന് ഞങ്ങളുടെ പൂർവ്വികർ പുതുതലമുറയ്ക്ക് പറഞ്ഞുതന്നിട്ടുണ്ട്. അത്രയും ബഹുമാനത്തോടെയാണ് ഞങ്ങൾ കാടിനെയും പുഴയെയുമൊക്കെ സ്നേഹിക്കുന്നത്.' ഗീത പറയുന്നു. 'ഇതു മാത്രമല്ല, ഞങ്ങളുടെ കുട്ടിക്കാലം മുതലേ അച്ഛനും മറ്റും പറഞ്ഞ് ഞങ്ങൾ കേട്ടിരിക്കുന്നത് ഈ പുഴയുടെ മേൽത്തടത്തിലുള്ള പറമ്പിക്കുളം, പെരിങ്ങൽ ഡാമുകൾ പണിയുമ്പോൾ



താഴേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുള്ളതാണ് ഞങ്ങളെ എന്നാണ്. ഇനി മറ്റൊരു ഡാമിനു കൂടി വേണ്ടി ഞങ്ങളെ മാറ്റിപ്പാർപ്പിക്കാൻ ഞങ്ങളനുവദിക്കില്ല'.

2006-ലെ വനാവകാശനിയമപ്രകാരം 2012-ഓടു കൂടി ഊരിലെ 75-ൽപ്പരം കുടുംബങ്ങൾക്ക് വ്യക്തിഗത വനാവകാശം ലഭിക്കുകയും തുടർന്ന് 2014-ൽ ഊരിന് സാമൂഹികവനാവകാശം ലഭിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. വനാവകാശം ലഭിച്ചതിനു ശേഷം ഉടൻ തന്നെ ഊരുകൂട്ടം കൂടി അതിരപ്പിള്ളി അണക്കെട്ടിനെതിരെ കോളനിവാസികളെല്ലാവരും ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. 2015-ൽ അതിരപ്പിള്ളി അണക്കെട്ടുമായി മുന്നോട്ടുപോകുമെന്ന ഗവൺമെന്റിന്റെ പ്രസ്താവനയെ തുടർന്ന് ഹൈക്കോടതിയിൽ വനാവകാശനിയമത്തെ മുൻനിർത്തി തങ്ങളുടെ അനുവാദമില്ലാതെ യാതൊരു നിർമ്മാണപ്രവൃത്തിയും നടത്താൻ പാടില്ല എന്നും ഊരുകൂട്ടത്തിന്റെ എതിർപ്പ് മറികടന്ന് ഗവൺമെന്റിന് അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടുപോകാനാകില്ലെന്നും ചൂണ്ടിക്കാണിച്ച് ഒരു കേസ് കൂടി കേരളാ ഹൈക്കോടതിയിൽ ഗീത നൽകിയിട്ടുണ്ട്. ഇതിന്റെ വാദം ഇപ്പോഴും നടന്നിട്ടില്ല. പദ്ധതിക്ക് വേണ്ടി തയ്യാറാക്കപ്പെട്ട മുൻകാലറിപ്പോർട്ടുകളിൽ അവിടെ ഇങ്ങനെ ഒരു കോളനി പോലും നിലവിലില്ല എന്ന് പറഞ്ഞ് സർക്കാരുകൾ ഇവരെ സൗകര്യപൂർവ്വം ഒഴിവാക്കാൻ ശ്രമിച്ചിട്ടുണ്ട്. ആ അവസ്ഥയിൽ നിന്നും 'ഇന്ത അടാവീൽ ഡാം വേണ്ട' എന്ന് പറഞ്ഞുകൊണ്ട് അതിരപ്പിള്ളി സമരത്തിന് നിർണ്ണായകമായ വഴിത്തിരിവൊരുക്കാൻ കൂടി വനാവകാശനിയമം കാടരെ സഹായിച്ചു.

അണക്കെട്ടിനെതിരെ മാത്രമല്ല, കാടിനെ നശിപ്പിക്കുന്ന ഏതൊരു പദ്ധതിക്കുമെതിരെ തന്റെ കൂട്ടരുടെ പിന്തുണയോടെ അണിചേരാനുള്ള ആർജ്ജവം ഇത്രയും കാലത്തെ പോരാട്ടങ്ങൾക്കിടെ ഗീത നേടിയെടുത്തിട്ടുണ്ട്. വിനോദസഞ്ചാരം എങ്ങനെ തങ്ങളുടെ സ്വൈര്യവിഹാരത്തെ ബാധിക്കുന്നുവെന്നും ഏതു തരത്തിലുള്ള ഇടപെടലുകളാണ് പുഴയെയും പരിസ്ഥിതിയെയും ബാധിക്കുന്നതെന്നുമെല്ലാം ഗീതയ്ക്ക് വ്യക്തമായ ധാരണയുണ്ട്. കോളനിയിൽ മദ്യപാനം നിയന്ത്രിക്കുന്നതിലും എന്നും ശക്തമായ നിലപാടുകളെടുത്തിട്ടുള്ളയാളാണ് ഗീത. വളരെ ഊർജ്ജസ്വലമായി തന്റെ ഗോത്രത്തിലെ ആളുകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ യുവപ്രവർത്തകയ്ക്ക് പി. വി. തമ്പി മെമ്മോറിയൽ അവാർഡ് അടക്കം നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വാഴച്ചാൽ വനം ഡിവിഷനിലെ പുളിയിലപ്പാറ അംഗൻവാടിയിലെ വർക്കറായി ജോലി ചെയ്യുകയാണ് ഗീത ഇപ്പോൾ. അമ്മയ്ക്കും ചേച്ചിയുടെ കുടുംബത്തിനുമൊപ്പം പുഴയോടു ചേർന്നുള്ള വീട്ടിൽ പുഴയൊഴുകുന്ന, വേഴാമ്പൽ കുതിച്ചുപറക്കുന്ന ശബ്ദങ്ങൾ ആസ്വദിച്ച് ജീവിക്കുകയാണ് ഗീത. 'ഒരാഴ്ചയായി ഇവിടെ കറണ്ടില്ലാതായിട്ട്, നല്ല സമാധാനമുണ്ട് അതുകൊണ്ട്'. കനത്ത മഴക്കിടെ ഫോൺ ചെയ്തപ്പോൾ ഗീത പറഞ്ഞ വാക്കുകൾ. ഒരു അതിരപ്പിള്ളിയ്ക്കും ഇവരെ മോഹിപ്പിക്കാനാകില്ലെന്ന് തോന്നിപ്പിച്ച വാക്കുകൾ. അല്ലെങ്കിലും ആർക്ക് വേണ്ടിയാണീ അധികവൈദ്യുതി എന്ന് നമുക്കറിയാമല്ലോ അല്ലേ?



ആര്യാഗോപി
കവി

# കണ്മഴ

വിത്തിലുറങ്ങിയ
വൃക്ഷങ്ങളൊക്കെയും
നിത്യവസന്തനിലാവിനെ പുൽകവേ
തൊട്ടും തലോടിയുമിപ്രകൃതിവനം
സൃഷ്ടിച്ച പേരിന്റെ പൈതൃകം കാണുക
ഒറ്റനാമ്പിൽനിന്നു
മുപ്പത്തിമുക്കോടി ശില്പം മെനഞ്ഞ
മഹാത്ഭുതാരണ്യമേ
പച്ചിലകൊണ്ടുമെനഞ്ഞു താ, നീയെനി-
ക്കിത്തിരി നേരമിരിക്കാൻ തപോവനം
ഒറ്റവാക്കിൽ വന്നു
സങ്കല്പസാഗരം
മുട്ടിവിളിച്ച പുനർജ്ജനിപ്പൂഴിയിൽ
മുട്ടുകുത്താതെ മടങ്ങില്ല, പച്ചില-
ത്തത്തകൾ കൊത്തിക്കൊറിച്ച കാവ്യാക്ഷരം
നൊന്തുതാരാട്ടിയ മണ്ണിന്റെ നെഞ്ചക-
സ്പന്ദനം പോലെ പിടയ്ക്കുന്ന
തൈകളേ...
സ്വന്തമെന്നോർത്തു വളർത്തുമീ
കൈകളേ,
കണ്ടുതൊഴാൻ വന്ന
കണ്മഴയാണു ഞാൻ!



**ഷീബ ദിവാകരൻ**
അദ്ധ്യാപിക, എഴുത്തുകാരി



# പ്രകൃതിയുടെ പുനർജ്ജനി

പെൺപീഡനം കൂടിവരുന്നതുപോലെ തന്നെ ഭൂമിയിൽ പ്രകൃതിപീഡനവും അനുദിനം കൂടിവരികയാണ്. ഈ രണ്ടും ചൂഷണം ചെയ്യാൻ പറ്റുന്ന വിഭവങ്ങളായാണ് പുരുഷാധിപത്യപരവും മുതലാളിത്താനുകൂലവുമായ പൊതുബോധം കരുതിപ്പോരുന്നത്. സ്ത്രീയ്ക്കു പുറമേ, കുട്ടികളും പാവങ്ങളും കറുത്തവരുമെല്ലാം ഈ സവർണ പുരുഷബോധത്തിന്റെ ഇരകളാണ്. മണ്ണും ജലവും കാടും പ്രകൃതിവിഭവങ്ങളും ഇതേമട്ടിൽ ഇരയുടെ സ്ഥാനത്തുനിൽക്കുന്നുവെന്നത് യാദൃച്ഛികമല്ല. മണ്ണും പെണ്ണും മെരുക്കാനുള്ളതാണെന്ന കാഴ്ചപ്പാടാണ് പ്രകൃതി/സംസ്കാരം എന്ന ദ്വന്ദ്വസങ്കല്പത്തിനു പിറകിലുള്ളതെന്ന് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആദ്യനാളുകളിൽത്തന്നെ തിരിച്ചറിയപ്പെട്ടിരുന്നു. കോളനീകരണം, അധിനിവേശം, ചൂഷണം തുടങ്ങിയ അക്രമങ്ങൾ ന്യായീകരിക്കപ്പെട്ടത് സംസ്കാരത്തിന്റെ ചെലവിലായിരുന്നു. പ്രകൃതി നിയമമായും തികഞ്ഞ സ്വാഭാവികതയായും ഇവ



നീതിവത്കരിക്കപ്പെട്ടു. പ്രകൃതി-പുരുഷൻ എന്ന സങ്കല്പത്തിന്റെ അർത്ഥമണ്ഡലങ്ങളിൽ സവർണ പുരുഷബോധ്യമാണെന്നു കാണാൻ വിഷമമില്ല.


പ്രകൃതിയിലേക്കിറങ്ങി ആഹാരവും വിറകും ശേഖരിക്കലും പാകംചെയ്തുവിളമ്പലും ഒരു തൊഴിലായി ചാർത്തിക്കിട്ടിയതിനാലാവണം പ്രകൃതിയെ അടുത്തറിയാൻ പെണ്ണിന് അവസരം കിട്ടിയത്. കാട്ടിലും വയലിലും കുന്നിൻപ്രദേശത്തുമൊക്കെ കൂടുതൽനേരം ചെലവഴിക്കാൻ ഇതുനിമിത്തമായതോടെ പ്രകൃതിയോട് പരിചരണമനോഭാവം പെണ്ണിന് കൈവന്നു. സമാനപ്രശ്നങ്ങളിൽ ഉഴലുന്ന പെണ്ണും പ്രകൃതിയും അങ്ങനെകൂടുതൽ ഐക്യപ്പെട്ടു. പക്ഷേ അവൾ ഒരിക്കലും അതിന്റെ അവകാശിയായില്ല. പ്രകൃതിയുടെയും പെണ്ണിന്റെയും അവകാശികൾക്ക് എന്നും ഒരേ മുഖമായിരുന്നു. അവർ രണ്ടും വിലയില്ലാത്തതായികാണുകയും വീണ്ടുവിചാരമില്ലാതെ തോന്നിയമട്ടിൽ ചൂഷണം ചെയ്യുകയും ചെയ്തത് ഇക്കോ ഫെമിനിസമെന്ന ചിന്താധാരയുടെ വളർച്ചക്ക് ആക്കംകൂട്ടി. തങ്ങളുടെ നിലനിൽപ്പിന്നാധാരമായ പ്രകൃതി നശിച്ചാലുണ്ടാ

കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ചിന്തിക്കാനും പ്രകൃതിക്കുണ്ടായ നഷ്ടം നികത്താനും അവർ പരിശ്രമിച്ചു. ആ ശബ്ദം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഒരേതാളത്തിൽ പ്രതിധ്വനിച്ചു.

സാമ്പത്തികശാസ്ത്രത്തിലെ പ്രസിദ്ധമായ മാൽത്തൂസിയൻ സിദ്ധാന്തത്തെ അസ്ഥിരപ്പെടുത്തിക്കൊണ്ട് സ്ത്രീപക്ഷവികസനസമീപനം മുന്നോട്ടുവച്ച ഫ്രഞ്ച് സാമ്പത്തികശാസ്ത്രജ്ഞയായിരുന്ന എസ്തർ ബോസിറപ്പിന്റെ വിമൻസ് റോൾ ഇൻ ഇക്കണോമിക് ഡവലപ്മെന്റ് എന്ന പുസ്തകം 1960-കളുടെ ആദ്യപകുതിയിലാണ് പുറത്തുവരുന്നത്. മുതലാളിത്തലോകത്തിന്റെ വികസനക്കുതിപ്പ് ഒരു വശത്ത്, വിവേചനരഹിതമായ വികസനപ്പാച്ചിലിൽ പ്രകൃതിക്കേറ്റ ദുരന്തങ്ങൾ മറുവശത്ത്- ഈ വിഷമവൃത്തത്തിലാണ്, പ്രകൃതിയെ മുറിവേൽപ്പിക്കാത്ത വികസനം സാധ്യമാണോ എന്ന ആലോചനവരുന്നത്. വികസനത്തിന്റെ പുരുഷപക്ഷമായി മുറിവേൽപ്പിക്കുന്ന വികസന സങ്കല്പം വിവരിക്കപ്പെട്ടു. വികസനത്തിൽ സ്ത്രീ (വിമൻ ഇൻ ഡവലപ്മെന്റ്-WID) എന്ന സമീപനം പതുക്കെ സ്ത്രീ പരിസ്ഥിതി വികസനം (WED) എന്ന സമീപനത്തിന് വഴിമാറി. സത്താവാദപരമായ നിലപാടുകളുടെ പേരിൽ ആക്ഷേപിക്കപ്പെട്ടുവെങ്കിലും പാരിസ്ഥിതികസ്ത്രീവാദ സമീപനം അവഗണിക്കാനാവാത്തവിധം പ്രതിഷ്ഠ നേടുകതന്നെ ചെയ്തു.

അമേരിക്കൻ സമുദ്രശാസ്ത്രജ്ഞയും എഴുത്തുകാരിയുമായ റേച്ചൽ കഴ്സന്റെ (Rachel Carson 1907-1964) നിശ്ശബ്ദവസന്തം (Silent spring-1962) എന്ന ഗ്രന്ഥം ഏതാണ്ട് ഇതേ കാലത്ത് പരിസ്ഥിതിചിന്തകൾക്ക് വലിയ ഊർജ്ജമായി. പരിസ്ഥിതിയ്ക്കുവേണ്ടി ഉയർന്ന സ്ത്രീശബ്ദങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഇത്. അവരവരുടെ പരിസരത്തെക്കുറിച്ച് മനുഷ്യൻ വ്യാകുലരായിത്തുടങ്ങിയത് അക്കാലംമുതലാണ് എന്നു പറയാം. കടലിന്റെ പാരിസ്ഥിതിക പ്രാധാന്യം മുൻനിർത്തി മൂന്നു പുസ്തകങ്ങൾകൂടി അവരുടേതായുണ്ട്. സ്ത്രീകളുടെ പരിസ്ഥിതിപ്രസ്ഥാനത്തിനുതന്നെ ചാലകശക്തിയാവാൻ റേച്ചൽ കഴ്സന് കഴിഞ്ഞു. ഡി ഡി റ്റി പോലുള്ള മാരക കീടനാശിനികളുടെ വിവേചനരഹിതമായ ഉപയോഗം, താൽകാലികമായ വിളവർധനവു മുൻനിർത്തി ന്യായീകരിക്കപ്പെടുകയും അത് പൊതുബോധമായും ശാസ്ത്രീയമായ അന്ധവിശ്വാസമായും ഉറച്ചുപോവുകയും ചെയ്ത സന്ദർഭത്തിലാണ് പക്ഷികൾ പാടാത്ത നിശ്ശബ്ദവസന്തത്തെ പിൻതുടർന്ന് മനുഷ്യൻ പ്രകൃതിയിലേൽപ്പിച്ച കടുത്ത ആഘാതത്തെപ്പറ്റി അവർ സംസാരിക്കുന്നത്. തുടർന്ന് വൻകിട രാസവളകീടനാശിനിലോബികൾ റേച്ചലിനെതിരെ രംഗത്തെത്തിയെങ്കിലും ലോകമെമ്പാടും പരിസ്ഥിതികൂട്ടായ്മകളുണ്ടാവാൻ ഈ ഗ്രന്ഥം കാരണമായി എന്നത് ആ ഗ്രന്ഥത്തിനുലഭിച്ച വലിയ അംഗീകാരമായിരുന്നു. റേച്ചലിന്റെ നിരീക്ഷണങ്ങൾ ശരിയായിരുന്നു എന്ന് അമേരിക്കൻ സർക്കാർ പിന്നീട് സമ്മതിക്കുകയുണ്ടായി.

കെനിയയുടെ തലസ്ഥാനമായ നയ്റോബിയിൽനിന്നാരംഭിച്ച് ലോകത്തിനുതന്നെ മാതൃകയായ



ഗ്രീൻബെൽറ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരിയായിരുന്ന വാൻഗാരി മാതായ് (Wangari Muta Maathai) പരിസ്ഥിതിയ്ക്കുവേണ്ടി മുന്നിട്ടിറങ്ങിയ സ്ത്രീകളിൽ പ്രധാനിയാണ്. 1977 ൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളുടെയും പേരിൽ 2004 ൽ അവർ സമാധാനനോബെൽ സമ്മാനം നേടി. അന്നാദ്യമായാണ് ഒരു ആഫ്രിക്കൻ വനിത ഈ പുരസ്കാരം നേടുന്നത്. മണ്ണും പെണ്ണും എന്ന ചൂഷിതവലയത്തിന്റെ നേർസാക്ഷ്യമായിരുന്നു ആഫ്രിക്കൻ നാടുകൾ. കറുപ്പിന്റെ പേരിലും വേട്ടയാടപ്പെടുന്നതിന്റെ ഇരട്ടച്ചൂഷണചരിത്രം അവർക്കുണ്ട്. 1970കളിൽ കെനിയൻ റെഡ്ക്രോസിന്റെ മേധാവിയായിരുന്നു, വാൻഗാരി. പരിസ്ഥിതിസംരക്ഷണചുമതലയുള്ള മന്ത്രിപദവിയിൽവരെ അവരെത്തി. 2001 ൽ കെനിയൻ സർക്കാറിന്റെ ഭൂമികൈയേറ്റനീക്കങ്ങൾക്കെതിരെ ഗ്രീൻബെൽറ്റ് പ്രസ്ഥാനം ശക്തമായ പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചു. പലവിധ അധിനിവേശങ്ങൾ പരിസ്ഥിതിക്കേൽപ്പിച്ച മുറിവുകളെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുകൊണ്ട് ഉണക്കാൻ അവർ പരിശ്രമിച്ചു. അമ്പതോളം രാജ്യങ്ങളിലായി നൂറ്റമ്പത് കോടി മരങ്ങൾ വച്ചുപിടിപ്പിക്കുകയെന്ന വലിയ ദൗത്യത്തിന് അവർ നേതൃത്വം വഹിച്ചു. സുസ്ഥിരവികസനം, പ്രകൃ

തിപുനരുജ്ജീവനം തുടങ്ങിയ വാക്കുകൾക്ക് പുതിയ പ്രയോഗസാധ്യതകൾ കണ്ടെത്തുകയായിരുന്നു അവർ.

മരിയ ഷെർക്കസോവ എന്ന റഷ്യൻ പത്രപ്രവർത്തക അറിയപ്പെടുന്നത് കതുൻപുഴയിൽ ജലവൈദ്യുതപദ്ധതിക്കായി അണകെട്ടുന്നതിനേതിരെ



അവർ നടത്തിയ അവബോധപ്രവർത്തനങ്ങളുടെ പേരിലാണ്. പ്രകൃതിയെ മറന്നുകൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ ജനങ്ങൾക്കെതിരാണ് എന്ന സന്ദേശം അവർ പ്രചരിപ്പിച്ചു. വിദ്യാർത്ഥികളെ അണിനിരത്തിയാണ് 1960-കളിൽ അവർ റഷ്യയിൽ വലിയ സമരപരിപാടികൾ നടത്തിയത്. പാരിസ്ഥിതിക അവബോധപരിപാടികൾ തുടർച്ചയായി നടത്തിയിരുന്ന മെയ് നഗ് എന്ന ഹോങ്കോങ്ങുകാരി ഫ്രണ്ട്സ് ഓഫ് ദ എർത്ത് എന്ന സംഘടനയുടെ ഡയറക്ടറായിരുന്നു. മാലിന്യവിമുക്ത ഇന്ധനത്തിനുവേണ്ടി പരിശ്രമിച്ച എയ്ഞ്ജെലാ മെർക്കേൽ എന്ന ജർമൻവനിത, നിയമാനുസൃതമല്ലാതെ മരങ്ങൾ മുറിച്ച് കച്ചവടക്കണ്ണോടെ ലാഭമുണ്ടാക്കുന്ന കമ്പനികൾക്കെതിരെ അക്ഷീണം പ്രതികരിച്ച മരീനസിൽവ എന്ന ബ്രസീലിയൻവനിത- പലയിടങ്ങളിലായി വേറിട്ടുകേട്ട സ്വരങ്ങളെല്ലാം പരിസ്ഥിതിയുടെ പുനർജ്ജനി എന്ന കേന്ദ്രാശയത്തിൽ പരസ്പരം ഐക്യപ്പെട്ടു.

സ്ത്രീകളുടെ പാരിസ്ഥിതികവും മനുഷ്യസ്നേഹപരവുമായ പ്രസ്ഥാനങ്ങൾ ലോകമെങ്ങും ഉയർന്നുവന്നത് നിശ്ശബ്ദവസന്തത്തിന്റെയും ഗ്രീൻബെൽട്ടിന്റെയും മറ്റും തുടർച്ചയെന്ന നിലയിൽക്കാണാം. 1980-ൽ വാഷിങ്ടണിൽ രണ്ടായിരത്തിലധികം സ്ത്രീകൾ യുദ്ധവിരുദ്ധ മുദ്രാവാക്യവുമായി പ്രക്ഷോഭത്തിനിറങ്ങിയത് ഒരുദാഹരണം. 1981-ൽ ബ്രിട്ടണിലെ ഗ്രീൻഹാം കോമൺ മിസൈൽ ബേസിൽ ആയിരക്കണക്കിന് സ്ത്രീകൾ ആണവവിരുദ്ധസമരത്തിനിറങ്ങിയത് മറ്റൊരുദാഹരണം. ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽനിന്നുണ്ടായ വാതകച്ചോർച്ചയിൽ ആയിരങ്ങൾ മരിച്ചപ്പോഴും, റഷ്യയിൽ ചെർണോബിൽ ആണവദുരന്തമുണ്ടായപ്പോഴും പരിസ്ഥിതിയ്ക്കുമേൽ നടത്തുന്ന കടന്നുകയറ്റങ്ങളെച്ചെറുക്കാൻ സ്ത്രീ കൂട്ടായ്മകൾ മുന്നിട്ടിറങ്ങി. നോബൽ സമ്മാനജേത്രി സ്വെറ്റ്ലാനാ അലക്സിയേവിച്ചിന്റെ വോയ്സസ് ഓഫ് ചെർണോബിൽ: ആൻ ഓറൽ ഹിസ്റ്ററി ഓഫ് എ ന്യൂക്ലിയാർ ഡിസാസ്റ്റർ (1997) എന്ന പുസ്തകം ഒരു ബദൽ സ്ത്രീവികസനനയം തന്നെയാണ് മുന്നോട്ടുവച്ചത്.

പാരിസ്ഥിതികസ്ത്രീവാദ കാഴ്ചപ്പാടുകൾക്ക്, അതിന്റെ രാഷ്ട്രീയേതരമായ പരിമിതാർത്ഥത്തിൽ കാളിദാസകൃതികളോളം പഴക്കം കല്പിക്കുന്നവരുണ്ട്. സ്ത്രീയെ അവളുടെ സ്വാഭാവികപരിസ്ഥിതിയിലവതരിപ്പിച്ച കൃതികളുടെ പുതുവായനയെന്ന പ്രസക്തി അത്തരം വീക്ഷണങ്ങൾക്കുണ്ട്. പുതിയ കാലത്ത് ലളിതാംബികാ അന്തർജനത്തിന്റെ കഥകൾ, കമലാ മാർക്കാണ്ഡേയയുടെ നെക്തർ ഇൻ എ സീവ് (1954) പോലുള്ള നോവലുകൾ, മഹാശ്വേതാദേവിയുടെ കൃതികൾ, സുഗതകുമാരിയുടെ കവിതകൾ എന്നിങ്ങനെ സ്ത്രീയെ പരിസ്ഥിതിയുമായി ചേർത്തുനിർത്തി അവതരിപ്പിക്കുന്ന രചനകളെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചാലകശക്തികളായി കണക്കാക്കുന്നതിൽ തെറ്റില്ല.

വനപാലകനായ അച്ഛനിൽനിന്നും കർഷകയായ അമ്മയിൽനിന്നും പ്രകൃതിസംരക്ഷണത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ച വന്ദനശിവ, മൂന്നാംലോകരാജ്യങ്ങളിലെ സ്ത്രീ-പരിസ്ഥിതി പ്രസ്ഥാനങ്ങളെ ഏകോപിപ്പിക്കുന്നതിൽക്കൂടി പങ്കുവഹിക്കുന്ന ഇന്ത്യൻ പരിസ്ഥിതിപ്രവർത്തകയാണ്. 1982-ൽ ഡെറാഡൂണിൽ റിസർച്ച് ഫൗണ്ടേഷൻ ഫോർ സയൻസ്, ടെക്നോളജി ആന്റ് ഇക്കോളജി എന്ന സ്വതന്ത്രസ്ഥാപനം ആരംഭിച്ചു. ആഗോളവൽക്കരണത്തിനെതിരെ അവർ നിരന്തരം എഴുതി. കൃഷിയിൽ ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതിൽ പലതരത്തിൽ പരിശ്രമിച്ചു. ഹൈബ്രിഡ് വിത്തിനങ്ങൾക്കുപകരം നാടൻവിത്തിനങ്ങൾ പരീക്ഷിച്ച് വിജയിച്ചു. ചിപ്കോ ആന്തോളൻ എന്നറിയപ്പെട്ടിരുന്ന പ്രകൃതിസംരക്ഷണയജ്ഞത്തിന് തുടക്കം കുറിച്ചു. സ്ത്രീകളെ ഒരുമിപ്പിച്ചുകൊണ്ട് നവധാന്യ എന്നപേരിൽ അവർ തുടങ്ങിയ ലോകശ്രദ്ധയാകർഷിച്ച സംരംഭം ധാരാളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും ഓർഗാനിക് ഫുഡ്മാർക്കറ്റ് എന്ന സങ്കൽപം യാഥാർത്ഥ്യമാകുന്നതിനും കാരണമായി. 'കർഷകരിൽ ഭൂരിപക്ഷവും സ്ത്രീക

ളാണ്' എന്ന തലക്കെട്ടിൽ ഒരു പുസ്തകമെഴുതിയി ട്ടുണ്ട് വന്ദനശിവ.

ഹിമാലയപ്രദേശങ്ങളിൽനിന്ന് വ്യാവസായികാ വശ്യങ്ങൾക്കായി വൻതോതിൽ മരം മുറിച്ചുകൊണ്ടു പോവുന്നതിനെതിരെ 1971- ൽ ആരംഭിച്ച പ്രസിദ്ധ മായ ചിപ്കോ പ്രസ്ഥാനം, പിന്നീട്, മരങ്ങളെ കെട്ടി പ്പുണർന്ന് സംരക്ഷിക്കാൻ മുന്നോട്ടുവന്ന സ്ത്രീക ളുടെ മഹാസമരത്തിന്റെ പേരിലാണ് അറിയപ്പെട്ടത്. ഉത്തരകർണ്ണാടകത്തിലെ സാൽക്കനിപ്രദേശത്ത് 1983-ൽ പശ്ചിമഘട്ടത്തിലെ മരംമുറിക്കലിനെതിരെ ചിപ്കോ രീതിയിൽ ജനങ്ങൾ ഒന്നിച്ചിരുന്നു. യുവ ജനങ്ങളോടൊപ്പം അനേകം സ്ത്രീകളും ആവേശ ത്തോടെ പങ്കെടുത്ത ഈ സമരം അപ്പികോ മൂവ്മെന്റ് എന്നറിയപ്പെടുന്നു. 38 ദിവസത്തോളം കാട്ടിൽ നടത്തിയസമരം വനനശീകരണം നിർത്താ മെന്ന ഉറപ്പ് അധികാരികളിൽനിന്നുകിട്ടുന്നതുവരെ നീണ്ടു. പിൽക്കാലത്ത് 'നർമ്മദാ ബചാവോ ആന്ദോ ളനി'ലൂടെ ഈ മാതൃക നിലനിന്നു. ജലസമാധിക്കു തയ്യാറെടുത്ത് തെരുവിലിറങ്ങിയ സ്ത്രീകൾ മേധാ പട്കർ എന്ന സമരനായികയുടെ കൂടെ ഉറച്ചു നിന്നു. സർദാർ സരോവർ പദ്ധതിക്കെതിരെയും അവർ സധൈര്യം പൊരുതി. ഗവേഷണപഠനത്തി നായി തയ്യാറെടുക്കുന്ന സമയത്താണ്, സർദാർ സരോവർ അണക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങളും പ്രതിഷേധവും മേധയുടെ ശ്രദ്ധയിൽപ്പെട്ടത്. നൂറുകണക്കിനുജനങ്ങൾ സ്വന്തം നാടുപേക്ഷിച്ചു പോകേണ്ടിവരുമെന്ന ഭീതിയിൽ കഴിയുമ്പോഴാണ് മേധ അവരോടു ചേർന്നുനിന്നത്. ജനങ്ങളെ കുടി യിറക്കുന്നതിനും ലോകബാങ്ക് സഹായത്തിനുമെ തിരെ അവർ പോരാട്ടമാരംഭിച്ചു. ഗുജറാത്തിലും മഹാരാഷ്ട്രയിലും മദ്ധ്യപ്രദേശിലുമെല്ലാം ഉപേക്ഷി ക്കപ്പെട്ടജനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ മേധയ്ക്കുകഴിഞ്ഞു. ഭരണകൂടം സമ രത്തെ അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും മേധ തളർന്നില്ല. സമരത്തിന്റെ അലയടി കൾ നർമ്മദാതാഴ്വരയിൽനിന്ന് ഇന്ത്യ യാകെ മുഴങ്ങി. ആയിരക്കണക്കിന് ആദി വാസികളെ ഒഴിപ്പിച്ചുകൊണ്ടും വയൽനി കത്തിയും കുതിക്കുന്ന വികസനചിന്ത പ്രകൃതിക്ക് കൂടുതൽ അംഗഭംഗം വരുത്തും എന്ന് തിരിച്ചറിഞ്ഞ അവർ പ്രകൃതിക്കുവേണ്ടി പറഞ്ഞും എഴുതിയും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയുടെ പരിസ്ഥിതിപോരാട്ട ങ്ങളുടെ ചരിത്രത്തിൽ തിളങ്ങിനിന്ന ചിപ്കോ ആന്തോളൻ മുന്നേറ്റത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തിക്കുകയും എന്നാൽ അർഹമായ ശ്രദ്ധ കിട്ടാതിരി ക്കുകയും ചെയ്ത വനിതയാണ് കാതറിൻമേരി ഹെയ്ൽമാൻ എന്ന സരളാ ബെൻ. ലണ്ടനിൽ ജനിച്ച കാതറിൻ പിന്നീട് ഇന്ത്യയിലെത്തുകയും ഗാന്ധിജി യുടെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ഹിമാ ലയപരിസരത്തെ വനനശീകരണത്തിനെതിരായി ജനകീയപ്രതികരണം ഉണർത്തുന്നതിൽ മീരാബെ ന്നിനോടൊപ്പം പ്രവർത്തിച്ചു. അവരുടെ റിവൈവ് ഔവർ ഡൈയിംഗ് പ്ലാനറ്റ്, എ ബ്ലൂപ്രിന്റ് ഫോർ ദ് സർവൈവൽ ഓഫ് ഹിൽസ് എന്നീ പുസ്തകങ്ങൾ പരിസ്ഥിതിപഠനശാഖയ്ക്ക് മുതൽക്കൂട്ടാണ്. ഹിമാല യത്തിന്റെ മകൾ എന്ന് അവരെ ജനങ്ങൾ സ്നേഹ ത്തോടെ വിളിച്ചു.


ഡയൻഫോസി

പരിസ്ഥിതിനശീകരണത്തിനെതിരെ ശക്തമായി പ്രതികരിച്ച നിരക്ഷരയായ ദലിത് സ്ത്രീയായിരുന്നു, കിങ്ക്രിദേവി. 1925 ൽ ഹിമാചൽപ്രദേശിൽ ജനിച്ച അവർ വൻതോതിലുള്ള പാറപൊട്ടിക്കലിനും ഖനനത്തിനുമെതിരെ രംഗത്തുവന്നു. ഖനി ഉടമ കൾക്കെതിരെ അവർ ഷിംല ഹൈക്കോടതിയെ സമീപിച്ചു. ഫലമില്ലാതായപ്പോൾ കോടതിക്കു പുറത്ത് ദിവസങ്ങളോളം നിരാഹാരം കിടന്നു. അനുകൂലമായ ഉത്തരവുണ്ടാകും വരെ സമരം നീണ്ടു.


ജൂലിയാഹിൽ

1932ൽ സാൻഫ്രാൻസിസ്കോയിൽ ജനിച്ച ഡയൻഫോസി ഗറില്ലകളുടെ കൂട്ടുകാരി എന്നാണ റിയപ്പെട്ടത്. വംശഭീഷണിനേരിടുന്ന ഗറില്ലകളുടെ സംരക്ഷണത്തിനായി അവർ തന്റെ ജീവിതം മാറ്റി വച്ചു. റുവാണ്ടയിലെ രണ്ടു കൊടുമുടികൾ ക്കിടയിൽ ഗവേഷണ കേന്ദ്രം സ്ഥാപിച്ച് രണ്ടു പതിറ്റാണ്ടു കാലം അവിടെ ചെലവിട്ടായിരുന്നു, അവർ പഠനം നടത്തിയത്. ഗറില്ലകളുടെ ഭാഷയിൽ അവയുമായി സംസാരിക്കാറുണ്ടായിരുന്നത്രേ അവർ. ടൂറിസം വികസനത്തിനായി എന്നപേരിൽ വനം നശിപ്പിക്കുന്നതിനെതിരെ അവർ പ്രതികരിച്ചു. 1985 ഡിസംബറിൽ അവർ അതിക്രൂരമായി കൊല്ല പ്പെട്ടു.

മരംവെട്ടുന്നതിൽനിന്ന് അധികൃതരെ പിൻതിരിപ്പി ക്കാൻവേണ്ടി 1500 വർഷം പഴക്കവും 55 മീറ്റർ ഉയര വുമുള്ള വലിയ മരത്തിന്റെ മുകളിൽ ഏറുമാടംകെട്ടി രണ്ടുവർഷം താഴെ ഇറ ങ്ങാതെ പ്രതികരിച്ച് ജീവിച്ച് ലോകപ്രശസ്തയായ പെൺകുട്ടിയാണ്, ജൂലിയാ ഹിൽ. ചെറുപ്പത്തിൽ ഒരു യാത്രാവേളയിൽ അവളുടെ കൈയിൽവന്നിരുന്ന ഒരു ചിത്രശലഭം യാത്ര തീരും വരെ പോകാതെ അവളോ ടൊപ്പം ഇരുന്നുവത്രേ. പിന്നീട് ഈ ചിത്രശലഭ ത്തിന്റെ ഓർമ്മക്കായി തന്റെ പേരിനോടൊപ്പം ബട്ടർഫ്ളൈ എന്ന്ചേർത്ത് ജൂലിയാ ബട്ടർഫ്ളൈഹിൽ എന്നാണവർ അറിയപ്പെട്ടത്. കാലിഫോർണിയയിലെ ഹംബോൾട്ട്കൗണ്ടിയിൽ റെഡ്വുഡ്മരങ്ങൾ മുറിക്കാനായി ഒരു കമ്പനി കരാറെടുത്തപ്പോൾ അതിനെതിരെ പ്രതിഷേധിച്ചു കൊണ്ടാണ്, ജൂലിയ മരത്തിൽ താമസം തുടങ്ങിയ ത്. ജൂലിയയുടെ അസാമാന്യധൈര്യം പരിസ്ഥിതി പ്രവർത്തകർക്ക് ആവേശമായി. സർക്കിൾ ഓഫ് ലൈഫ് എന്ന പരിസ്ഥിതിസംഘടനക്ക് അവർ തുട ക്കമിട്ടു. അവരുടെ ദ ലെഗസി ഓഫ് ലൂണ എന്ന പുസ്തകം ലോകപ്രശസ്തമായി.

ആസ്സാമിലെ പൂർണിമാ ബർമൻ പാർശ്വവത്കരി ക്കപ്പട്ട സ്ത്രീകൾക്കൊപ്പം പ്രവർത്തിക്കുകയും 'ഹീർഗില' എന്നപേരിൽ സ്ത്രീകൾ മാത്രമടങ്ങിയ സേനയുണ്ടാക്കുകയുംചെയ്ത ധീരവനിതയാണ്. വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന കൊറ്റികൾക്ക് സംരക്ഷണം നൽകുകയും ചുരുങ്ങിയകാലയളവു കൊണ്ട് അവയുടെ കൂടുകളുടെ എണ്ണം 30 ൽനിന്ന് 150-ലേക്ക് വളരാനിടയാക്കുകയുംചെയ്ത സംഭവം ഈ സേനയുടെ പ്രവർത്തനത്തിന്റെ ഒരുദാഹരണം.

മണിപ്പൂരിലെ ഷാങ്നെദാർ ടൊൺടാങ് സ്ത്രീക ളുടെ ജീവിതപ്രശ്നങ്ങളിലൂന്നിക്കൊണ്ട് പ്രവർത്തിച്ച വനിതയാണ്. പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് ഒറ്റപ്പെട്ടു പോയവരെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങ ളിലും സജീവമാണിവർ. കർണ്ണാടകയിലെ ശാലു മാരദ തിമ്മാക്കസ് മരങ്ങൾ വച്ചുപിടിപ്പിച്ചുകൊ ണ്ടാണ് ശ്രദ്ധേയയായത്. നാലുകിലോമീറ്റർ ദൂരത്തിൽ അവർ 384 ആൽവൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചു. പ്രകൃതിയുടെ പുനർജ്ജനി ലക്ഷ്യമാക്കി ജീവിതകാലം മുഴുവൻപ്രവർത്തിച്ച അവർ നാഷ ണൽ സിറ്റിസൺസ് അവാർഡിനർഹയായി.

'ഫാൽക്കൺ ഓഫ് ദ വേൾഡ്' എന്നറിയപ്പെ ടുന്ന ബനോ ഹരാലു എന്ന നാഗാലാന്റുകാരി,


പൂർണ്ണിമാ ബർമൻ

കൃഷിയെ നശിപ്പിക്കുന്ന കീടങ്ങളെ കൊന്നൊടു ക്കുന്ന ഫാൽക്കൻ പക്ഷിയെ വംശനാശഭീഷണി യിൽനിന്ന് കരകയറ്റി. ഈ പക്ഷിയെ കൊന്നുതിന്നു ന്നവരെ അവബോധപ്രവർത്തനങ്ങളിലൂടെ അതിൽ നിന്നു പിന്തിരിപ്പിച്ചു. അനേകം കാർഷിക സമരങ്ങൾക്ക് നേതൃത്വം നൽകുകയും ആദിവാസി കൾക്കായി പ്രവർത്തിക്കുകയും ചെയ്ത എഴുത്തു കാരി മഹാശ്വേതാദേവി, പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആയിരത്തഞ്ഞൂറിലധികം ലേഖനങ്ങൾ പ്രസിദ്ധീ കരിക്കുകയും ചെയ്ത ഹരിയാനയിലെ വൈൽഡ്ലൈഫ് ജേർണലിസ്റ്റ് പ്രേരണാ സിംഗ് ബിന്ദ്ര, മൃഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നിരന്തരം ശബ്ദിക്കുന്ന മേനകാഗാന്ധി, മധ്യപ്രദേ ശിലെ കാൻഹ വന്യജീവിസങ്കേതത്തിലെ കടുവ കളുടെ അവകാശസംരക്ഷണത്തിനുവേണ്ടി പ്രയത്നിച്ച ഷെഹ്ലാ മസൂദ്, ഉത്തരാഖണ്ഡിലെ 'നാരീ ബചാവോ അഭിയാൻ' പ്രവർത്തക രാധാഭട്ട്, സമൂഹത്തിലെ അടിത്തട്ടിലേക്കിറങ്ങി പ്രവർത്തിക്കാ നായി 7500 അംഗങ്ങളുള്ള സേനയുണ്ടാക്കി പ്രവർത്തിച്ച ബാംഗ്ലൂരിലെ നളിനി ശേഖർ തുടങ്ങി

> **'മാവും പിലാവും പുളിയും കരിമ്പും തെങ്ങും ഫലംതിങ്ങുമിളം കവുങ്ങും' നിറഞ്ഞ് സസ്യലതാഢ്യമായിരുന്ന നമ്മുടെ പരിസരം കോൺക്രീറ്റ് സൗധങ്ങൾ പടർന്നുകയറി, പ്ലാസ്റ്റിക് ഉൾപ്പെട്ട മാലിന്യങ്ങളാൽ വിങ്ങി, ഉറവകൾ വറ്റി, ചൂടുകൂടി കണ്ടാലറിയാത്തവിധം മാറിയിരിക്കുന്നു. ഫലപ്രദമായ അവബോധപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ പുറത്തേക്കിറങ്ങിയേ മതിയാവൂ; പെണ്ണിന്റെ കടമയാണത്.**

വലിയൊരു പെൺകൂട്ടായ്മയുണ്ട്, ഇവിടെ പ്രകൃതിയെ പരിചരിക്കാൻ.

**കേരളീയപരിസരം**

കുമാരനാശാൻ മുതൽ കേരളീയകവികൾ വളരെ മുമ്പുതന്നെ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തെ മുറുകെപിടിച്ചിരുന്നു. ജി.ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻനായർ, ചങ്ങമ്പുഴ, കൃഷ്ണവാരിയർ, ഇടശ്ശേരി, എൻ.എൻ കക്കാട് എന്നിവർ അവരിൽ പ്രധാനികളാണ്. പുതിയ എഴുത്തുകാരും ഇതിന്റെ കണ്ണികൾതന്നെ. കവിത മാത്രമല്ല, മറ്റുസാഹിത്യശാഖകളും ഉദാഹരിക്കാവുന്നതാണ്. കേരളത്തിൽ പാരിസ്ഥിതിക അവബോധം എക്കാലത്തും ഉണ്ടായിരുന്നു എന്നുചുരുക്കം.

പ്രകൃതിസംരക്ഷണം ജീവിതവ്രതമാക്കിയ ഏറെ സ്ത്രീകളുണ്ട്, നമുക്ക്. തലശ്ശേരിയിൽ ജനിച്ചുവളർന്ന ഇ.കെ ജാനകി അമ്മാൾ സൈലന്റ് വാലി സംരക്ഷിക്കുന്നതിൽ വലിയ പങ്കുവഹിച്ച സസ്യശാസ്ത്രജ്ഞയാണ്. ഇന്ദിരാഗാന്ധിക്ക് സൈലന്റ്‌വാലികാടുകളുടെ പ്രസക്തി ബോധ്യപ്പെടുത്തിക്കൊടുത്തത് അവരായിരുന്നു. പ്രകൃതിയെ അഗാധമായി സ്നേഹിച്ചിരുന്ന അവർക്ക് കരിമ്പും പുല്ലുവർഗത്തിൽപ്പെടുന്ന മറ്റിനങ്ങളും തമ്മിൽ സങ്കരംനടത്തി ശേഷികൂടിയ സങ്കരയിനം കരിമ്പുകൾ ഉത്പാദിപ്പിക്കാൻ കഴിഞ്ഞു. അവർ സി.ഡി.ഹാമിൽട്ടനുമായി ചേർന്നെഴുതിയ ദി ക്രോമസോം അറ്റ്ലസ് ഓഫ് കൾട്ടിവേറ്റഡ് പ്ലാന്റ്സ് എന്ന പുസ്തകം ഏറെ ചർച്ചചെയ്യപ്പെട്ടു. മണിച്ചോളത്തിന്റെ കോശവിഭജനത്തെ സംബന്ധിച്ച് ജാനകിയമ്മാൾ നടത്തിയ പഠനം പിൽക്കാലത്ത് കാൻസർഗവേഷണത്തെവരെ സ്വാധീനിച്ചു. ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യ പുന:സംഘടിപ്പിക്കുന്നതിലും അവർ വലിയ പങ്കുവഹിച്ചു.

മലയാളത്തിലെ പ്രശസ്തകവിയും പ്രകൃതി സംരക്ഷണസമിതി എന്ന സംഘടനയുടെ സ്ഥാപക സെക്രട്ടറിയുമായ സുഗതകുമാരി സൈലന്റ്‌വാലി ജലവൈദ്യുതപദ്ധതിക്കെതിരെ 1979-80 ൽ നടന്ന സമരവുമായി പൂർണമായി ഐക്യപ്പെട്ടു. സിംഹവാലൻകുരങ്ങുകളുൾപ്പെടെ ഒട്ടേറെ ജീവജാലങ്ങളുടെ വംശനാശത്തിന് കാരണമായേക്കുമായിരുന്ന പദ്ധതി വലിയപ്രതിഷേധത്തെത്തുടർന്നാണ് പിൻവലിച്ചത്.

പാലക്കാട്ജില്ലയിലെ പ്ലാച്ചിമടയിൽ കൊക്കക്കോളകമ്പനിക്കെതിരെ സമരം നയിച്ച മയിലമ്മ അതുവഴി അവിടെ ജലസംരക്ഷണം ഉറപ്പിക്കുകയായിരുന്നു. സ്കൂൾവിദ്യാഭ്യാസംപോലുമില്ലാതെയാണ് ഈ വലിയ പാരിസ്ഥികാവബോധം അവരാർജ്ജിച്ചത്. വെള്ളമൊഴുകുന്ന പുഴകൾ-ഭൂമിക്ക് അനിവാര്യമാണെന്ന ഉൾക്കാഴ്ചയോടെ ജീവിച്ച ഡോ. എ ലത പ്രകൃതിയുടെ പുനർജ്ജനി ലക്ഷ്യംവച്ചാണ് എന്നും പ്രവർത്തിച്ചിരുന്നത്. തിരുവിഴാംകുന്നിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലത്ത് 15000-ത്തോളം മരങ്ങൾവെട്ടി വൈസ് ചാൻസലർ ഫോറസ്ട്രി കോളേജ് പണിയാനൊരുങ്ങിയപ്പോൾ പ്രതിഷേധിച്ചുകൊണ്ടാണ് പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്ക് അവർ തുടക്കംകുറിച്ചത്. അതിരപ്പള്ളി ജലവൈദ്യുതപദ്ധതിക്കെതിരായസമരത്തിലും സജീവമായിരുന്ന അവർ പുഴയ്ക്കും കാടിനും വേണ്ടി ജീവിച്ചു.

മധ്യപ്രദേശിലെ ആദിവാസികൾക്കിടയിൽ അരനൂറ്റാണ്ടോളമായി പ്രവർത്തിച്ചുവരുന്ന മലയാളി സാമൂഹ്യപ്രവർത്തകയായ ദയാബായ്, എൻഡോസൾഫാൻ ഇരകളായ ഉറ്റവർക്കുവേണ്ടി തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ പ്രതിഷേധവുമായെത്തിയ നളിനി, ശോഭന, പരിസ്ഥിതി പ്രവർത്തകയായ ആശാഹരി തുടങ്ങി കുറേപ്പേർ കേരളത്തിൽ പരിസ്ഥിതി തിരിച്ചുപിടിക്കാനുള്ള സമരപ്രവർത്തനങ്ങളിലാണ്.

'മാവും പിലാവും പുളിയുംകരിമ്പും തെങ്ങും ഫലംതിങ്ങുമിളം കവുങ്ങും' നിറഞ്ഞ് സസ്യലതാഢ്യമായിരുന്ന നമ്മുടെ പരിസരം കോൺക്രീറ്റ് സൗധങ്ങൾ പടർന്നുകയറി, പ്ലാസ്റ്റിക് ഉൾപ്പെട്ട മാലിന്യങ്ങളാൽ വിങ്ങി, ഉറവകൾ വറ്റി, ചൂടുകൂടി കണ്ടാലറിയാത്തവിധം മാറിയിരിക്കുന്നു. ഫലപ്രദമായ അവബോധപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ പുറത്തേക്കിറങ്ങിയേ മതിയാവൂ; പെണ്ണിന്റെ കടമായാണത്.

■



മ്യൂസ്മേരി
അദ്ധ്യാപിക, എഴുത്തുകാരി

# സ്ത്രീസമത്വചിന്തകളിലെ പ്രകൃതിപാഠങ്ങൾ

കന്നിമണ്ണും കന്നിപ്പെണ്ണും ആർത്തിപിടിച്ച ആണധികാര രൂപങ്ങളെ എക്കാലവും പ്രലോഭിപ്പിച്ചു കൊണ്ടിരുന്നു. ചരിത്രത്തിലെ തേരോട്ടങ്ങളും വിളവെടുപ്പ് ഉത്സവങ്ങളും ഇത്തരമൊരു അധികാരത്തിന്റെ ആഘോഷവേളകളായിരുന്നു. പുതിയ ജനപദങ്ങളെയും ആവാസമേഖലകളെയും പിടിച്ചെടുത്തു കൊണ്ട് പാനോത്സവങ്ങളും നൃത്തോത്സവങ്ങളും സംഘടിപ്പിച്ച മുൻഗാമികളുടെ 'കാൽനഖേന്ദുമരീചി'കളെ പിന്തുടരാൻ വെമ്പിക്കുതിച്ചു നിൽക്കുന്നവരെ ചരിത്രത്തിൽ എവിടെയും കാണാം. അവരാണ് ഔദ്യോഗിക ചരിത്രസൃഷ്ടി നടത്തുന്നതും മുഖ്യകഥാപാത്രങ്ങളായി ചരിത്രത്തിൽ നിറയുന്നതും. അവർ മണ്ണിനെ പിതൃഭൂമിയായും മാതൃരാജ്യമായും അധികാരരൂപങ്ങളോട് താദാത്മ്യപ്പെടുത്തുന്നു. അങ്ങനെ മണ്ണ് അഭിമാനത്തെയും അന്യതാബോധത്തെയും പ്രകടമായി വാഴ്ത്തപ്പെടുന്നു. ഇത്തരം വാഴ്‌വിന്റെ നിലങ്ങളിൽ നടത്തുന്ന അരിയിട്ടു വാഴ്ചകൾ, അതാണ് ചരിത്രം. ഇത്തരമൊരു ചരിത്രത്തിന്റെ തിരിച്ചെഴുത്താണ് പാരിസ്ഥിതിക സ്ത്രീവാദം (ഇക്കോഫെമിനിസം) മുന്നോട്ടുവയ്ക്കുന്നത്.

**മണ്ണ്, പെണ്ണ് അസ്തിത്വസമാനതകൾ**

പ്രാചീന ഇന്ത്യൻ സാഹിത്യത്തിൽ ക്ഷേത്രം എന്ന പദം സ്ത്രീക്കു പകരം ഉപയോഗിച്ചു കാണുന്നു. മനുസ്മൃതിയിൽ പുരുഷനെ വിത്തിനോടും സ്ത്രീയെ നിലത്തോടും (കൃഷിസ്ഥലത്തോട്) സാമ്യപ്പെടുത്തുന്നു. ക്ഷേത്രഭൂതാ സ്മൃതാ നാരീബീജഭൂത:പുമാൻ ക്ഷേത്രബീജ സമായോഗാത് സംഭവ:സർവ്വ ദേഹിനാം (മനുസ്മൃതി 9- അധ്യായം ശ്ലോകം 33-ഭൃഗു സംഹിത-വിദ്യാരംഭം പ്രിന്റേഴ്സ് മുല്ലയ്ക്കൽ, ആലപ്പുഴ, പുറം 360) ലോകത്ത് എല്ലായിടത്തും ഭൂമിദേവതയെയും പ്രധാന കാർഷികദേവതകളെയുമെല്ലാം സ്ത്രീയായി കരുതപ്പെടുന്നു. ഉർവരതയും പ്രത്യുൽപാദനവും സ്ത്രീയുമായി ബന്ധപ്പെട്ടതാണ്.


വിത്തിനെ ചെറുചെടിയാക്കി മാറ്റുന്ന മണ്ണും, ബീജത്തെ ഏറ്റുവാങ്ങി ശിശുവാക്കി ത്തീർക്കുന്ന പെൺശരീരവും ഇപ്രകാരം സാമ്യകൽപ്പനയുടെ പ്രഥമ പടിയിൽ നിൽക്കുന്നു. മണ്ണ്, പെണ്ണ് രൂപങ്ങളുടെ സാമ്യകൽപ്പനയ്ക്ക് അടിസ്ഥാനമിതാണ്. എന്നാൽ കീഴടക്കാനും കീഴടക്കി മെരുക്കി നിർത്താനും വെട്ടിപ്പിടിക്കാനും കോയ്മയുടെ കൊടിനാട്ടി ഉടമയായി വാഴാനും ആണിന് അവകാശാധികാരങ്ങൾ ഉള്ളവയായി മണ്ണും പെണ്ണും കരുതപ്പെടുമ്പോൾ ഇത് വെറുമൊരു സാമ്യകൽപ്പന അല്ലാതായി മാറുന്നു. നന്നാക്കുന്നതിനുള്ള അധികാരി ഉടമയായ പുരുഷൻ തന്നെയാണ്. ഇത്തരമൊരു അധികാരത്തിന്റെ ആർത്തി നിറഞ്ഞ ആവിഷ്കാര ങ്ങളാണ് കുടുംബം മുതൽ ഭരണകൂടം വരെയുള്ള സ്ഥാപനങ്ങൾ ആവർത്തിച്ച് ചെയ്തുകൊണ്ടിരി ക്കുന്നത്. പെണ്ണിനെ അതിരുകെട്ടി സൂക്ഷിക്കുന്ന ഗൃഹസ്ഥൻ മുതൽ രാജ്യത്തിലെ പുഴയായ പുഴയും കാടായ കാടും തങ്ങളുടെ ഉടമസ്ഥതയിലാണ് എന്നും വിൽക്കാനും വെട്ടി വെളുപ്പിക്കാനും കുഴിച്ചെടുത്തു വിൽക്കാനും അധികാരികൾ ആണ് തങ്ങളെന്ന് ധരിക്കുന്ന ഭരണാധികാരികളും ഒരേ അധികാര മാതൃക പിന്തുടരുന്നവരാണ്. അധികാരത്തിന്റെ മറ്റുചില മാതൃകകളാണ് ലോകമെമ്പാടും യുദ്ധ കൃഷി നടത്തുന്നതും വംശവർഗ്ഗഹത്യകൾക്ക് കൂട്ടുനിൽക്കുന്നതും. ആധിപത്യത്തിന്റേയും അക്രമത്തിന്റേതുമായ ഇത്തരമൊരു പ്രപഞ്ചമനുഷ്യവീക്ഷണത്തിനു പകരം അലിവിന്റേയും ശുശ്രൂഷയുടെയും പരിപാലനത്തിന്റേയുമായ പ്രത്യയശാസ്ത്രവും പ്രവർത്തന പദ്ധതിയുമാണ് ഇക്കോഫെമിനിസം മുന്നോട്ടുവയ്ക്കുന്നത്.

**.....അർത്ഥവ്യാപ്തി ......**


പരിസ്ഥിതിവാദം, സ്ത്രീവാദം, സമത്വചിന്ത എന്നിവയെല്ലാം സമന്വയിപ്പിക്കാനുള്ള ശ്രമമാണ് ഇക്കോഫെമിനിസം. ആധിപത്യം, ചൂഷണം, അക്രമം എന്നിവ പുരുഷാധിപത്യപരമായ ലോകത്തുനിന്ന് ഏറ്റുവാങ്ങേണ്ടിവന്ന സ്ത്രീയുടെയും ഭൂമിയുടെയും അവസ്ഥ തുല്യമാണ്. സാന്ത്വനം, കരുതൽ, പരിപാലനം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ നീതി അല്ലെങ്കിൽ ഭൗമ ജനാധിപത്യത്തിൽ അടിസ്ഥാനപ്പെടുത്തിയ ലോകക്രമത്തിലൂടെ സംഭവിക്കേണ്ടുന്ന പുതിയലോകനിർമ്മിതിയാണ് ഇക്കോഫെമിനിസം ലക്ഷ്യമിടുന്നത്. മാനുഷിക മൂല്യങ്ങളിലും സാമൂഹ്യസമത്വത്തിലും പാരിസ്ഥിതികനീതിയിലും അടിസ്ഥാനപ്പെടു ത്തിയ സൈദ്ധാന്തിക പ്രവർത്തനപദ്ധതിയാണ് ഇക്കോഫെമിനിസം. അത് സ്ത്രീയുടെയും പ്രകൃതിയുടെയും നേരെയുള്ള ചൂഷണത്തിന്റെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. അതായത് സ്ത്രീ പരിസ്ഥിതി പ്രശ്നങ്ങളെ വിമർശനബുദ്ധിയോടെ സമീപിക്കുന്നു. ലിംഗഭേദം, വംശീയത, ജൈവവൈവിധ്യം നിലനിർത്തേണ്ട ആവശ്യകത, ലോക സമാധാനം തുടങ്ങിയ കാര്യങ്ങളെല്ലാം ചേർത്തുവയ്ക്കുന്ന ദർശനമാണ് ഇക്കോഫെമിനിസം.

**.......ഇക്കോഫെമിനിസം നാൾ വഴി......**

ഒരു പ്രസ്ഥാനമോ കാഴ്ചപ്പാടോ എന്ന നിലയിൽ ഇക്കോഫെമിനിസം 1970 കളുടെ മദ്ധ്യത്തിൽ ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, വെനിസ്വെല, ഫിൻലണ്ട്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ പരപ്രേരണകൾ കൂടാതെ രൂപംകൊണ്ടു. 1970കളിലെ ഇക്കോ ഫെമിനിസ്റ്റ് ചിന്തകളുടെ രൂപപ്പെടലിനു പിന്നിൽ രണ്ടു പ്രധാന പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ശാസ്ത്ര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വികസനം സാമ്പത്തിക സാമ്രാജ്യത്വത്തിന് കാരണമായിത്തീർന്നു. ആണവായുധം പോലെയുള്ള സൈനിക ഉപകരണങ്ങൾ വളരെ വർദ്ധിച്ചു. ഇതാണ് ഒന്നാമത്തെ പ്രശ്നം. സ്ത്രീകളുടെ രാഷ്ട്രീയ പ്രവർത്തനത്തെയും സാമൂഹ്യ പുരോഗതിയെയും കുറിച്ച് ലിബറൽ ഫെമിനിസ്റ്റുകൾ പുലർത്തി പ്പോന്ന ശുഭാപ്തി വിശ്വാസത്തിന് നേരിട്ട തകർച്ചയാണ് രണ്ടാമത്തെ പ്രശ്നം. ഇത് കുറച്ചുകൂടി സമഗ്രവും വ്യത്യസ്തവുമായ ചിന്തകളിലേക്കും പ്രവർത്തികളിലേക്കും ആക്റ്റിവിസ്റ്റുകളെ നയിച്ചു. അങ്ങനെയാണ് ഒരു ദർശനവും പ്രവർത്തന പദ്ധതിയുമായി ഇക്കോഫെമിനിസം രൂപംകൊണ്ടത്. അമേരിക്ക യിൽ മസാച്ചുസെറ്റ്സിലെ ആംനെസ്റ്റിൽ നടന്ന വിമൻ ആന്റ് ലൈറ്റ് ഓൺ എർത്ത്-എ കോൺഫറൻസ് ഓൺ ഇക്കോ ഫെമിനിസം, ഒരു മൂർത്തരൂപം കൈക്കൊണ്ടു. 1979-ൽ അമേരിക്കയിലുണ്ടായ 'ത്രീമൈൽ ഐലണ്ട് ആണവദുരന്ത'മാണ് ഇത്തരമൊരു സമ്മേളനം



വിളിച്ചുകൂട്ടാൻ ഉണ്ടായ കാരണം. മേരിദാലി, സൂസൻ ഗ്രിഫിൻ, റോസ് മേരി റാഡ് ഫോർഡ് റൂഥർ, നെസ്ട്രകിങ് എന്നിവർ അമേരിക്കൻ ഇക്കോ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് ദാർശനികവും പ്രായോഗികവുമായ രൂപം നൽകുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഇക്കാലത്തുതന്നെ ബ്രിട്ടനിൽ സമാധാന പ്രവർത്തകരും സ്ത്രീവാദികളും ഒത്തു ചേർന്നു പ്രവർത്തിച്ച് ബ്രിട്ടനിൽ ഇക്കോ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ രൂപപ്പെടുത്തലിന് കാരണമായിത്തീർന്നു. ജർമനിയിൽ പെട്രാകെല്ലി യുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഗ്രീൻ പാർട്ടിയുടെ രൂപപ്പെടലിനു കാരണമായി. ഓസ്ട്രേലിയയിൽ ഏരിയൽ സാലേ ഇക്കോ ഫെമിനിസ്റ്റ് ദർശനത്തിന്റെ വക്താവാണ്. ഇന്ത്യയിൽ ചിപ്കോ പ്രസ്ഥാനത്തിൽ പങ്കെടുത്തവരിൽ ഒരു വലിയ വിഭാഗം ഗ്രാമീണരായ സ്ത്രീകളായിരുന്നു. വന്ദന ശിവ ഇന്ത്യയിൽ ഇക്കോഫെമിനിസത്തിന്റെ



സാദ്ധ്യതകൾ ആരായുന്നു. ഇങ്ങനെ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ 1970 കളുടെ മദ്ധ്യം മുതൽ പരിസ്ഥിതി, സ്ത്രീവാദം, മാർക്സിസം, ദൈവശാസ്ത്രം എന്നിവയെല്ലാം ചേർത്തുവച്ചും പഴയ ചില ചിന്തകളെ തിരുത്തിയും ഒരു ദർശനമെന്ന നിലയിലും പ്രവർത്തന പദ്ധതി എന്ന നിലയിലും ഇക്കോഫെമിനിസം വളർന്നുവന്നു.

**.....ഇക്കോ ഫെമിനിസത്തിന്റെ ദർശന വൈവിദ്ധ്യങ്ങൾ....**

ഫ്രഞ്ച് ഫെമിനിസ്റ്റായ ഫ്രാങ്കോയിസ് ഡിയുബോൺ ആണ് ഇക്കോ ഫെമിനിസം എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത്. 1974ൽ അവരുടെ Le femenism on la mort (The time for ecofeminism) എന്ന ഗ്രന്ഥത്തിൽ ഉൽപാദനത്തിലും ലൈംഗികതയിലും പുലർത്തിപ്പോരുന്ന പുരുഷാധിപത്യം രണ്ടുതരത്തിൽ പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്നതായി ചൂണ്ടിക്കാട്ടി. അമിത ഉത്പാദനവും അമിത ജനസംഖ്യയും ആണ് ഈ പ്രതിസന്ധികൾ. സ്ത്രൈണ ഗുണങ്ങളുടെ പ്രയോഗത്തിലൂടെ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ സാധിക്കും എന്ന് യൂബോൺ എഴുതി. സാമൂഹ്യ സമത്വവാദത്തിന്റെ ഒരു പുതിയ മുഖമാണിത്. അതായത് പരിപാലനം കരുതൽ ശുശ്രൂഷ, സാന്ത്വനം, സൗഖ്യം എന്നിവയ്ക്ക് പ്രാധാന്യം കൈവരുന്നതിലൂടെ സംഭവിക്കുന്ന മാറ്റത്തെക്കുറിച്ച് ആണ് ഫ്രാങ്കോയിസ് ഡിയുബോൺ എഴുതുന്നത്.


ഇക്കോ ഫെമിനിസ്റ്റ് ചിന്തക്ക് മൂർത്തരൂപം കൊടുക്കുന്നതിനുള്ള ഒരു ശ്രമം നെസ്ട്രകിങ് നടത്തുന്നുണ്ട്. 1980ലെ 'വിമൻ ആൻഡ് ലൈഫ് ഓൺ എർത്ത്: എ കോൺഫറൻസ് ഓൺ ഇക്കോ ഫെമിനിസം' എന്ന സമ്മേളനത്തിലാണ് നെസ്ട്രകിങ് തന്റെ ചിന്ത അവതരിപ്പിച്ചത്. ആധിപത്യത്തിനും ചൂഷണത്തിനും എതിരായി സ്ത്രീ വാദത്തെയും പരിസ്ഥിതി വാദത്തെയും ചേർത്തുവയ്ക്കാൻ ആണ് അവരും ശ്രമിച്ചത്. തകർക്കലിനെ പ്രതിരോധിക്കാനും ജീവൻ പരിപാലിക്കാനും സ്ത്രീക്കുള്ള കഴിവിൽ ഊന്നി ക്കൊണ്ട് പരിസ്ഥിതി ചിന്തയെയും സ്ത്രീ വാദത്തെയും അവർ ചേർത്തുവച്ചു. അമേരിക്കയിൽ ഇക്കോ ഫെമിനിസ്റ്റ് ചിന്തക്ക് പ്രതിഷ്ഠ നൽകുന്നതിൽ പ്രധാന പങ്കുവഹിച്ച എഴുത്തുകാർ മേരിദാലി, റോസ്മേരിറാഡ് ഫോർഡ് റൂഥർ, സൂസൻ ഗ്രിഫിൻ എന്നിവരാണ്. മേരിദാലിയും റോസ്മേരിയും ദൈവശാസ്ത്രജ്ഞരും സൂസൻ കവിയുമാണ്. സ്ത്രീകൾ ചരിത്രത്തിൽ അദൃശ്യരായിരിക്കുന്നതിനെ റോസ്മേരി ഒരു പോരായ്മയായി കണക്കാക്കുന്നില്ല. അതിനെ ഒരു ശക്തിയായി തിരിച്ചറിയണമെന്ന് അവർ പറയുന്നു. സ്ത്രീകളാണ് ഏറ്റവും പഴയ മർദ്ദിത വിഭാഗം. അതുകൊണ്ട് ഒരു പുതിയ മാനവികതയുടെ

അതായത് ശരീരത്തിന്റേയും ആത്മാവിന്റേയും യോജിപ്പിലൂടെ ഉദയം കൊള്ളേണ്ടുന്ന ആത്മീയതയുടെ വക്താക്കളാകാൻ സ്ത്രീകളാ ണുചിതം. ആദിദേവതമാരുടെ ചെയ്തികളിലും പാട്രിയാർക്കൽ ആയ മൂല്യങ്ങളാണ് ഉള്ളത്. ചരിത്രത്തെ പുനർനിർമ്മിക്കേണ്ടത് സ്ത്രീകൾക്കു വേണ്ടി മാത്രമല്ല മനുഷ്യവംശത്തിനു വേണ്ടി കൂടിയാണ്. പാശ്ചാത്യ ആൺകോയ്മ വേരുകൾ ആഴ്ത്തി നിൽക്കുന്നത് ശരീരത്തിന്റെയും ലോകത്തിന്റെയും സ്വയം അന്യവൽക്കരിക്കപ്പെട്ട അനുഭവത്തിലാണ്. ശരീരത്തിനും പ്രകൃതിക്കും ഒപ്പം സ്ത്രീയെയും ആശ്രിത നിലയിൽ നിലനിർത്തിക്കൊണ്ടാണ് 'പുരുഷൻ' സംസ്കാ രത്തിന്റെ സ്വയംഭരണം ഏറ്റെടുത്തിരിക്കുന്നത്. റോസ് മേരിയുടെ അഭിപ്രായത്തിൽ സ്ത്രീയുടെ ആശ്രിതനില രൂപപ്പെട്ടത് മൂന്നു ഘട്ടങ്ങളിലൂടെ യാണ്.

1. അമ്മയുടെ പരാജയം. ഇത് ചരിത്രത്തിലും സാമ്പത്തികശാസ്ത്രത്തിലും അവൾക്ക് സംഭവിച്ച മാറ്റിനിർത്തലിന്റെ അനുഭവമാണ്.
2. ആൺകോയ്മയിലെ മതങ്ങളിലും തത്ത്വചിന്തയിലും സ്ത്രീക്കു സംഭവിച്ച നിരാകരണം. 3. അമ്മയുടെ ഉദാത്തവൽക്കരണം അതായത് പരിശുദ്ധ ത്രിത്വം എന്ന അവസ്ഥ. ഉദാഹരണം കന്യാമറിയം. ഇത്തരം നിരീക്ഷണങ്ങളിൽ നിന്നാണ് ശരീരവും ആത്മാവും വേർതിരിഞ്ഞു നിൽക്കാത്ത ആത്മീയതയിൽ അടിസ്ഥാനപ്പെടുത്തിയ പാരിസ്ഥിതിക-സ്ത്രീവാദ ചിന്തയെ അവതരിപ്പിക്കുന്നത്. പ്രകൃതി എന്നത് സ്വാഭാവികമായ പരിണാമത്തിന്റെ ഫലമല്ല. മനുഷ്യരുടെ ചരിത്രപരമായ വികസനഫലമാണെന്ന് അവർ പറയുന്നു.

മിത്തോളജിയിലും തിയോളജിയിലും ഒരു ഫെമിനിസ്റ്റ് ബദൽ നിർമ്മിക്കാനാണ് മേരിദാലി യുടെ ശ്രമം. Beyond god the father അവരുടെ പ്രസിദ്ധമായ കൃതിയാണ്. പ്രകൃതി - സ്ത്രീ ബന്ധത്തെ തന്റെ ചിന്തയുടെ മാർഗ്ഗമെന്ന നിലയിൽ അവർ ഉപയോഗിക്കുന്നുണ്ട്. സൂസൻ ഗ്രിഫിന്റെ Women and Nature എന്ന കൃതിയിൽ മനുഷ്യർ-മൃഗങ്ങൾ, വന്യത-വനം, ലിംഗ വിവേചനം- ശാസ്ത്രം, പാരിസ്ഥിതികത്തകർച്ച-ശാസ്ത്രപുരോഗതി എന്നിങ്ങനെ ചിലപ്പോൾ പൂരകവുമായ ദ്വന്ദ്വങ്ങളെ ചേർത്ത് വച്ചു കൊണ്ടുള്ള കാവ്യനിരീക്ഷണം കാണുന്നു.

അമേരിക്കൻ ഇക്കോ ഫെമിനിസ്റ്റായ കരോലിൻ മർച്ചന്റിന്റെ ചിന്തകളിൽ സാമൂഹ്യഘടനയും സാമ്പത്തിക ചൂഷണവും സ്ത്രീവാദവും പരിസ്ഥിതി ദർശനവും ഒത്തുചേർന്നുള്ള വീക്ഷണം കാണുന്നു. ഓസ്ട്രേലിയൻ ഇക്കോ ഫെമിനിസ്റ്റായ ഏരിയൽ സാലേയുടെ 'ecofeminism as politics-nature, marx and the post modern' എന്ന കൃതി ഇക്കോ ഫെമിനി സത്തിന്റെ ദാർശനിക തലത്തെ അപഗ്രഥിക്കുന്നു. "ഇക്കോ ഫെമിനിസ്റ്റ് സാമൂഹ്യശാസ്ത്രം വ്യത്യസ്തമായ ചിന്തകളെയും വികാരപരമായ തീരുമാനങ്ങളെയും തുറന്ന മാർഗ്ഗത്തിലൂടെ കൂട്ടിച്ചേർക്കാനുള്ള ശ്രമമാണ്. ലിംഗഭേദം, വംശീയത, ജൈവവൈവിധ്യം എന്നിവയെല്ലാം ഒന്നിച്ചു ചേർത്തു വയ്ക്കുന്ന ചിന്താപദ്ധതിയാണ്." ഉത്തരാധുനിക തത്ത്വചിന്ത, മാർക്സിസം, ഫെമിനിസം എന്നിവയെ ചേർത്ത് വെച്ചു കൊണ്ടുള്ള പഠനമാണ് ഏരിയൽ സാലേ





വന്ദനാശിവ

നടത്തുന്നത്. ഇക്കോ ഫെമിനിസത്തിന്റെ സ്വരം സ്ത്രീ-പുരുഷ പ്രകൃതിയുടെ സംയുക്ത വിമോചനത്തിന്റേതാണ്. പ്രകൃതി, സ്ത്രീ, ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുന്ന ജനവിഭാഗങ്ങൾ എന്നിവയെല്ലാം ചൂഷണത്തിൽനിന്ന് വിമോചിപ്പിക്കുക അതു ലക്ഷ്യമാക്കുന്നു. ഇക്കോഫെമിനിസത്തെ ജ്ഞാനശാസ്ത്രത്തിന്റെ ഭാഷയിൽ ഉപയോഗി ക്കുമ്പോൾ 'ശരീരസംബന്ധിയായ ഭൗതികവാദം' എന്നാണ് സാലേ പ്രയോഗിക്കുന്നത്. പുരുഷനെ പ്രകൃതിയുടെയും സ്ത്രീയുടെയും മേലുള്ള അധികാരശക്തിയായി അവതരിപ്പിക്കുന്ന ചിന്തയെ ഇക്കോഫെമിനിസം എതിർക്കുന്നു. അതിനു പകരമായി പുതിയൊരു സമവാക്യം അവർ നിർമ്മിക്കുന്നു. പുരുഷൻ /സ്ത്രീ =പ്രകൃതി എന്നാണ് സമവാക്യം. ഏരിയൽ സാലേയെ സംബന്ധിച്ചിടത്തോളം ഇക്കോഫെമിനിസം

ജീവന്റെ നിലനിൽപ്പിനു വേണ്ടിയുള്ള സമരമാണ്. ആഗോളവൽക്കരണത്തിന്റേതായ പുത്തൻ സാമ്പത്തിക സാഹചര്യം നവ കൊളോണിയലിസം പാരമ്പര്യ ജ്ഞാനശാസ്ത്രം എന്നിവ പുലർത്തിപ്പോരുന്ന ആധിപത്യചൂഷണത്തേയും വിഭാഗീകരണ പ്രവണതകളെ നിരാകരിച്ചുകൊണ്ട് വിമോചനത്തിലുള്ള നവ മാർഗമായി ഏരിയൽ സാലേ ഇക്കോ ഫെമിനിസത്തെ വിശകലനം ചെയ്യുന്നു.

ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലെ സാമ്പത്തിക സാമൂഹിക അവസ്ഥകളെ അടിസ്ഥാനപ്പെടുത്തി പാരിസ്ഥിതിക സ്ത്രീവാദ ചിന്തകളെ അവതരിപ്പിക്കുകയാണ് ഡോക്ടർ വന്ദനാശിവ ചെയ്യുന്നത്. വന്ദനാശിവയും ജർമൻ ഫെമിനിസ്റ്റ് ചിന്തകരായ മാരിയമിയസും ചേർന്ന് രചിച്ച Eco Feminism എന്ന കൃതിയിൽ ഇത്തരമൊരു സമീപനമുണ്ട്.






“അതിജീവനത്തിനുവേണ്ടി പോരാടുന്ന മൂന്നാം ലോകത്തിലെ സ്ത്രീജനങ്ങളെ സംബന്ധിച്ചിടത്തോളം ആത്മീയതയെ ഭൗമികതയിൽ നിന്ന് വേർതിരിച്ചു കാണുക എന്നത് അചിന്തനീയമാണ്. അവർക്ക് ഭൂമി-മാതാവ് എന്ന സംജ്ഞ ഉദ്ധരണികൾക്കുള്ളിലിട്ട് സംസാരിക്കേണ്ട ഒന്നല്ല. കാരണം ഭൂമി അവർക്ക് അമ്മയുടെ ജീവനുള്ള ദേഹി തന്നെയാണ്. ഭൂമി- മാതാവ് ജീവനുള്ള എല്ലാറ്റിന്റേയും ജീവന്നുറവയാണ് . ഈ സ്ത്രീകൾ മണ്ണിനെ മാനിക്കുകയും അതിന്റെ വിശുദ്ധിയെ ആഘോഷിക്കുകയും ചെയ്യുന്നു. അവർ ഭൂമി മാതാവിന്റെ ജീവദേഹിയെ വ്യവസായവൽക്കരിക്കുകയും ചെയ്യുന്ന എല്ലാ ശക്തികളെയും എതിർക്കുന്നു.” (സ്വതന്ത്ര വിവർത്തനം).

ഭൂമിയെ വിശുദ്ധയായി പരിഗണിച്ചിരുന്ന ഗോത്രജീവിതവും അതിന്റെ ശേഷിപ്പുകളും വർത്തമാനചൂഷണവും സാമ്പത്തിക സാമ്രാജ്യത്വവും എല്ലാം കൂടി ചേർന്ന സങ്കീർണ്ണമായ ഒരു സംസ്കാരിക ജീവിതത്തെ അഭിമുഖീകരിക്കുന്നവരാണ് ആഫ്രോ -ഏഷ്യൻ രാജ്യങ്ങളിലെ ജനങ്ങൾ. വന്ദനാശിവ ഇത്തരം സാഹചര്യങ്ങളെ അപഗ്രഥിക്കുന്നു.

**.....ഇക്കോ ഫെമിനിസ്റ്റ് ചിന്താധാരകളുടെ വർഗ്ഗീകരണം.....**

ഇക്കോ ഫെമിനിസ്റ്റ് ദർശനത്തിന് പൊതുവേ മൂന്നു തരം പ്രത്യേകതകൾ കാണാൻ സാധിക്കും. കൾച്ചറൽ ഇക്കോഫെമിനിസം/ ഫെമിനിസ്റ്റ് സ്പിരിചാലിറ്റി, റാഡിക്കൽ ഇക്കോ ഫെമിനിസം/ സോഷ്യലിസ്റ്റ് ഇക്കോ ഫെമിനിസം, ഇക്കോഫെമിനിസം ഒരു മൂന്നാം ലോക വീക്ഷണം എന്നിങ്ങനെ ഇതിനെ വേണമെങ്കിൽ വിഭാഗീകരിക്കാം.

കൾച്ചറൽ ഇക്കോ ഫെമിനിസം സ്ത്രീ കേന്ദ്രീകൃതമായ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. സ്ത്രീശരീരത്തിന്റെ ആഘോഷമാണ് ഈ ചിന്തയുടെ പ്രാധാന്യം. പുരുഷ രൂപത്തിലുള്ള ദൈവസങ്കൽപത്തെ അത് നിരാകരിക്കുന്നു. ശരീരം, ആത്മാവ് എന്നിത്തരം ഭേദകല്പനയെ അംഗീകരിക്കുന്നില്ല. ഭൗമ കേന്ദ്രീകൃതമായ ആത്മീയതയിലാണ് അത് ഊന്നുന്നത്. സ്ത്രീ രൂപത്തിലുള്ള ദൈവത്തിന്റെ സാധ്യതയെ അവതരിപ്പിക്കുന്നു. സോഷ്യലിസ്റ്റ് ഇക്കോഫെമിനിസം വൈവിധ്യത്തിന് പ്രാധാന്യം നൽകുന്നു. ആധിപത്യം, അക്രമം എന്നിവയുടെ ഏതു രൂപത്തേയും വെറുക്കുന്നു. പാശ്ചാത്യ ആൺകോയ്മാ സമൂഹത്തിന്റെ ഇരട്ടത്താപ്പ്, സ്ത്രീയുടെ വിധേയനില, ഹയറാർക്കിക്കൽ സമൂഹഘടന എന്നിവയെ അപഗ്രഥിക്കുന്നു. സാമ്പത്തിക, വംശീയ, ലൈംഗികചൂഷണങ്ങൾ ആഗോളീകരണം, നവസാമ്രാജ്യത്വം എന്നിവയെ ചെറുക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ ഇക്കോഫെമിനിസത്തെ അവതരിപ്പിക്കുന്നു. ഇക്കോഫെമിനിസത്തിന്റെ മൂന്നാം ലോകചിന്തയിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്കൊപ്പം നവ കൊളോണിയൽ ശക്തികളുടെ അധിനിവേശത്തിനിരയാകുന്ന മൂന്നാം ലോകങ്ങളുടെ

പ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നു. പരമ്പരാഗതമായ കൃഷി, മറ്റ് ജീവനോപാധികൾ, കൈത്തൊഴിലുകൾ എന്നിവയിൽ നിന്ന് ഭ്രഷ്ടരാകുന്ന ജനവിഭാഗങ്ങൾ, വെള്ളം പോലുള്ള പ്രകൃതി വസ്തുക്കളിന്മേലുള്ള ചൂഷണം, ലിംഗവിവേചനത്തിന്റേയും ചൂഷണത്തിന്റേയും പുത്തൻ അവസ്ഥകൾ എന്നിവയെ ഇക്കോഫെമിനിസ്റ്റ് ചിന്തയോട് ചേർത്തുവെച്ചുള്ള പഠനങ്ങൾ ഇക്കോ ഫെമിനിസത്തിന്റെ മൂന്നാം ലോകവീക്ഷണത്തിൽ കാണാം.

**.....വിമർശനാത്മക സമീപനങ്ങൾ....**

ഇക്കോഫെമിനിസം ചില വിമർശനങ്ങളെ നേരിടുന്നുണ്ട്. അതിലൊന്ന് അത് സ്ത്രീകളുടെ ചരിത്രത്തെയും സ്ത്രീകളെയും കാല്പനിക വൽക്കരിക്കുന്നു എന്നതാണ്. അമേരിക്കൻ ഇക്കോഫെമിനിസം സ്ത്രീകളുടെ വ്യത്യസ്തകളെയും വൈവിധ്യത്തെയും അവഗണിക്കുന്നുവെന്നും ആരോപണമുണ്ട്. എലിസബത്ത് ഗുഡ് ഡേവിസ് 'ദി ഫസ്റ്റ് സെക്സ്' എന്ന പുസ്തകത്തിൽ സ്ത്രീകളാണ് പ്രകൃതിയുടെ മിത്രങ്ങൾ എന്നും എഴുതുന്നു. ഇത്തരം അഭിപ്രായത്തെ ബ്ലാക്ക് ഫെമിനിസ്റ്റുകൾ എതിർക്കുന്നു. എലിസബത്ത് ഗുഡ് ഡേവിഡ് ഒരുതരം ഫെമിനിസ്റ്റ് മിത്ത് മേക്കിംഗ് ആണ് നടത്തിയത്. ഇക്കോഫെമിനിസം മനുഷ്യ കേന്ദ്രീകൃതം മാത്രമാണെന്ന് ഡീപ്പ് ഇക്കോളജിസ്റ്റുകൾ വിമർശിക്കുന്നു.എന്നാൽ ഇക്കോ ഫെമിനിസ്റ്റ് ചിന്തയുടെ മുൻപ് പരാമർശിച്ച മൂന്നുതരം പ്രത്യേകതകളും ചേർത്തുവച്ചാൽ ഇത്തരം വിമർശനത്തിന് സാധ്യതയില്ലാതാകുന്നു.

ഉപകരണങ്ങളെയും ഉപയോഗികതയേയും മാത്രം അടിസ്ഥാനമാക്കിയ വികസനമന്ത്രങ്ങളെ യാണ് നാഗരികതയുടെ ചരിത്രത്തിൽ കേൾക്കാനാവുക. യുക്ത്യാധിഷ്ഠിതമായ ജ്ഞാനപദ്ധതിയാണ് ഇത്തരം നാഗരികതകളെ നിർമ്മിക്കുന്നത്. ഇത്തരം ജ്ഞാനചരിത്രത്തിന്റെ പിന്തുടർച്ചയിലാണ് മനുഷ്യ ജീനുകൾക്ക് പേറ്റന്റ് എടുക്കുന്നത് പോലുള്ള പ്രവർത്തനങ്ങൾ സംഭവിക്കുന്നത്. 1995 മാർച്ച് 14 പാപ്പുവ ന്യൂഗിനിയയിലെ ഹഗവായ് ജനവിഭാഗത്തിൽപ്പെട്ട ഒരാളുടെ ജീൻ അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് പേറ്റന്റ് എടുത്തു. ഈ ജീനിന്റെ കോശത്തിൽ നിന്നും നിർമ്മിക്കുന്ന വാക്സിനും റെക്ട്രോ വൈറസ് ഉത്പന്നങ്ങൾക്കും കുറച്ച് റോയൽറ്റി ഹഗഹായ് ജനങ്ങൾക്ക് നൽകാമെന്ന് കരാർ ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും ഈ പേറ്റന്റ് ആത്യന്തികമായി ഹഗഹായ് ജനതയെ അമേരിക്കൻ ഗവൺമെൻറിന്റെ സ്വത്താക്കിമാറ്റുന്നു. ഇതിന് സമാന്തരമായി ബഹുരാഷ്ട്രകമ്പനികളുടെ കൊള്ളയും ആഗോളവ്യാപകമായി സംഭവിക്കുന്നു. ഇതിനോടൊപ്പം തന്നെ ലോകത്തു പലയിടത്തു നിന്നും ചെറുത്തുനിൽപ്പുകളും ഒപ്പം പരിഹാരയത്നങ്ങളും നടക്കുന്നുണ്ട്. കൊക്കകോള കമ്പനിക്കെതിരെ പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിൽ നിരക്ഷരരായ ഗ്രാമീണർ നടത്തുന്ന സമരങ്ങളും കെനിയയിൽ വംഗാരുമതായി നടത്തുന്ന വനവൽക്കരണ പ്രവർത്തനങ്ങളും അണക്കെട്ടുകൾക്കും പരിസ്ഥിതി നാശത്തിനും തദ്ദേശവാസികളുടെ ജീവിത തകർച്ചയ്ക്കും എതിരെ നടക്കുന്ന പ്രക്ഷോഭങ്ങളും ഇക്കോഫെമിനിസത്തിന്റെ പ്രയോഗങ്ങളാണ്. തത്ത്വചിന്ത പഠിച്ചു നടത്തുന്ന പ്രയോഗങ്ങളല്ല ഇവയിൽ മിക്കവയുമെങ്കിലും പ്രയോഗത്തിൽ നിന്നും ഇക്കോഫെമിനിസം ലക്ഷ്യമിടുന്ന കാര്യങ്ങളാണ് ഇവയൊക്കെ എന്നു മനസ്സിലാക്കാം.



## സാലുമരട തിമ്മക്ക

കർണ്ണാടകത്തിലെ തുമകുരു ജില്ലയിൽ ജനിച്ച തിമ്മക്ക വിവാഹിതയായപ്പോൾ വളരെയധികം യാതനകൾ അനുഭവിക്കേണ്ടി വന്നു. കുട്ടികളില്ലാത്തതിന്റെ പേരിൽ ഭർത്തൃവീട്ടുകാർ പീഡിപ്പിക്കാനും പട്ടിണിക്കിടാനും തുടങ്ങിയതോടെ തിമ്മക്കയും ഭർത്താവ് ബിക്കാലു ചിക്കയ്യയും കൂടി വീടുവിട്ട് ഇറങ്ങി.അവർ പാടത്ത് കഠിനാദ്ധ്വാനം ചെയ്ത് ഉച്ചയ്ക്ക് വഴിയരികിൽ മരങ്ങൾ നട്ടു തുടങ്ങി. പിന്നീടുള്ള 65 വർഷങ്ങളിൽ 8000 ത്തോളം മരങ്ങൾ നട്ടുപിടിപ്പിച്ചു അവർ. വരിവരിയായി നിൽക്കുന്ന മരങ്ങൾ എന്നർത്ഥം വരുന്ന 'സാലു മരട' എന്ന വാക്ക് അവരുടെ പേരിനൊപ്പം ചേർക്കപ്പെട്ടു.1996ലെ ദേശീയ പൗരസമ്മാനം ഉൾപ്പടെ അനവധി പുരസ്ക്കാരങ്ങൾ അവരെ തേടി വന്നു.ബി.ബി.സി. 2016ലെ ഏറ്റവും പ്രചോദനമയികളായ 100 വനിതകളെ തെരഞ്ഞെടുത്തപ്പോൾ പട്ടികയിൽ തിമ്മക്കയും ഉണ്ടായിരുന്നു.കർണ്ണാടക സർക്കാർ അവരുടെ പേരിൽ 2014 - 2015, 2015-2016 വർഷങ്ങളിൽ തണൽ പദ്ധതികളും ആവിഷ്ക്കരിച്ചു. സ്ത്രീകളും പരിസ്ഥിതിയും തമ്മിലുള്ള ആത്മബന്ധങ്ങളുടെ ഉത്തമ ദൃഷ്ടാന്തമാണ് തിമ്മക്കയുടെ ജീവിതം.






**കുസുമം ജോസഫ്**
അദ്ധ്യാപിക
NAPM സംസ്ഥാന കോ-ഓർഡിനേറ്റർ

# മറ്റൊരു തൂത്തുക്കുടി കേരളത്തിൽ വേണോ? കാതിക്കുടത്തെ അമ്മമാർ

**കാ**തിക്കുടം പേരുകൊണ്ടു പോലും തൂത്തുക്കുടിയോട് ചേർന്നു നില്ക്കുന്നു. കാതിക്കുടത്തുകാർ മനസ്സുകൊണ്ട് തൂത്തുക്കുടിയെ ഏറ്റെടുത്തു കഴിഞ്ഞു. കഴിഞ്ഞ ദിവസം അന്തിമ സമരത്തിന് തയ്യാറെടുത്ത് നടന്ന യോഗത്തിൽ രക്തസാക്ഷി പ്രതിജ്ഞയെടുക്കാൻ 25 പേരെ ക്ഷണിച്ചപ്പോൾ കാതിക്കുടത്തുള്ള ഭൂരിപക്ഷം സമര സഖാക്കളും തയ്യാറായി മുന്നോട്ടുവന്നു. ജൂലൈ 21 ന് പോലീസ് മർദ്ദനത്തിന്റെ വാർഷികമാണ്. അന്നേ ദിവസം കാതിക്കുടം കമ്പനി മലിനജലം ഒഴുക്കാനായി ചാലക്കുടിപ്പുഴയിലേക്ക് ഇട്ടിരിക്കുന്ന മാലിന്യപൈപ്പ് ജനകീയമായി എടുത്തു മാറ്റുമെന്ന് സമരസമിതി പ്രഖ്യാപിച്ചു.അന്ന് പോലീസിന്റെ മർദ്ദനത്തിലോ വെടിവെപ്പിലോ മരിക്കേണ്ടി വന്നാൽ അതിന് അവർ തയ്യാറാണ്. നാടിനു വേണ്ടി രക്തസാക്ഷികളാകാൻ തയ്യാറായി രക്തസാക്ഷി പ്രതിജ്ഞയെടുക്കാൻ സമരപോരാളികളായ സ്ത്രീകൾ ആവേശത്തോടെ മുന്നിലേക്ക് വന്ന് കറുത്ത കൊടി വാങ്ങി കയ്യിൽ പിടിച്ചു.

കഴിഞ്ഞ നാലുപതിറ്റാണ്ടിലേറെയായി രാവും പകലും ഒരു കമ്പനി നരകതുല്യമാക്കിത്തീർത്ത ജീവിതത്തിനുടമകളാണ് കാതിക്കുടത്തെ സ്ത്രീകൾ. നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനി അവരുടെ ഗ്രാമത്തിലെ വായുവും വെള്ളവും മലിനമാക്കി മനുഷ്യരെ രോഗികളാക്കിത്തീർക്കുകയാണ്. ക്യാൻസറും ശ്വാസകോശ രോഗങ്ങളും കൊണ്ട് വലഞ്ഞവർ, ഇരുപത്തിനാലു മണിക്കൂറും അന്തരീക്ഷത്തിൽ തങ്ങി നില്ക്കുന്ന ഓക്കാനമുളവാക്കുന്ന അസഹനീയമായ ദുർഗ്ഗന്ധം സഹിക്കുന്നവർ, ആസിഡ് കലർന്ന് കുടിക്കാനാവാത്ത കിണർവെള്ളത്തിൽ വെച്ചുവിളമ്പുന്നവർ അവരാണ്

കാതിക്കുടം സമരത്തിന് തുടക്കമിട്ടത്, ഇപ്പോഴും പിന്മാറാതെ ഉറച്ചു നിന്നു പൊരുതുന്നവർ. സന്ധ്യയോടെ തീക്ഷ്ണമാകുന്ന ദുർഗ്ഗന്ധത്തിൽ കുട്ടികൾ ശ്വാസം കിട്ടാതെ വലയുന്നത് കണ്ടു



ത്രേസ്യാമ്മ

പൊറുതിമുട്ടിയവർ തീരുമാനിച്ചു ഇതിനൊരറുതി ഉണ്ടായേ പറ്റൂ.

1996 മുതൽ താൻ നടത്തിയ ശ്രമങ്ങളെപ്പറ്റി ജയം പങ്കജാക്ഷൻ എന്ന എഴുപത് പിന്നിട്ട വീട്ടമ്മ വാചാലയാകും. കമ്പനി പുഴ മലിനമാക്കുന്നതും കുടിവെള്ളം നാശമാക്കുന്നതും മനസ്സിലാക്കി കുറച്ച് ആളുകളെക്കൂട്ടി ഒപ്പുശേഖരണം നടത്തി. എറണാകുളം ജില്ലയിലെ കുന്നുകര വരെ നടന്നു പോയി ഒപ്പു ശേഖരിക്കാൻ കൂടിയവരിൽ പലരും കമ്പനിയുടെ സ്വാധീനത്തിൽ പെട്ട് ജോലി തരപ്പെടുത്തി പ്രതിഷേധത്തിൽ നിന്ന് പിന്മാറി. എന്നാലും പുതിയ ആളുകളെ കണ്ടെത്തി പ്രത്യക്ഷ സമരം ആരംഭിച്ചതു മുതൽ അവർ സമരമുഖത്തു നിന്ന് പിന്മാറിയിട്ടില്ല.

ജയംചേച്ചി പറയുന്നു: 'പുരുഷന്മാർ പല കാരണങ്ങൾ പറഞ്ഞ് സമരത്തിൽ നിന്ന് പിന്മാറിയിട്ടുണ്ട്. പക്ഷെ എത്ര കഷ്ടപ്പെട്ടിട്ടായാലും സ്ത്രീകൾ സമരത്തിൽ ഉറച്ചു നില്ക്കും.' സ്ഥിരമായി സ്ത്രീകൾ പത്തുപേരെങ്കിലും ഉണ്ടാവും. ഒരു സമരപരിപാടി തീരുമാനിച്ചാൽ നൂറുകണക്കിനു സത്രീകൾ സമരത്തിൽ പങ്കെടുക്കാനെത്തും.

ഇത്തവണത്തെ മഴയിലും പുഴയിൽ വെള്ളം പൊന്തി. പിറ്റേന്ന് മലവെള്ളം ഇറങ്ങിപ്പോയപ്പോൾ പറമ്പു നിറയെ, കൽപ്പടവു നിറയെ കമ്പനിയുടെ മാലിന്യം മെഴുക്കു പോലെ പാട പോലെ കിടക്കുന്നു. അറച്ചിട്ട് കാലു കുത്താൻ പറ്റാത്ത അവസ്ഥ.

മൃഗങ്ങളുടെ എല്ലിൽ നിന്ന് ഓസീനും ലൈംഡ് ഓസീനും ഉണ്ടാക്കുന്ന കമ്പനിയാണ് NGIL. ലക്ഷക്കണക്കിന് ലിറ്റർ ഹൈഡ്രോ ക്ലോറിക് ആസിഡ് ചേർത്താണ് ടൺ കണക്കിന് എല്ല് പ്രോസസ് ചെയ്യുന്നത്. ലക്ഷക്കണക്കിനു ലിറ്റർ ശുദ്ധജലവും ഇതിന് ഉപയോഗിക്കുന്നു. എല്ലിൽ നിന്നുള്ള മജ്ജയും മാംസാവശിഷ്ടങ്ങളും ആസിഡും ഈ പ്രോസസിനിടയിൽ ഉണ്ടാകുന്ന CMA ഖര ലോഹ മാലിന്യങ്ങളടക്കമുള്ള സകല വേയ്സ്റ്റും വലിയ കുഴൽ വഴി ചാലക്കുടിപ്പുഴയിലെ കുടിവെള്ളത്തിലേക്ക് ഒഴുക്കിവിടുന്നു. നൂറു കണക്കിനു മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊന്തുന്നത് കമ്പനിയുടെ പൈപ്പിനു താഴെ ചാലക്കുടിപ്പുഴയിൽ ആവർത്തിക്കുന്ന ദുരന്തമാണ്.

ജയം ചേച്ചിയെക്കാൾ മുമ്പ് കമ്പനിക്കെതിരെ പഞ്ചായത്തിലും കോടതിയിലും പരാതി കൊടുത്ത ആളാണ് ത്രേസ്യാമ്മ. എഴുപതു പിന്നിട്ട അവരും ഇപ്പോഴും സമരവേദിയിലുണ്ട്.



'കമ്പനി തുറന്ന് കുറച്ചു നാളുകൾക്കകം തന്നെ കിണറ്റിലെ വെള്ളം കുടിക്കാൻ പറ്റാതായി. അന്നും കമ്പനിക്കെതിരെ പഞ്ചായത്തിൽ പരാതി വെച്ചു. വെള്ളം മുഴുവൻ ആസിഡായിരുന്നു. കമ്പനി, എല്ലാ വീടുകളിലും കുമ്മായം വിതരണം ചെയ്യും, കിണറ്റിലിട്ട് അസിഡിറ്റി കുറക്കാൻ. അതും പറ്റാതെ വന്നപ്പോൾ പരാതിയെ തുടർന്ന് എല്ലാവർക്കും വെള്ളം ദൂരെ നിന്ന് കോരി കൊണ്ടുവരാനുള്ള പണം കൊടുത്തു. ഇപ്പോൾ അതൊന്നുമില്ല. എന്തു തന്നാലും ഇവിടെ കമ്പനി പ്രവർത്തിക്കുമ്പോൾ

ജീവിതം ഭീകരദുരന്തമാണ്. ചീത്തയായ വെള്ളം നമുക്ക് പോലീസിനെയോ കോടതിയെയോ കൊണ്ടുപോയി കാണിക്കാം. അന്തരീക്ഷത്തിലെ നാറ്റവും മാലിന്യവും കുപ്പിയിലാക്കി കോടതിയിലെത്തിക്കാൻ പറ്റുമോ?

ഞങ്ങൾക്ക് ന്യായം നടത്തിക്കിട്ടുന്നില്ല. ഈ കമ്പനി അടക്കണമെങ്കിൽ ഞങ്ങളും തൂത്തുക്കുടിയിലെപ്പോലെ മരിക്കണോ? ഞങ്ങൾ തയ്യാറാണ്. ഈ സഹനത്തിലും നല്ലത് അതാണ്.

സമരപ്പന്തലിലെ സ്ഥിര സാന്നിദ്ധ്യങ്ങളിൽ റോസി ചേച്ചിയും ഗിരിജ ചേച്ചിയും എഴുപത് കടന്നവർ തന്നെ. ഐഷാബി, അംബിക, സിന്ധു സന്തോഷ്, ഷെർളി പോൾ, മിനി, സുനിത, ജാനു അങ്ങനെ ഇനിയും പലരുമുണ്ട്.

**കമ്പനിയോട് ചേർന്ന് താമസിക്കുന്ന റോസി ചേച്ചി ഒരിക്കൽ പറഞ്ഞു. സമരം കൊണ്ടൊന്നും നമ്മള് രക്ഷപ്പെടുമെന്ന് തോന്നുന്നില്ല. ഗവ. കാശ്കാരോടൊപ്പമാണ്. ഞാൻ ഇത്ര കാലം ജീവിച്ചില്ലേ, നിങ്ങൾ അനുവദിച്ചാൽ ഇതിനു വേണ്ടി ഞാൻ മരിക്കാം.**

കമ്പനിയോട് ചേർന്ന് താമസിക്കുന്ന റോസി ചേച്ചി ഒരിക്കൽ പറഞ്ഞു. സമരം കൊണ്ടൊന്നും നമ്മള് രക്ഷപ്പെടുമെന്ന് തോന്നുന്നില്ല. ഗവ. കാശ്കാരോടൊപ്പമാണ്. ഞാൻ ഇത്ര കാലം ജീവിച്ചില്ലേ, നിങ്ങൾ അനുവദിച്ചാൽ ഇതിനു വേണ്ടി ഞാൻ മരിക്കാം.

സമരസമിതി സാഹസികമായി മത്സരിച്ച് വിജയിപ്പിച്ച പഞ്ചായത്ത് മെംബറായിരുന്നു ഷെർളി പോൾ. അവർ അഞ്ചു വർഷം പഞ്ചായത്തിലും ഇപ്പോഴും സമരസമിതിയിലും കമ്പനിക്കെതിരെ ഉറച്ചു നിൽക്കുന്നു.

ഐഷാബിയാണ് കൂട്ടത്തിൽ ആവേശഭരിതയായ സമര സഖാവ്. കാതിക്കുടത്ത് നടന്ന ഭീകരമായ ലാത്തിച്ചാർജ്ജിന് മുമ്പ് അറസ്റ്റ് ചെയ്ത് നീക്കിയ സ്ത്രീകളുടെ വലിയ സംഘത്തിൽ ഇവരെല്ലാം ഉണ്ടായിരുന്നു.

പിന്നീട് ജയിലിൽ പോയ ഐഷാബിയും മിനിയും ഗിരിജ ചേച്ചിയും വിയ്യൂർ സെൻട്രൽ ജയിലിൽ എട്ടു ദിവസമാണ് നിരാഹാരമിരുന്നത്. ഇനിയും എത്ര വട്ടം ജയിലിൽ പോകാനും ഐഷാബിയെപ്പോലെയുള്ളവർ തയ്യാറാണ്.

NGIL കമ്പനി കാതിക്കുടം വിട്ടു പോകാൻ, മക്കളുടെ ശ്വാസവും കുടിവെള്ളവും മണ്ണും സംരക്ഷിക്കാൻ, അവർക്ക് മനുഷ്യരേപ്പോലെ ജീവിക്കാനുള്ള അവകാശത്തിനായി മരിക്കാനും തയ്യാറാണ് ഈ സമര സഖാക്കൾ. ■





മിനിപ്രസാദ്
അദ്ധ്യാപിക, എഴുത്തുകാരി

# വെള്ളം എല്ലാം ഓർത്തു വയ്ക്കുന്നു

(സാറാജോസഫിന്റെ ആതി എന്ന നോവലിന്റെ പഠനം)

സമാധാനത്തിന്റെ പേര് വെള്ളം എന്നാണ്. ഇന്നേവരെ നാം സമാധാനത്തെപ്പറ്റി കേട്ട എല്ലാ നിർവ്വചനങ്ങളിൽ നിന്നും വ്യത്യസ്തമാണിത്. പക്ഷേ ഇന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ വരും കാലങ്ങളിൽ നാം നേരിടാൻ പോവുന്ന ജലക്ഷാമങ്ങളുടെ ഭീതിയിൽ ചിന്തിക്കുമ്പോൾ ഈ വാചകം അന്വർത്ഥമാവുന്നു. സാറാജോസഫ് തന്റെ 'ആതി' എന്ന നോവലിലാണ് ഈ വരികൾ കുറിച്ചു വെച്ചത്. ആതി ഒരു ദേശത്തിന്റെ കഥയാണ്. സമ്പൽസമൃദ്ധവും സ്വയം പര്യാപ്തവുമായ ഒരു ദേശം എങ്ങനെയെല്ലാം വികസനത്തിന്റെ മൂഢസ്വപ്നങ്ങളിലൂടെ സഞ്ചരിച്ച് അങ്ങനെ അല്ലാതെയായി മാറും എന്നതിന്റെ ഉദാഹരണമാണ് ആതിയുടെ അവതരണത്തിലൂടെ സാറാജോസഫ് നടത്തുന്നത്. നെല്ലും മീനും കക്കയും മനോഹരമായ വെള്ളവും നിറഞ്ഞ ദേശത്ത് ഉണ്ണാനും ഉടുക്കാനുമുള്ളത് മണ്ണീന്നും വെള്ളത്തീന്നും കിട്ടിയിരുന്ന ദേശത്ത് ഒരു ജനസമൂഹം സന്തോഷത്തോടെ കഴിഞ്ഞു വന്നു. അവർ സ്വന്തം നാടിനെപ്പറ്റി അഭിമാനിച്ചിരുന്നു. എല്ലാം പൊതുസ്വത്തായിരുന്നവർ കണ്ടൽക്കാടും അതിന്റെ തണുപ്പും തങ്ങളുടെ ജീവിതമാണെന്നു തിരിച്ചറിഞ്ഞവരുടെ ഇടയിൽ ദൈവവും വിശ്വാസവും പോലും സ്ഥാപനമായിരുന്നില്ല. മറിച്ച് ഒരു വിശ്വാസം മാത്രം. അത്തരം ഒരു ജലജീവിതത്തിലേക്കാണ് പുത്തൻ ലോകത്തിന്റെ സമവാക്യങ്ങൾ കടന്നുവരുന്നത്. അതോടെ ആതി ആതിയല്ലാതെയാവുന്നു. പുരോഗതിയിലേക്ക് കടക്കാൻ വെമ്പുന്ന ഇന്നത്തെ ലോകത്തിന്റെ ഏതൊരു പ്രദേശവുമായി മാറുന്നു. അത്തരം




ഒരു വ്യതിയാനം എങ്ങനെ സംഭവിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് സാറാജോസഫ് നടത്തുന്നത്.

മരുഭൂമിയിലെ ജല ഉടമ്പടി ഹാഗാറിന് ലഭ്യമായതു പരാമർശിച്ചുകൊണ്ടാണ് നോവൽ ആരംഭി

ക്കുന്നത്. ഭൂമിയിൽ സ്ത്രീയും വെള്ളവുമായി സവിശേഷമായ ബന്ധമുണ്ട് എന്ന പറച്ചിലിനെ ഇത്തരം ഒരു ഉടമ്പടിയിലൂടെ സവിശേഷമായ ഒന്നാക്കി മാറ്റുന്നുണ്ട് സാറാജോസഫ്. വെള്ളത്തിന്റെ സൂക്ഷിപ്പുകാരിയായി ഹാഗാർ മാറുന്നു. കൃഷിചെയ്യാനായി വെള്ളം നൽകുകയും സഞ്ചാരികൾക്ക് കുടിക്കാൻ നൽകുകയും ചെയ്യുക എന്നതിനപ്പുറം അവിടെ വെള്ളത്തിന് ഉപയോഗങ്ങളില്ല. ജലം സാക്ഷിയാണ് ആതി എന്ന നോവലിൽ. അതിലേറെ കഥാപാത്രവുമാണ്. അദ്ധ്വാനിക്കുന്നവന്റെ വെശർപ്പ് വെള്ളം വീണിട്ടാണ് ആ വെള്ളം പുളിക്കുന്നത് എന്നു വിശ്വസിക്കുന്ന ആതിയിലെ ജനങ്ങൾക്കിടയിൽ നിന്ന് അവരുടെ സമൃദ്ധമായ ജീവിതത്തിലേക്ക് ആദ്യത്തെ ചോദ്യമെറിഞ്ഞ വ്യക്തി കുമാരനായിരുന്നു.

"മുന്നൂറ്റി അറുപത്തിയഞ്ചുദിവസവും വെള്ളത്തിൽ മുങ്ങിക്കിടന്നാൽ എന്തുകിട്ടും?"

"ഇടാനൊരു നല്ല തുണിയുണ്ടോ ?

ചൂട്ടുകറ്റയല്ലാതെ രാത്രിയിൽ ഒരു വഴിവിളക്ക് കൂട്ടിനുണ്ടോ?" ഇങ്ങനെയുള്ള ചോദ്യങ്ങൾ കൊണ്ട് അവൻ പ്രതിഷേധിക്കുമ്പോൾ മേലനങ്ങി പണിയെടുക്കാൻ മടിച്ചിട്ടാണ് എന്നാണ് ആതിയിലുള്ളവർ അതിനോട് പ്രതികരിക്കുന്നത്. കുമാരൻ സ്വന്തം ഭൂമി വിറ്റ് ആതി വിട്ടു പോവുമ്പോൾ കുഞ്ഞിമാതു ഉൾപ്പെടെ എല്ലാവരും ചിന്തിക്കുന്നത് വെള്ളം എല്ലാം ഓർത്തു വയ്ക്കും വെള്ളത്തിന് എല്ലാമറിയാം എന്നാണ്. കുമാരന്റെ പറച്ചിൽ ഒരു അഹങ്കാരമായേ അവർക്ക് കണക്കാക്കാനായുള്ളൂ. കാരണം അവിടെ എന്തിന്റെ കുറവാണെന്ന് അവർക്ക് മനസ്സിലായതേയില്ല. ഒരാൾ ഉച്ചയാവോളം പണിയെടുത്താൽ മതി കുടുംബം കഴിയാനുള്ളത് ആതിയിലെ വെള്ളത്തിൽ നിന്ന് കിട്ടും. മീനായിട്ടോ കക്കയായിട്ടോ. എല്ലാവരും കൂടി ഒന്നിച്ച് പൊക്കാളികൃഷിയിൽ നിന്ന് ഉണ്ണാനുള്ള നെല്ല് കഴിച്ച് വില്ക്കാനുള്ളതും കിട്ടും. ആറുമാസം നെല്ലും ആറുമാസം മീനും കൃഷി ചെയ്താൽ ആതിയിൽ സുഖമായിട്ട് ജീവിക്കാം. അങ്ങനെ സ്വന്തം സ്ഥലം വിറ്റ് കുമാരൻ ആതി വിട്ട് പോകുന്നു. ആതിയുടെ ജീവിതത്തിന്റെ സ്വച്ഛത ഉൾക്കൊള്ളാനൊരിക്കലും കഴിയാത്ത ആരെയോ അവിടെ കൊണ്ടുവന്ന് ആക്കി പോവുന്ന കുമാരൻ ആ ജീവിതത്തിന്റെ വിശുദ്ധി ഭഞ്ജിക്കുന്നതിനോടൊപ്പം കുഞ്ഞിമാതു എന്ന കാമുകിയുടെ വിശുദ്ധിയും ഇല്ലാതെയാക്കുന്നു. അവൾ ആതിയിൽ അദ്ധ്വാനിച്ച് മീൻകുഞ്ഞുങ്ങളെ പോറ്റി അവളുടെ ഭാഷയിൽ എല്ലാം നേടി ജീവിക്കുന്നു. ബേപ്പൂരുകാരൻ മുഹമ്മദിന്റെ കയ്യിൽ നിന്നും കുമാരൻ വിറ്റുകളഞ്ഞ ഭൂമി തിരികെ വാങ്ങിയതും കുഞ്ഞിമാതുവായിരുന്നു. ഇപ്പോൾ മുപ്പത്തിയാറ് കൊല്ലങ്ങൾക്കുശേഷം കുമാരൻ തിരികെ വന്നപ്പോൾ ആതിയിലെ മനുഷ്യർക്ക് അത് മനസ്സിലാവുന്നതേയില്ല. "സുഖങ്ങളെല്ലാം അനുഭവിച്ച ശേഷം നെഞ്ചിൽ നെരിപ്പോടുമായി തിരിച്ചെത്തി ആതി

**പൂർവ്വപുണ്യത്തിന്റെ തണുത്ത കയമാണ് അതെന്നും. ലോകത്തിന്റെ എല്ലാ ഭാഗത്തും വെള്ളവും മണ്ണും മലിനമാക്കിയ വികസനത്തിന്റെ ബാക്കി പത്രമായ ഏതു ദേശവുമാണ് ആതി. സമാധാനത്തിന്റെ പേരാണ് വെള്ളം എങ്കിൽ ആ ഉടമ്പടികൾ ലംഘിച്ച മനുഷ്യർ തന്നെ ആ സമാധാനലംഘനവും നടത്തുന്നു. ഈ പുസ്തകം ഒരു ഓർമ്മപ്പെടുത്തലാണ്. വെള്ളത്തിന്റെ വില മനുഷ്യനെ മനസ്സിലാക്കുന്ന, വെള്ളം മലിനീകരിക്കപ്പെട്ടാൽ മനുഷ്യനുണ്ടാകുന്ന കെടുതികളുടെ ഓർമ്മപ്പെടുത്തൽ.**

യിലെ കിണറുകൾക്കും കുളങ്ങൾക്കും തോടുകൾക്കും ചാലുകൾക്കും അരികിൽ അവർ ചെന്നു നിൽക്കും.

'ഞാൻ നിങ്ങളെ ഓർക്കുന്നില്ല'

വെള്ളം അവരോട് പറയും. കുട്ടിക്കാലത്തെന്നപോലെ "വരിക" എന്നവരെ മാടിവിളിക്കുകയുമില്ല." എന്നാണ് ആതിയിലെ ജനത അവന്റെ വരവിനോട് പ്രതികരിച്ചത്. പക്ഷേ, കുമാരൻ വെള്ളത്തോട് കിന്നാരം പറയാനായി വന്നവനല്ല. അവന് വെള്ളത്തിന്റെ സ്നേഹവും നിരാകരണവും മനസ്സിലാവുകയുമില്ലായിരുന്നു. വരവിനും പോക്കിനും അവന് വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു.

ആതിയുടെ മുഖഛായ തന്നെ മാറ്റാനുള്ള പദ്ധതികളുമായിട്ടാണ് കുമാരൻ വന്നത്. അതിൽ ഏറ്റവും പ്രധാനം ഒരു പാലമായിരുന്നു. പുറംലോകവുമായി ആതിയെ ബന്ധിപ്പിക്കാനുള്ള പാലം. പിന്നെ തമ്പുരാന്റെ കൊട്ടിൽ എന്ന ആരാധനാസ്ഥലം. തമ്പുരാന്റെ കൊട്ടിലിൽ ആതിയിൽ പ്രതിഷ്ഠയൊന്നുമില്ല. പക്ഷേ അമ്പലം പുതുക്കിപ്പണിയുന്നതോടെ അവിടേക്ക് പുറമേ നിന്നുള്ള ആളുകൾ കടന്നുവരും. അങ്ങനെ ഭക്തിയിലൂടെ ടൂറിസം വികസിക്കും. പിന്നെ തമ്പുരാന്റെ പേരിൽ ആതിയിൽ ഒരു സ്കൂളുണ്ടാവും. അതിനു ശേഷം ചതുപ്പുകൾ നികത്തി കളിസ്ഥലം ഉണ്ടാക്കും. അങ്ങനെയാണ് വയലുകൾ മണ്ണിട്ട് നികത്താൻ തുടങ്ങുന്നത്. അതിലൂടെ എന്താണ് നേടുക എന്നത് ആതിയുടെ പഴയ തലമുറക്ക് മനസ്സിലായില്ല എങ്കിലും പുതിയതലമുറക്കാർക്ക് - പ്രകാശനും

അമ്പുവിനും ഉണ്ണിമോനും – കുറേക്കാലം കണ്ട കുമാരേട്ടൻ പറയുന്നതെല്ലാം വേദവാക്യമായിട്ടാണ് അനുഭവപ്പെടുന്നത്. കുട്ടികളെ കയ്യിലെടുക്കാൻ മെജീഷ്യനും ചെറുപ്പക്കാരെ വശത്താക്കാൻ പൂജാരിയും കുഞ്ഞിമാതുവിനോടും സഖികളോടും സംസാരിക്കാൻ കൊമ്പൻ ജോയിയും അങ്ങനെ ഓരോരുത്തരെ വശത്താക്കാൻ ഓരോ വഴികൾ പ്രയോഗിക്കുന്ന കുമാരൻ അധിനിവേശത്തിന്റെ യഥാർത്ഥ മുഖം വെളിപ്പെടുത്തുന്നു. ചെമ്മീൻ കെട്ടുകളിൽ നിന്ന് ചെമ്മീൻ കൃഷിയിലേക്കുള്ള മാറ്റം അവതരിപ്പിച്ച് എന്തിലും ലാഭം എന്ന പുതിയ സമവാക്യത്തെ അവതരിപ്പിക്കുന്നു. അതിലൂടെ കാർഷിക പുരോഗതിയാണോ ഉണ്ടാവുന്നത് എന്ന സംശയം പങ്കുവെയ്ക്കുകയും ചെയ്യുന്നു.

ആതിയിലെ സ്ത്രീനീതികൾ വ്യത്യസ്തമാണ്. തമ്പുരാന്റെ കൊട്ടിൽ പണിഞ്ഞത് സ്ത്രീകളായിരുന്നു എന്ന ഒറ്റപ്രസ്താവനയിലൂടെ അവർക്ക് അന്നത്തെ സാമൂഹ്യജീവിതത്തിലുണ്ടായിരുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. പുരുഷനോടൊപ്പം അദ്ധ്വാനിച്ചും കക്കവാരിയും മീൻപിടിച്ചും അവർ ജീവിച്ചു പോന്നു.

വെള്ളവും അവരുമായുണ്ടായിരുന്ന സവിശേഷമായ ബന്ധം വളരെ പരിപാവനവുമായിരുന്നു. ഏറ്റവും ഉറ്റ സുഹൃത്തിനെപ്പോലെയാണ് വെള്ളത്തെ അവർ സ്വീകരിക്കുന്നത്. കൃഷിയും ജീവിതവും തമ്മിൽ ഭേദവുമില്ലായിരുന്നു. എല്ലാം എല്ലാവർക്കും സ്വന്തമായിരുന്ന ഒരു ജീവിതമായിരുന്നു അവരുടേത്. വെള്ളവുമായി അത്രയേറെ ഇണങ്ങി നിന്നതിനാലാണ് ചക്കംകണ്ടത്തേക്ക് വിവാഹം കഴിച്ചുകൊണ്ടുപോയ ഷൈലജ ആ വെള്ളത്തിന്റെ ദുർഗ്ഗന്ധം സഹിക്കാനാവാതെ ആതിയിലേക്കെത്തിയത്. കറുത്ത് കൊഴുത്ത വെള്ളവും അതിന്റെ ദുർഗ്ഗന്ധവും അതിലൂടെ ഒഴുകി വരുന്ന വസ്തുക്കളും നഗരത്തിന്റെ സുഖഭോഗങ്ങളുടെ ബാക്കിയാണെന്ന് അന്ന് ഷൈലജക്ക് തോന്നിയില്ല. ഷൈലജയെ വീട്ടിൽ കൊണ്ടുവിടുമ്പോൾ ചക്കംകണ്ടം കായൽ തെളിയുമ്പോൾ താൻ തിരികെ വരും എന്നൊരു വാക്ക് ചന്ദ്രമോഹനന് കൊടുക്കുന്നുണ്ട്. അതൊരിക്കലും തെളിയുന്നില്ലെന്നു മാത്രമല്ല, ആതി കലങ്ങുകയും ചെയ്യുന്നു. കുമാരനെതിരെ സമരം ചെയ്യാൻ ശൈലജയാണ് മുന്നിൽ. അവളുടെ ആത്മഹത്യാശ്രമം കൊണ്ട് പാലം പണിക്കാരെ അല്പകാലത്തേക്കെങ്കിലും അമർത്താനും കഴിയുന്നു. അതുപക്ഷേ താത്ക്കാലികം മാത്രമായിരുന്നു.

ആതിയിലെ സകലപ്രശ്നത്തിനും പരിഹാരമായി തമ്പുരാന് ദാഹം വെയ്പ്പിക്കലും കുരുതിയും പുനഃസ്ഥാപിക്കണം എന്നുപറയുന്ന പുരുഷലോകത്തോട് കലമ്പുന്ന ഇടത്താണ് ആ സ്ത്രീകൾ വ്യത്യസ്തരാവുന്നത്. കുരുതി മുടങ്ങിയതിനാലല്ല കൃഷി മുടങ്ങിയതിനാലാണ് തമ്പുരാൻ കോപിക്കുന്നതെന്ന് അവർ തിരിച്ചറിയുകയും അതിനുള്ള മുന്നൊരുക്കമായി ബണ്ട് കെട്ടുകയും ചെയ്യുന്നു. കൃഷിചെയ്താണ് തങ്ങൾ ദാഹം വെയ്പ്പിക്കുന്നതെന്ന് അവർ പറയുന്നു. മതിൽ കെട്ടി വെള്ളത്തെ തടഞ്ഞു നിർത്തിയ ഒരു വികസനത്തെ എങ്ങനെയാണ് അവർ സ്വീകരിക്കുക? വെള്ളത്തിന്റെ നിലവിളികൾ കേൾക്കുന്നതും സ്ത്രീകളാണ്. വരണ്ടനിലങ്ങൾ തന്റെ മുന്നിലൂടെ കടന്നു പോവുന്നത് കാണുന്ന കുഞ്ഞിമാതുവാണ് തമ്പുരാൻ അവിടെ നിന്നും അകന്നുപോവുന്നത് തിരിച്ചറിയുന്നത്. ജലസമൃദ്ധവും ഫലഭൂയിഷ്ഠവുമായ ഒരു പ്രദേശമായിരുന്നു അവരുടെ ആരാധന എന്നും അത് അകന്നു പോവുന്നു എന്നും അറിയുന്നതോടെ അവൾ ജലസമാധിക്ക് ഒരുങ്ങുന്നു.

വെള്ളം സാന്ത്വനസ്പർശമായി മാറുന്നത് കായൽ എന്ന പെൺകുട്ടിയുടെ ജീവിതത്തിലാണ്. നഗരത്തിന്റെ മുറിവുകൾ ഏറെ ഏറ്റ് ജീവിതം വളരെ കുഞ്ഞിലെ പിച്ചിച്ചീന്തപ്പെട്ട് മാനസികമായൊരു വിഭ്രാന്തിയിലായി സംസാരിക്കാൻ തന്നെ അവൾ മറന്നു പോയിരുന്നു. മനുഷ്യരെ കാണുമ്പോൾത്തന്നെ അലറിവിളിക്കുന്നത്ര മനോനില തകരാറിലായവൾ. അവൾ വെള്ളത്തിന്റെ സാമീപ്യത്തിൽ സ്വസ്ഥയാകുന്നു. എത്രയോ കാലങ്ങൾക്ക് ശേഷം സംസാരിക്കുന്നു. മഞ്ഞപ്പാപ്പാത്തികളുടെ തിരിച്ചുവരവ് കണ്ടെത്തുന്നതും ആ കുട്ടിയാണ്. അവളുടെ അമ്മ ഗീതാഞ്ജലി ജീവിതത്തിന്റെ കഠിനകാലങ്ങൾ താണ്ടി വന്നതിനാലാവാം ആതിയിലെ പ്രതിസന്ധികൾ അവസാനിക്കുമെന്നും ഒക്കെ തിരികെ വരുമെന്നും വിശ്വസിക്കുന്നുണ്ട് . മഞ്ഞപ്പാപ്പാത്തികളുടെ തിരിച്ചുവരവ് ഒരു ശുഭസൂചനയായിട്ടാണ് അവരും കാണുന്നത് . പക്ഷേ നമുക്ക് അറിയാം, പുറംലോകം മാറിമറിയുക മാത്രമല്ല കൈനീട്ടുകയുമാണ്. ആതിയെപോലുള്ള പ്രദേശങ്ങൾ ആ കൈകളിൽ പെട്ടു പോവുകയാണ്. "നെഞ്ചു കൊണ്ട് ഭൂമിയെ അറിയുന്നവരിൽ നിന്നു തല കൊണ്ട് ഭൂമിയെ അറിയുന്നവരിലേക്ക്" ലോകം മാറുമ്പോൾ നാം എന്ത് പ്രതീക്ഷിക്കാനാണ്. തേറ്റാമ്പരൽ എന്ന മരുന്ന് മതിയാവില്ലല്ലോ ഈ അശുദ്ധികളെ നീക്കാൻ.

ആതി ഏതു പ്രദേശവും ആവാം എന്ന് സാറാ ജോസഫ് പറഞ്ഞിട്ടുണ്ട്. പൂർവ്വപുണ്യത്തിന്റെ തണുത്ത കയമാണ് അതെന്നും. ലോകത്തിന്റെ എല്ലാ ഭാഗത്തും വെള്ളവും മണ്ണും മലിനമാക്കിയ വികസനത്തിന്റെ ബാക്കിപത്രമായ ഏതു ദേശവുമാണ് ആതി. സമാധാനത്തിന്റെ പേരാണ് വെള്ളം എങ്കിൽ ആ ഉടമ്പടികൾ ലംഘിച്ച മനുഷ്യർ തന്നെ ആ സമാധാനലംഘനവും നടത്തുന്നു. ഈ പുസ്തകം ഒരു ഓർമ്മപ്പെടുത്തലാണ്. വെള്ളത്തിന്റെ വില മനുഷ്യനെ മനസ്സിലാക്കുന്ന, വെള്ളം മലിനീകരിക്കപ്പെട്ടാൽ മനുഷ്യനുണ്ടാകുന്ന കെടുതികളുടെ ഓർമ്മപ്പെടുത്തൽ.

# പരിസ്ഥിതി



## ഇസറ്റു സീസെ

'മാലിന്യ പുനരുൽപാദനത്തിന്റെ റാണി' എന്നറിയപ്പെടുന്ന ഗാംബിയയിലെ പ്രക്ഷോഭകയായ ഇസറ്റുവിന്റെ പ്രവർത്തനങ്ങൾ ഗാംബിയിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം പശ്ചിമ ആഫ്രിക്കയിലെ നൂറുകണക്കിന് സ്ത്രീകൾക്ക് വരുമാന മാർഗ്ഗമുണ്ടാക്കാനും വഴിയൊരുക്കി.



## മരീന സിൽവ

ബ്രസീലിലെ ആമസോൺ മഴക്കാടുകൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധയായ പോരാളിയാണ് മരീന സിൽവ. ചികോ മെൻഡസ് എന്ന സഹപ്രക്ഷോഭകൻ കൊല്ലപ്പെട്ടിട്ടും മരീന പോരാട്ടം തുടരുന്നു



## സിൽവിയ ഏൾ


2009 ലെ ടെഡ് പുരസ്ക്കാരത്തിന് അർഹയായ സിൽവിയ സമുദ്രസംരക്ഷണ പദ്ധതിയായ 'മിഷൻ ബ്ലൂ' വിന് രൂപം നൽകി പ്രവർത്തിച്ചു വരുന്നു

# പോരാളികൾ




## വാംഗരി മാതെയ്

കെനിയയിലെ ഭൂസംരക്ഷണ പ്രശ്നത്തിൽ നിരന്തര പോരാട്ടത്തിലായിരുന്നു 2004 ലെ നൊബേൽ സമ്മാന ജേത്രികൂടിയായ വാംഗരി മാതെയ്.



## വിനോന ലാ ഡ്യൂക്ക്

അമേരിക്കയിലെ ആദി ഗോത്രങ്ങളുടെ സംരക്ഷകയും 'ഓണർ ദ് എർത്' എന്ന ഗോത്ര സംഘടനയുടെ സ്ഥാപകയുമായ വിനോന ഗോത്ര മേൽനോട്ട ത്തിലുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.



## ബെർട്ട ഇസബെൽ കകാരസ് ഫ്ളോറസ്

ഹോണ്ടുറസിലെ ലെൻക വംശജയായ ബെർട്ട തോട്ടങ്ങളും അണക്കെട്ടുകളും വരുത്തിവെച്ച പരിസ്ഥിതിനാശത്തിനെതിരെ നിതാന്തപോരാട്ടത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. സ്വന്തം ജീവന് അപകടമുണ്ടെന്ന് അറിഞ്ഞിരുന്ന ബെർട്ട 2016 ൽ കൊല്ലപ്പെടുകയായിരുന്നു.





എം.എച്ച്.താഹിറ
കോഴിക്കോട് സിൽക്ക് സ്ട്രീറ്റിൽ ഗാർമൻസ്
എന്ന പേരിൽ ബുട്ടീക്ക് നടത്തുന്നു

# തായ്‌ലന്റ് ഒരു മൗന നിലവിളി

യാത്ര എന്റെയും കുടുംബത്തിന്റെയും ദൗർബ്ബല്യമാണ്. വയനാടും മൂന്നാറും എത്ര പോയിട്ടും മടുക്കാത്തവരാണ് ഞങ്ങൾ. അവിടെ എവിടെയെങ്കിലും ജനിക്കാതെ പോയതെന്ത് എന്ന് ഇടക്കാലോചിക്കും. അതുകൊണ്ട് ഇടക്കിടെ വയനാട്ടിൽ പോയി സങ്കടം തീർക്കും. താമസിക്കുന്ന ചേവായൂരിൽ നിന്ന് ഒന്നര മണിക്കൂർ ഡ്രൈവ് ചെയ്താൽ ലക്കിടി എത്തി. കാലാവസ്ഥ മാറി. അന്തരീക്ഷം മാറി.

യാത്ര പോവാൻ ഞങ്ങൾക്ക് ഒരു ചങ്ങാതിക്കൂട്ടമുണ്ട്. ഫാറൂഖ് കോളേജിലെ അദ്ധ്യാപകനായിരുന്ന ഭർത്താവ് ഹാഫിസ് മുഹമ്മദിന്റെ സഹപ്രവർത്തകർ. പല വിഷയങ്ങൾ പഠിപ്പിക്കുന്നവരാണെങ്കിലും ഞങ്ങൾ വളരെ അടുപ്പമുള്ള സുഹൃത്തുക്കൾ. ഭാര്യമാരെല്ലാം യാത്രാപ്രിയർ. കുളു, മനാലി, സിക്കിം, കാശ്മീർ എല്ലാം ഞങ്ങൾ ഒരുമിച്ചാണ് പോയിരുന്നത്. വളരെ രസകരമായ യാത്രയായിരുന്നു. കേരളത്തിൽ നിന്നും വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയാണ് കുളു മനാലിയിൽ. ഐസ്മല കാണുമ്പോൾ ഈ രാജ്യത്താണോ നമ്മളും എന്ന് അതിശയിച്ചു പോവും. ഒഴുകുന്ന ടീസ്റ്റ നദിയുടെ അരികിലൂടെ കയറിയുള്ള മനാലിയാത്ര ഒരുപാട്




ആസ്വദിച്ച ഒരു യാത്രയാണ്. കാശ്മീരാണെങ്കിൽ ഒരുപാട് പോവാൻ ആശിച്ച് പോയ ഒരു സ്ഥലമാണ്. നമ്മുടെ സങ്കൽപ്പത്തിൽ നിന്നും ഒട്ടും നിരാശപ്പെടുത്തില്ല എന്ന് മാത്രമല്ല, അതിൽ കൂടുതൽ തരുന്ന ദേശം.

ഈ വെക്കേഷൻ ഇന്ത്യക്ക് പുറത്താവാമെന്ന് എല്ലാവരും കൂടി തീരുമാനിക്കുന്നു. തായ്‌ലന്റിൽ പോവാമെന്ന് അഭിപ്രായം വരുന്നു. തായ്‌ലന്റ് ഏഷ്യയിലെ ഏറ്റവും ആകർഷണമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നാണെന്നറിയാം. ആളുകൾ അങ്ങോട്ട് ഒഴുകുന്ന കാരണം മനസ്സിലാക്കാൻ ഒരു തവണ തായ്‌ലന്റിൽ പോവാൻ ആഗ്രഹമുണ്ടായിരുന്നു. പൊതുവെ വൻനഗരങ്ങളല്ല താല്പര്യമെങ്കിൽ കൂടി.



തായ്‌ലന്റിൽ പോവുന്നതിൽ ഒരു ആകസ്മികത കൂടിയുണ്ട്. താഹിറ എന്ന എന്നെ അടുത്തറിയുന്നവരും കുടുംബാംഗങ്ങളും തായി എന്നാണ് വിളിക്കുന്നത്. ഉമ്മയെ സ്വന്തം നാട്ടിൽ തിരിച്ചേൽപ്പിക്കാനാണോ പോവുന്നത് എന്ന് മകന്റെ കമന്റ് പുറപ്പെടും മുമ്പ് കിട്ടി.

ബാങ്കോക്ക് വിമാനത്താവളത്തിൽ ഇംഗ്ലീഷറിയുന്ന തായ്‌ലന്റ് സ്വദേശിയായ ഗൈഡുണ്ടായിരുന്നു. റോജർ. രാവിലെയും ഉച്ചക്കും രാത്രി പാതിരക്കും ഗുഡ്മോണിങ്ങ് എന്നും പറഞ്ഞാണ് അനൗൺസ്മെന്റ് തുടങ്ങുക എന്നുമാത്രം. തായ് ഭാഷയല്ലാതെ മറ്റൊരു ഭാഷയുമറിയാത്ത നാട്ടുകാരിൽ കുറച്ച് ഇംഗ്ലീഷറിയുന്നത് തന്നെ ആശ്വാസം.

ഹിമാലയത്തിന്റെ തുടർച്ചയായ ഹരിതമനോഹര ഭൂമി എന്ന സങ്കൽപ്പത്തിലാണ് ബാങ്കോക്ക് നഗരത്തിൽ വന്നിറങ്ങുന്നത്. തലേ ദിവസത്തെ ഉറക്കമുണ്ടായിരുന്നെങ്കിലും കണ്ണ് തുറന്ന് പിടിച്ചു. കാഴ്ചകൾ കാണാൻ. സാദാ നഗരം. കെട്ടിടങ്ങൾ, കുതിച്ചു പായുന്ന വാഹനങ്ങൾ, നല്ല റോഡ്. ഏകദേശം കേരളത്തിന്റെ ഭൂപ്രകൃതി. ഇരുവശവും തെങ്ങ്, വാഴ, പുളി, പപ്പായ അങ്ങനെ പലതും.

പട്ടായയിലാണ് താമസം ചെന്ന ദിവസം. പോവുന്ന വഴിയിൽ ശ്രീരാച ടൈഗർ പാർക്കാണ് ആദ്യ സന്ദർശന സ്ഥലം. മെയ് മാസം. കേരളത്തിലെ അതേ കാലാവസ്ഥ നല്ല വെയിൽ. ഞങ്ങൾ

'സൂ'വിലിറങ്ങി. കുറച്ച് കഴിഞ്ഞ് ഗൈഡ് പറയാൻ തുടങ്ങി. മഴ പെയ്യും സൂ കാണുന്നത് നടക്കില്ല എന്ന്. കുറച്ച് പച്ചപ്പും മരങ്ങളുമൊക്കെയുള്ള സ്ഥലം. നടക്കാൻ തോന്നുന്ന സ്ഥലം. ടിക്കറ്റ് പൈസ ലാഭിക്കാനുള്ള അയാളുടെ ഐഡിയയാണോ എന്ന് എല്ലാവർക്കും സംശയം. ഞങ്ങൾ മഴയത്ത് നടക്കാൻ ഇഷ്ടപ്പെടുന്നവരാണെന്ന് എങ്ങനെയൊക്കെയോ അയാളെ ധരിപ്പിച്ച് അയാളെക്കൊണ്ട് ടിക്കറ്റെടുപ്പിച്ച് ഉള്ളിൽ കയറി. ടിക്കറ്റൊക്കെ പാക്കേജിൽ പെടുന്നതാണ്. അകത്ത് കയറിയതും പെരുമഴ തുടങ്ങി. ആകാശം നോക്കിയുള്ള അയാളുടെ പ്രവചനം കറക്ടായിരുന്നു. നൂറ്റായ് ബാത് കൊടുത്ത് കുട വാങ്ങിച്ച് എല്ലാവരും മഴ ആസ്വദിച്ച് നടക്കാൻ തുടങ്ങി.



ആ പാർക്കിൽ 'ക്രോക്കഡയിൽ' ഷോയും 'ടൈഗർഷോ'യുമാണ് പ്രധാനമായും ഉള്ളത്. മുതലകളുടെ മേലെ കയറിയിരുന്നും അതിന്റെ വായ തുറപ്പിച്ചുമൊക്കെയുള്ള ഷോ. മുതലയുടെ മേലെ കയറിയിരുന്ന് നമുക്ക് ഫോട്ടോ ഒക്കെ പിടിക്കാം. എല്ലാവരും ആർപ്പുവിളിക്കുന്നു. അത്ഭുതപ്പെടുന്നു. എനിക്കൊരു താല്പര്യവും തോന്നാത്ത കാഴ്ച. അത് കഴിഞ്ഞ് വേറൊരു സ്ഥലത്ത് ടൈഗറിനെ വളയത്തിലൂടെ ചാടിക്കുന്നു. കയറിലൂടെ നടത്തിക്കുന്നു. സർക്കസ് തന്നെ. സഹതാപമാണ് തോന്നിയത്. ആസ്വദിച്ചത് മഴയത്തുള്ള പാർക്കിലൂടെയുള്ള നടത്തം മാത്രം. കൂട്ടത്തോടെ ഒരു യാത്രയാവുമ്പോൾ എല്ലാവരുടേയും താല്പര്യത്തിനു മുൻതൂക്കം കൊടുക്കേണ്ടി വരും ഇനിയും ദിവസങ്ങളുണ്ടല്ലോ. സ്ഥലവും സംസ്ക്കാരവും അറിയാനിരിക്കുന്നു എന്നാശ്വസിച്ചു.



പട്ടായയിലേക്കാണ് പിന്നീട് കൊണ്ടുപോവുന്നത്. സെക്സ് ടൂറിസം ഡെസ്റ്റിനേഷൻ എന്ന ചിത്രം മനസ്സിലുണ്ട്. ഒരു കൊച്ചു കടലോരമാണ്. റോഡിനിരുവശവും. മസാജ് കേന്ദ്രങ്ങൾ മാത്രമാണ് കാണുന്നത്. അല്പവസ്ത്രധാരികളായ സ്ത്രീകൾ നിരന്നിരിക്കുന്നത് കാണാം. നിരത്തിലേക്കിറങ്ങുന്നതും മസാജ് നടത്താനുള്ള ക്ഷണം വരും.


ഞങ്ങളെ ഹോട്ടലിലാക്കി വിശ്രമിക്കാൻ പറഞ്ഞ് ഗൈഡ് പോയി. വൈകുന്നേരം ഡാൻസ് കാണാൻ പോവാൻ റെഡിയാവണമെന്ന് പറഞ്ഞിരുന്നു. മാക്സിമം ടൂറിസ്റ്റുകളെ ആനന്ദിപ്പിക്കുക എന്ന ലക്ഷ്യമേയുള്ളൂ എന്ന് ഈ നൃത്തപരിപാടി കണ്ടാൽ തോന്നും. അവരുടെ ഒരു മിത്ത് കഥയായി അവതരിപ്പിക്കുകയാണ്. അതിസുന്ദരികളായ പെൺകുട്ടികൾ കണ്ണഞ്ചിക്കുന്ന വസ്ത്രങ്ങളുമായി നൃത്തം ചെയ്യുന്നു. സ്റ്റേജ് മാറുന്നതൊക്കെ വിസ്മയകരമായ കാഴ്ചയാണ്. പരിപാടി കഴിഞ്ഞാൽ നൃത്തം അവതരിപ്പിച്ച സ്ത്രീകൾ കാണികളുടെ കൂടെ പണം വാങ്ങി ഫോട്ടോക്ക് പോസ് ചെയ്തു കൊടുക്കും.

ഗൈഡില്ലാതെ രാത്രി നടക്കാനിറങ്ങിയപ്പോൾ കണ്ട കാഴ്ചയും മറ്റൊന്നല്ല. നന്നായി ഒരുങ്ങി റോഡിൽ ഇറങ്ങി നിൽക്കുന്ന പെൺകുട്ടികൾ. കാറുമായി വന്ന് അവരെ കൂട്ടിക്കൊണ്ട് പോവുന്നവർ. രാത്രി പതിനൊന്ന് മണി നേരത്ത് കയ്യിലുള്ള ചെറിയ ബാഗിലെ കണ്ണാടിയെടുത്ത് വീണ്ടും വീണ്ടും ലിപ്സ്റ്റിക് ഇട്ട് അണിഞ്ഞൊരുങ്ങുന്ന സന്തോഷവതികളായ പെൺകുട്ടികളെ ഞാനൊരു ഞെട്ടലോടെയാണ് കണ്ടത്. മാതാപിതാക്കൾ മകൾ സുന്ദരിയും നല്ല വശ്യതയുള്ളവളും ടൂറിസത്തിന്റെ ഭാഗമായിത്തീരേണ്ടവളും എന്ന് കരുതുന്നവരാണത്രേ.

'ദി നാഷൻ' (The Nation) എന്ന പത്രത്തിന്റെ റിപ്പോർട്ടർ ആൻ ഊഷർ തായ്‌ലന്റിൽ എയ്ഡ്സ് പടർന്ന് പിടിച്ചതിനെക്കുറിച്ച് പറയുന്നത് അവിടുത്തെ നിബിഡവനത്തിന്റെ നാശമാണെന്നാണ്. വനവിഭവങ്ങൾ നഷ്ടപ്പെട്ട മനുഷ്യർ ജീവിക്കാനുള്ള ഉപാധി തേടുന്നു. പുതുവഴികളിലെത്തിച്ചേരുന്നു.

തായ്‌ലന്റിൽ എനിക്കും ഹാഫിസിനും ഇഷ്ടപ്പെട്ട ഒരു സ്ഥലവുമുണ്ടായിരുന്നു. പട്ടായയിലെ നദിയിൽ പൊങ്ങിക്കിടക്കുന്ന അങ്ങാടി. അതൊരു രസകരമായ കാഴ്ചതന്നെ. നദിയിൽ തോണിയിൽ സാധാരണ സ്ത്രീകൾ അവരുടെ തനത് ഭക്ഷണമുണ്ടാക്കി വിൽക്കുന്നു. വീട്ടിലുണ്ടായ പഴങ്ങൾ മുറിച്ച് വിൽക്കുന്നു. തുണികൾ, ബാഗ്, കുടകൾ, കൗതുകവസ്തുക്കൾ എല്ലാമുണ്ട്. ആ നാട്ടിലെ ഭക്ഷണവും വസ്ത്രധാരണരീതികളും എല്ലാം കാണാനാവും. പുഴയിൽ മരത്തടിയും പലകയും കൊണ്ടാണ് മണിക്കൂറുകളോളം ചുറ്റിക്കറങ്ങാനുള്ള ജലനഗരി പണിതിരിക്കുന്നത്. തനിമയുറ്റ തായ്‌ലന്റ് സംസ്ക്കാരം കാണാനായ ഒരിടമയായിരുന്നു അത്. വേറിട്ടൊരനുഭവം.

പട്ടായയിലെ കോറൽ ഐലന്റും, കടലിനു നടുവിലൂടെ ആകാശത്തേക്ക് പറക്കലും കടലിലെ കുളിയുമെല്ലാം പുത്തൻ അനുഭവങ്ങൾ തന്നെ. ആളുകളുടെ ബഹളം മൂലം കടപ്പുറത്തിന്റെ ഭംഗി ആസ്വദിക്കാൻ പറ്റില്ലെന്ന് മാത്രം.




ഇഷ്ടപ്പെട്ട സംഘത്തിനൊപ്പമുള്ള യാത്ര രസകരമായിരുന്നെങ്കിലും ഇത് കാണാനല്ലല്ലോ വന്നത് എന്ന ഒരു തോന്നൽ ഈ യാത്രയിലല്ലാതെ മറ്റൊരു യാത്രയിലുമുണ്ടായിട്ടില്ല.

നാലഞ്ച് ദിവസം കഴിഞ്ഞപ്പോൾ കാനഡയിൽ നിന്ന് മോള് യാരി വിളിച്ചു ചോദിച്ചു "എന്ത് പറ്റി, സാധാരണ നിങ്ങളെ മിസ് ചെയ്യുന്നു, എന്തു ഭംഗി എന്നൊക്കെ കേൾക്കാറുണ്ട്. ഈ പ്രാവശ്യം ഒന്നും കേട്ടില്ലല്ലോ"ന്ന് മോനും വിളിച്ചു. "എന്ത് പറ്റി സ്ഥലം ഇഷ്ടായില്ലേ?" എന്തോ ഒരു വിഷമം വിങ്ങിപ്പൊട്ടൽ, ഒരു മൗനനിലവിളി അതായിരുന്നു എനിക്ക് തായ്‌ലന്റ്.

പെൺപക്ഷം



അജിത കെ.

# ഇതൊരു ചരിത്ര സംഭവം!


**'അമ്മ'** എന്ന താരസംഘടനയിൽനിന്നും നാല് പ്രമുഖനടിമാർ രാജിവെച്ച വാർത്ത, ഞങ്ങളെപ്പോലെ സമൂഹത്തിലെ അക്രമങ്ങൾക്കും അനീതികൾക്കുമെതിരെ ശബ്ദമുയർത്താൻ ശ്രമിക്കുന്ന സ്ത്രീപക്ഷ പ്രവർത്തകരെ സംബന്ധിച്ച് വളരെ ആവേശം നല്കുന്ന ഒരു ചരിത്ര സംഭവമാണ്. പ്രത്യേകിച്ചും സ്വന്തം സഹപ്രവർത്തകയെ പിന്തുണച്ചുകൊണ്ടുള്ള രാജി. അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് പൂർണ്ണമായും ബോധ്യമുള്ള ഈ പോരാളികൾ മറ്റു സഹനടിമാർക്കും ഇനി വരാനിരിക്കുന്ന പുതിയ തലമുറ നടിമാർക്കും ഒരു പുത്തൻ പാത വെട്ടിത്തുറന്നിരിക്കുന്നു.

ആഷിക് അബു എന്ന സംവിധായകൻ പറഞ്ഞതുപോലെ 'അമ്മ'യെന്നത് ഒരു മാഫിയാകൂട്ടമായി മാറിയിരിക്കുന്നോ? അല്ലെങ്കിൽ ഇത്രയും ഹീനമായ ഒരു ക്രിമിനൽ കുറ്റം ആരോപിക്കപ്പെട്ട 'താരരാജാവാ'യ ദിലീപിനെ സാഹചര്യങ്ങൾക്ക് മാറ്റമൊന്നുമില്ലാതെ തന്നെ തിരിച്ചെടുക്കുന്നതിൽ ഇവർ കാണിച്ച വ്യഗ്രതക്ക് മറ്റെന്ത് വിശദീകരണമാണ് നല്കാനാവുക?

പീഡിപ്പിക്കപ്പെട്ട നടിയെ പിന്തുണയ്ക്കാൻ ഒരു നടപടിയുമെടുക്കാതെ, കുറ്റാരോപിതനെ വീണ്ടും, ചലച്ചിത്രരംഗത്ത് വാഴാൻ അവസരമൊരുക്കിക്കൊടുക്കുന്ന 'അമ്മ', സ്ത്രീ താല്പര്യങ്ങൾക്ക് ഒരിടവും നല്കില്ല എന്ന കാര്യം ഉറപ്പായി. 'വിമെൻ ഇൻ സിനിമാ കളക്ടീവ്' എന്ന സംഘടന, അതിന്റെ ധീരമായ ചുവടുവെപ്പിലൂടെ ഈ യാഥാർത്ഥ്യം തുറന്നു കാട്ടിയിരിക്കുന്നു.

സിനിമാ ലോകത്ത് പ്രവർത്തിക്കുന്ന സഹോദരിമാരേ, ഈ പുരുഷാധിപത്യ കരിങ്കൽകോട്ട തകർത്ത് ഐക്യത്തോടെ നിങ്ങൾ മുന്നേറുന്നതു കാണാനാണ് ഞങ്ങളിരിക്കുന്നത്. WCC യിലെ പോരാളികൾക്ക് എന്റെയും അന്വേഷിയുടെയും ഐക്യദാർഢ്യവും അഭിനന്ദനങ്ങളും !

പിൻകുറിപ്പ്: ഈ സംഭവങ്ങൾക്കു ശേഷം 'അമ്മ' ആകെ ആടി ഉലയുന്നതാണ് നമ്മൾ കാണുന്നത്. പുതിയ പ്രസിഡണ്ട് ശ്രീ. മോഹൻലാൽ പരമാവധി മുഖം രക്ഷിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും വീണ്ടും പതിനാല് നടിമാരിൽ നിന്നുയർന്ന കലാപക്കൊടി അടിസ്ഥാനപരമായ 'അമ്മ'യുടെ സ്ത്രീവിരുദ്ധ-മനുഷ്യത്വവിരുദ്ധ നിലപാടുകളെ പുറത്തുകൊണ്ടു വന്നിരിക്കുന്നു. അവരുന്നയിച്ച ചോദ്യങ്ങൾക്ക് 'അമ്മ'യുടെ മറുപടി എന്താണെന്ന് ഉറ്റുനോക്കുകയാണ് പൊതുസമൂഹം. സിനിമാലോകത്തെ ജീർണ്ണതകൾ ഇപ്പോഴെങ്കിലും പുറത്തുവന്നു കൊണ്ടിരിക്കുന്നല്ലോ എന്ന് നമുക്കാശ്വസിക്കാം.



**ലിജിഷ എ.ടി.**
ഗവേഷക, കഥാകൃത്ത്

# മേഘയുദ്ധം

'സയന്റിസ്റ്റ് ജിയോജാന്റസിനെ വധിക്കാൻ ശ്രമിച്ച പക്ഷിഗവേഷകൻ അറസ്റ്റിൽ' എന്ന ഫ്ളാഷ്ന്യൂസ് വന്നപ്പോൾ ഹമേലിയ ഒന്നു ഞെട്ടി. മൂന്നു ദിവസമായി ചാരുദത്തനെ കാണാതായിട്ട്. പ്രസിദ്ധീകരിക്കാനായ് പ്രസ്സിൽ കൊടുത്ത 'മഴപ്പക്ഷികളും ശീതരശ്മീവലകളും' എന്ന ബുക്കിനെക്കുറിച്ചും ആർക്കുമറിയില്ല. പ്രസ്സിൽപോയി അന്വേഷിച്ചിട്ടും ഫലമുണ്ടായില്ല. പ്രൂഫ് റീഡിംഗിനായ് കൊണ്ടു പോയ പുസ്തകം അദ്ദേഹം തിരികെ കൊടുത്തിട്ടില്ല. ദേശാടനത്തിന്റെ വഴി തെറ്റി, പ്രജനനകാലം തെറ്റി ജീവിതത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കാതെ വീണു മരിച്ച അനേകം പക്ഷികളുടെ മോഹഭംഗങ്ങളുടെ ഭാരം പേറിയാണ് ചാരുദത്തൻ നടന്നിരുന്നത്. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പക്ഷികൾക്കു പറക്കാൻ ശീതരശ്മികളുടെ വലയില്ലാത്ത ഒരാകാശം വേണമെന്ന് അദ്ദേഹമെപ്പോഴും പറഞ്ഞിരുന്നു.

സ്ക്രീനിൽ നിന്നും നിറകണ്ണുകളോടെ മുഖമുയർത്തി, ജനലിലൂടെ വരണ്ട നിലാവിനെ നോക്കിയിരിക്കുമ്പോഴാണ് ഹമേലിയ താഴെ ബഹളം കേട്ടത്. ആഷ്ലി പ്രവീണാണ്. മദ്യത്തിൽ കുഴഞ്ഞ ശബ്ദത്തിൽ വായിൽതോന്നിയത് വിളിച്ചു പറഞ്ഞു പോകുന്നത് അവന്റെയൊരു വാരാഘോഷമാണിപ്പോൾ.

"ടി... ഹമേലി... ഇറങ്ങിവാടി...ഞാൻ കൊഴലടിച്ചപ്പൊ നെനക്ക് നൊന്തു. നീയെന്നെ ഒഴിവാക്കി. പോട്ടെ. ഈ നാടായ നാട്ടിലെ മേഘങ്ങളെയൊക്കെ കൂട്ടിക്കൊണ്ടോയി വിൽക്കുന്നോരോട് നെനക്കെന്തുവാടീ...? എന്നിട്ടവൾടെയൊരു പൊതുയോഗം!" ആഷ്ലി പ്രവീൺ നീട്ടിത്തുപ്പി.

"നീയും നിന്റെ പുത്യേ കാമുകനും കൂടി മഴപ്പാർക്കിൽപോയി രസിച്ചതൊക്കെ നാട്ടുകാർക്കുമറിയാമെടീ... നീ നാളെ പൊതുയോഗത്തിനു വാ..." അത്രയുമായപ്പോഴേക്ക് അച്ഛൻ ഗേറ്റു തുറന്ന്

**ശീതരശ്മികൾ, അഥവാ കോൾഡ്റേയ്സ് എന്ന അദൃശ്യ കിരണങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ് നമ്മുടെ മഴമേഘങ്ങൾ. പ്രധാനമായും നിംബോസ്ട്രാറ്റസ് മേഘങ്ങളും ക്യൂമുലോനിംബസ് മേഘങ്ങളും. ശീതരശ്മികൾക്ക് നീരാവിയടങ്ങിയ ഈ മേഘങ്ങളെ ആകർഷിച്ചുകൊണ്ടുവരാൻ സാധിക്കും. എന്റെ പക്ഷികളുടെ വഴിതെറ്റിക്കുന്നതും അവയുടെ ചിറകുകളും കാലുകളും കുരുക്കിയിടുന്നതും ഈ രശ്മികളാണ്. ഇവ ആകാശത്തുണ്ടാക്കുന്ന താപമർദ്ദവ്യത്യാസങ്ങൾ പക്ഷികൾക്കന്യമായതിനാൽ അവയെ തരണം ചെയ്യാനുള്ള ശേഷിയൊന്നും പക്ഷികൾക്കുണ്ടാവുകയില്ല."**

ചെന്ന് ആഷ്‌ലി പ്രവീണിന്റെ കോളറിനു കുത്തിപിടിച്ച് റോട്ടിലേയ്ക്കിട്ടു. അച്ഛനും അവനും പിടിവലി നടത്തുന്നതിനിടയിൽ അവന്റെ അമ്മാവൻമാർ പാഞ്ഞുവന്ന് അവനെപിടിച്ചു വലിച്ചുകൊണ്ട് പോയി. ഇത്തിരി കഴിഞ്ഞപ്പോൾ അച്ഛൻ മുകളിലേക്കു കേറി വന്നു. അച്ചഛന്റെ മുഖം ചുവന്നിരുന്നു.

"ഹമേലി...ചാരുദത്തനും നീയും തമ്മിലെന്താ?"

"ഹി ഈസ് മൈ ഫ്രണ്ട്. ബെസ്റ്റ് ഫ്രണ്ട്. ദാറ്റ്സോൾ.."

"ഷുവർ?"

"ഷുവർ"

"ഓകെ. അവനിപ്പൊ പോലീസ്കസ്റ്റഡിയിലാണെന്നു തോന്നുന്നു. ടെയ്ക് കെയർ..." അച്ചഛൻ ഗോവണിയിറങ്ങിപ്പോയി.

"ആഷ്‌ലിയ്ക്കു പ്രാന്താ. വെള്ളമടി കൂടീട്ട്.." അച്ചഛൻ കേൾക്കാൻ അവളുറക്കെ പറഞ്ഞു. ചാരുദത്തന്റെ കൂടെ മഴപ്പാർക്കിൽ പോയ അന്ന് വഴിയിൽ വെച്ച് ആഷ്‌ലിയെ അവൾ കണ്ടിരുന്നു. ആ സംഭവമവൻ നാട്ടിൽ പാട്ടാക്കിയിട്ടുണ്ടാകും. ഇന്നലെ പഞ്ചായത്ത് മീറ്റിംഗിൽ വെച്ച് മേഘയുദ്ധത്തിനു പിന്തുണ പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഒന്നു രണ്ടു പേരെങ്കിലും അർത്ഥം വെച്ചു ചിരിച്ചത് അതുകൊണ്ടായിരിക്കണം. പ്രത്യേകിച്ച് അബുക്കാക്ക.

"കടൽവെള്ളത്തിൽ കുളിച്ച് കുളിച്ച് മുടിയാകെ കൊഴിഞ്ഞു. തലവേദനയാണേൽ സഹിക്കാൻ വയ്യ.."പത്താംവാർഡ് മെമ്പർ വസന്തേച്ചിയാണ് ചർച്ച തുടങ്ങിയത്.

"ന്നാലും വേണ്ടില്ല്യായിരുന്നു.വൈകുന്നേരാവുമ്പ്ലയ്ക്ക് ചെക്കൻമാര് വരും കടലിയ്ക്ക്. പിന്നെ കുളിയും തിരുമ്പലും നടക്കില്ല്യാന്നാന്റെ ഭാര്യ പറയണേ..." വൈസ് പ്രസിഡണ്ട് രാവുണ്ണ്യേട്ടൻ പൂവാലശല്യത്തെകുറിച്ചാണ് പരാതി പറഞ്ഞത്.

"മഴപ്പാർക്കില് ഞമ്മക്കൊക്കെ കേറാൻ പറ്റ്വോ! പൊന്നിനെക്കാട്ടി വെല! ഇങ്ങക്കൊക്കെ പറ്റും.." അബുട്ട്യാക്ക അർഥം വെച്ചു ചിരിച്ചു. അതു കേട്ടതും കുറേപ്പേർ എഴുന്നേറ്റു ബഹളം തുടങ്ങി. വഞ്ചകിയെന്നും, അഴിഞ്ഞാട്ടക്കാരിയെന്നും വിളിച്ചു. മഴപ്പാർക്കിൽ പോയതിന്റെ ഉദ്ദേശത്തെക്കുറിച്ചു അവരെ പറഞ്ഞു ബോധ്യപ്പെടുത്തേണ്ടി വന്നു അവൾക്ക്. ചാരുദത്തന്റെ പഠനത്തിനു വിവരങ്ങൾ ശേഖരിക്കാൻ മാത്രമാണു പോയതെന്നു പറഞ്ഞിട്ടും ചിലരൊന്നും വിശ്വസിച്ചില്ല. അതിലൽഭുതപ്പെടാനുമില്ല. അത്രമാത്രം പ്രലോഭനീയമായിരുന്നു മഴപ്പാർക്ക്. ശരീരമാകെ വിയർത്തുനാറി ക്ഷീണിച്ചു വലയുമ്പോൾ എത്ര കാശു കൊടുത്താലും വേണ്ടില്ലായിരുന്നു എന്നു തോന്നിപ്പോകുന്നത് സ്വാഭാവികമാണ്.

കഴിഞ്ഞ തിങ്കളാഴ്ച പന്ത്രണ്ട് മണിയായിക്കാണും മഴപ്പാർക്കിൽ പോകുമ്പോൾ. "ടിക്കറ്റിനു വീണ്ടും വില കൂട്ടി. കഴിഞ്ഞയാഴ്ച്ചത്തേന്റെ ഇരട്ടിയാണ് ഈയാഴ്ച്ചത്തെ വില" ചാരുദത്തൻ കൗണ്ടർ വരെ പോയി മടങ്ങിവന്ന് അറിയിച്ചു. വിയർപ്പും പെർഫ്യൂമും കൂടികലർന്ന അഴപിഴഞ്ഞ ഗന്ധം ശ്വസിച്ച് ഹമേലിയയ്ക്കു ഛർദ്ദിക്കാൻ വന്നു. "വാട്ട് ഹാപ്പൻഡ്?"വാഷ്ബേസിനടുത്തേയ്ക്ക് ഓടിപ്പോയ ഹമേലിയയുടെ പുറത്ത് തടവിക്കൊടുത്തുകൊണ്ട് ചാരുദത്തൻ ചോദിച്ചു. "നത്തിംഗ്..." ഹമേലിയ പിറുപിറുത്തു. അവൾക്കു വിയർക്കുന്നുണ്ടായിരുന്നു. സെക്യൂരിറ്റി ഒരു ബോട്ടിൽ വെള്ളം കൊണ്ടുവന്ന് വാഷ്ബേസിനിലൊഴിച്ചു. ചാരുദത്തൻ വെള്ളത്തിന്റെ പണം കൊടുത്തു. അപ്പോഴേയ്ക്ക് അവരുടെ ഊഴമെത്തുകയും ഒരു ബാച്ചിനോടൊപ്പം അവർ അകത്തേയ്ക്കു കയറുകയും ചെയ്തു. മഴക്കാറ്റിന്റെ സീൽക്കാരം അവരെ പൊതിഞ്ഞു. വഴിയോരത്തെ പുൽമേടുകളിലും മരങ്ങളിലും കിളികളും പൂക്കളും ഒരുപോലെ നിറഞ്ഞിരുന്നു. പതുക്കെ മഴ പെയ്യാൻ തുടങ്ങി. മരച്ചോടുകളിലും പുൽമേടുകളിലും ഇരുന്നും

നിന്നും മഴയനുഭവിക്കുന്നവരെ ഹമേലിയ നോക്കി നിന്നു.! ഇടിയും മിന്നലും കാറ്റും മഴയുടെ ശബ്ദവും കൂടിക്കൂടി പിന്നെ കുറഞ്ഞ് കുറഞ്ഞ് ചെറുമഴയായി പരിണമിച്ചു. ചെറുമഴയിൽ പക്ഷികൾ മഴത്തുള്ളികൾക്കിടയിലൂടെ മത്സരിച്ച് പറന്ന് മഴത്തുള്ളികൾ കുടിച്ചിറക്കി, പൂക്കൾക്കിടയിലേക്ക് ഊളിയിട്ടും മരക്കൊമ്പുകളിൽ വിശ്രമിച്ചും ആഹ്ളാദിച്ചു. ചാരുദത്തൻ ക്യാമറയിൽ എന്തോക്കെയോ പകർത്തിയെടുത്തു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മഴ നിന്നു.ആകാശം തെളിഞ്ഞു. എല്ലാവരും പ്രവേശനകവാടത്തിനടുത്തേയ്ക്കോടി. വൈകുന്ന ഒരോ സെക്കന്റിനും ഫൈൻ കൊടുക്കണം. മഴപ്പാർക്കിൽ നിന്നും പുറത്തേക്കിറങ്ങിയതും വരണ്ട കാറ്റവരെ പൊതിഞ്ഞു. ഹമേലിയയുടെ സിൽക്കുമുടി കോഴിവാൽപോലെ നനഞ്ഞൊട്ടി കിടന്നു. നീലമഷിയെഴുതിയ കൺതടങ്ങളിലൂടെ ഒഴുകിയിറങ്ങിയ മഴനീര് സാരിപ്ലീറ്റിനിടയിലൂടെ ചെമ്പകപ്പൂ വയറിലൊരു ചുഴിയുണ്ടാക്കി താഴേയ്ക്കൊഴുകി. പച്ചകലർന്ന മഞ്ഞനിറത്തിൽ കറുപ്പും വെളുപ്പും വരയുള്ള ബോർഡറു വെച്ച സാരി നോക്കി ചാരുദത്തൻ പറഞ്ഞു:

"ഹമേലിയാ...നീയിപ്പോൾ മഴ നനഞ്ഞ അയോറ പക്ഷിയെപ്പോലുണ്ട്" അവൾക്ക് ചിരി വന്നു.

"ചാരൂ നിനക്ക് ആരേയും മനുഷ്യരെപ്പോലെ തോന്നില്ലേ." അദ്ദേഹത്തിന്റെ കട്ടിമീശയും ആഴമുള്ള കണ്ണുകളും ശംഖുപുഷ്പത്തിന്റെ നിറമുള്ള ഷർട്ടുമൊക്കെ നോക്കി അവളൊരു ഉപമ കണ്ടുപിടിക്കാൻ ശ്രമിക്കവേ, പെട്ടന്ന് അദ്ദേഹം ചോദിച്ചു.

"ഹമേലി... നീ ശീതരശ്മികളെക്കുറിച്ചു കേട്ടിട്ടുണ്ടോ?"

"ഇല്ല."

"എങ്കിൽ കേട്ടോളൂ. ശീതരശ്മികൾ,അഥവാ കോൾഡ്റേയ്സ് എന്ന അദൃശ്യകിരണങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ് നമ്മുടെ മഴമേഘങ്ങൾ. പ്രധാനമായും നിംബോസ്ട്രാറ്റസ് മേഘങ്ങളും ക്യൂമുലോനിംബസ് മേഘങ്ങളും. ശീതരശ്മികൾക്ക് നീരാവിയടങ്ങിയ ഈ മേഘങ്ങളെ ആകർഷിച്ചുകൊണ്ടുവരാൻ സാധിക്കും. എന്റെ പക്ഷികളുടെ വഴിതെറ്റിക്കുന്നതും അവയുടെ ചിറകുകളും കാലുകളും കുരുക്കിയിടുന്നതും ഈ രശ്മികളാണ്. ഇവ ആകാശത്തുണ്ടാക്കുന്ന താപമർദ്ദവ്യത്യാസങ്ങൾ പക്ഷികൾക്കന്യമായതിനാൽ അവയെ തരണം ചെയ്യാനുള്ള ശേഷിയൊന്നും പക്ഷികൾക്കുണ്ടാവുകയില്ല." ചാരുദത്തൻ പറയുന്നതും കേട്ട്, പാറിപ്പറക്കുന്ന മുടിയിഴകളെ മാടിയൊതുക്കി നടക്കുന്നതിനിടയിലാണ് ആഷ്‌ലി പ്രവീൺ എതിർവശത്തു നിന്നും വന്നത്.

"ചുമ്മാതല്ല നീ എന്നെ ഒഴിവാക്കിയത്. മഴപ്പാർക്കിനെതിരെ പ്രസംഗിച്ചു നടക്കുകേം ചെയ്യും, ആരും കാണാതെ കാമുകന്റെ കൂടെ മഴപ്പാർക്കിൽ പോയി കുളിക്ക്യേം ചെയ്യും. ഇതു കൊള്ളാല്ലോ.." ആഷ്‌ലിയുടെ വഷളൻ ചിരിയാണ് സഹിക്കാനാവാത്തത്.

"യൂ... ബ്ലഡി.."

അവനെ തെറിവിളിക്കാൻ തുടങ്ങിയപ്പോഴേക്ക് ചാരുദത്തൻ വലിച്ചുകൊണ്ടുപോയി. ചാരുദത്തൻ കുറേ ഉപദേശിച്ചു. ആഷ്‌ലിയോടുള്ള പരിഭവം തീർക്കാൻ.

"ആ തെണ്ടിയെക്കുറിച്ചൊരക്ഷരം മിണ്ടരുത്. ഐ ഹേറ്റ് ഹിം."

"അവനെമാത്രം കുറ്റം പറയാമോ? മഴ പെയ്യാതിരുന്നതും ഒരു കാരണമല്ലേ. മഴമേഘങ്ങളെ കടത്തിക്കൊണ്ടു പോയത് ജിയോജാന്റസിന്റെ കമ്പനിയല്ലേ?"

"അതല്ല ചാരൂ പ്രശ്നം. അവസാനത്തെ ഒരിറ്റ് നീരു കൂടി അവൻ കുഴലടിച്ച് വലിച്ചെടുത്തു കളഞ്ഞു. പിഴിഞ്ഞെടുത്ത സ്പോഞ്ചുപോലെ ഭൂമിയ്ക്കടിയിൽ ജീവനറ്റു കിടക്കുകയാണെന്റെ ജലശിലാപാളികൾ. എന്റെ മോഹം, നാടിന്റെ പ്രതീക്ഷ, എല്ലാമവൻ നശിപ്പിച്ചു." ഹമേലിയയുടെ ശബ്ദമിടറി. ആഷ്‌ലിയോടുള്ള ദേഷ്യം കണ്ണുകളിൽ കത്തി. ചാരുദത്തൻ പിന്നെയൊന്നും മിണ്ടിയില്ല. രണ്ടുവശത്തേക്കു പോകുന്ന വഴിയുടെ സംഗമസ്ഥാനത്തു നിന്ന് ഹമേലിയയോട് യാത്രപറഞ്ഞ് ചാരുദത്തൻ പോയി. വലതുവശത്തെ രണ്ടാമത്തെ വഴിയിലൂടെ ഹമേലിയ തനിയെ നടന്നു. ചുറ്റും ആളൊഴിഞ്ഞുപോയ കോൺക്രീറ്റ് സൗധങ്ങൾ പൊടിപാറി മുടിക്കിടന്നു. പുഴയോരങ്ങളിലും കോൾനിലങ്ങളിലും തകരപോലെ പണക്കാരുടെ പുൽവീടുകൾ പൊങ്ങുകയാണെന്ന് പത്രവാർത്തയുണ്ടായിരുന്നു. നനവുള്ള മണ്ണിന് സെക്കന്റ് വെച്ച് വില കൂടുകയാണ്.

കൂട്ടിയിട്ട കനൽകൂമ്പാരത്തിലേക്ക് വെള്ളത്തുള്ളികൾ ഇറ്റുവീണു നിറം മാറുമ്പോലെയുള്ള സന്ധ്യയ്ക്ക്, അക്യുഫെർറോക്ക്സ്ട്രാറ്റകളെക്കുറിച്ചു പറഞ്ഞപ്പോൾ ആഷ്‌ലി പ്രവീണിന്റ കണ്ണുകളിൽ തെളിഞ്ഞ കനലുകൾക്ക് പ്രണയത്തിന്റ വിശുദ്ധിയുണ്ടെന്നു കരുതിയതാണ് ആദ്യത്തെ തെറ്റ്! അവളോർത്തു. കാറ്റു മാത്രം തുപ്പുന്ന കുഴൽക്കിണറുകളും വേസ്റ്റുകുഴികളായി പരിണമിച്ച കിണറുകളും അവന്റ മനസ്സ് മാറ്റിയിട്ടുണ്ടാകുമെന്നു നിനച്ചുപോയി. ഭൂഗർഭജലത്തിന്റെ നിരപ്പുയരണമെങ്കിൽ മഴ പെയ്യണമെന്നും അക്യുഫെർറോസ്ട്രാറ്റകളിലേക്കു കിനിഞ്ഞിറങ്ങുംവിധം കനാലുകളും കുഴികളും ഉണ്ടാക്കണമെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി മണ്ണ് മൃദുവാക്കണമെന്നും പറഞ്ഞപ്പോൾ ആഷ്‌ലി പ്രവീണും പഞ്ചായത്ത് പ്രസിഡണ്ടും കൂടി നാട്ടിലുണ്ടാക്കിയ ഉൽസവം! പുതിയ ജലസംരക്ഷണപദ്ധതി എല്ലാവർക്കും സ്വീകാര്യമായിരുന്നു. ആഷ്‌ലിയെ അതിന്റെ നേതൃത്വക്കാരനാക്കിയതൊഴികെ. അവന്റെ പറമ്പുകളിലാണ് ജലശിലാപാളികളെ കണ്ടെത്തിയത് എന്നതുകൊണ്ടുമാത്രമാണ് നാട്ടുകാരവനെ അമരക്കാരനാ

ക്കാൻ സമ്മതിച്ചത്. കുപ്പിവെള്ളം വാങ്ങി എല്ലാവരും മടുത്തിരുന്നു. ഇനി വരും മഴകളൊന്നും വെറുതെ കളയില്ലെന്നവർ ഉറക്കെ പ്രഖ്യാപിച്ചു. പക്ഷേ മഴ ചതിച്ചു! നാട്ടിലൊരിടത്തും മഴ പെയ്തില്ല. മഴ മഴപ്പാർക്കുകളിൽ മാത്രം പെയ്തു. മേഘങ്ങളെയും മൺസൂണിനേയും വിലയ്ക്കു കൊടുത്തവരെ തേടുന്നതിനു പകരം ആഷ്‌ലിയും മൂക്കു നീണ്ട പ്രസിഡണ്ടും കൂടി അക്യൂഫെർ റോക്ക് സ്ട്രാറ്റകൾക്കു മുകളിൽ കുഴലടിച്ച് അവസാനത്തെ തുള്ളി വെള്ളംവരെ വലിച്ചെടുത്തു. അഞ്ചാറുമാസത്തോളം എല്ലാവർക്കും വെള്ളം കിട്ടി. ആഷ്‌ലി ലക്ഷങ്ങളുണ്ടാക്കി. പക്ഷേ മൂന്നു നാലു ദിവസം മുൻപ് നിറയാത്ത കുടങ്ങളുമായി പെണ്ണുങ്ങൾ കുഴൽക്കിണറിനു ചുറ്റും നിന്ന് പതം പറഞ്ഞു. "ഇതിലും കാറ്റെന്നേള്ളൂ."

അതുകേട്ടപ്പോൾ ഹമേലിയയുടെ നെഞ്ചു പൊള്ളി. ലോകത്തിനാകെ നിറവും ജീവനും കൊടുക്കുന്ന നിറമില്ലാത്ത ദ്രാവകം, ഭൂമിയുടെ അമ്നിയോട്ടിക് ദ്രവം - ഭൂമിയിൽ നിന്നും ആകാശത്തു നിന്നും അപ്രത്യക്ഷമാവുകയാണല്ലോ എന്നോർത്ത്.

നീരുറവകളോടും മണ്ണിനോടും അവൾക്ക് സ്നേഹം തോന്നിയത് കുട്ടിക്കാലത്തു തന്നെയാണ്. പല വർണ്ണങ്ങളുള്ള പ്രകൃതിയിലേക്കു നോക്കുമ്പോൾ അവളാദ്യം കരുതിയത് ഭൂമിയുടെ ഉള്ളറകൾ നിറയെ ചായപ്പെട്ടികളാണെന്നായിരുന്നു. അവ കണ്ടെടുക്കാൻ മാന്തി കുഴിയുണ്ടാക്കിയപ്പോഴാണ് വിവിധ നിറവും മണവുമുള്ള മണ്ണിനങ്ങളെ തൊട്ടറിഞ്ഞത്. അവസാനം പാടത്തിന്റെയോരത്ത് ചെന്ന് കുഴിച്ചു നോക്കിയപ്പോൾ നിറമില്ലാത്ത ആ ദ്രാവകം കണ്ടു. 'വെള്ളം'. ആ ദ്രാവകത്തിൽ നിന്നാണ് പൂക്കളുടെയും മരങ്ങളുടെയും മനുഷ്യന്റേയുമൊക്കെ നിറവും മണവും ജീവനുമുണ്ടാകുന്നതെന്നവൾ സ്വയം പഠിച്ചു. അതിനുശേഷമാണ് ഭൂമിയുടെ ഉള്ളറകളിലെ ചൂടും തണുപ്പും എല്ലാം അറിയാനുള്ള മോഹം ചിന്തകളിലായിരം നീർച്ചാലുകൾ തീർത്തത്. ഹമേലിയ ഹൈഡ്രോജിയോളജി തെരഞ്ഞെടുക്കാനുള്ള പ്രധാനകാരണം അതായിരുന്നു.

പിറ്റേന്ന് വൈകുന്നേരം പൊതുയോഗത്തിന് കമ്മ്യൂണിറ്റിഹാളിലെത്തുമ്പോൾ, ജനപ്രതിനിധികളേയും വില്ലേജ് ഓഫീസറേയും കൂടാതെ പത്തു നൂറാളുകൾ കൂടിയുണ്ടായിരുന്നു. കടലിൽ നിന്ന് മോട്ടോർ വഴി വെള്ളമടിക്കാനുള്ള പദ്ധതികൾ ആലോചിക്കണമെന്നും സമുദ്രജലസ്വേദനങ്ങളിൽ ടെക്നോളജി ഉപയോഗിക്കണമെന്നുമൊക്കെ വില്ലേജ് ഒഫീസർ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ആളുകളത് കയ്യടിച്ച് സ്വീകരിച്ചു. ആഷ്‌ലി പ്രവീണിനെ കണ്ടില്ല.

ഹമേലിയ സംസാരിച്ചത് ലോകത്തിന്റെ നാനാഭാഗത്തും നടന്നു വരുന്ന മേഘയുദ്ധത്തെക്കുറിച്ചായിരുന്നു. ജിയോജാന്റസിന്റെ കോൾഡ്റേകൾക്ക് ആഗോളവാതങ്ങളെ ദിശ മാറ്റാൻ പോലും കഴിവുണ്ടായിരുന്നു. ആഗോളവാതങ്ങളെ വഹിച്ചുകൊണ്ടു പോകുന്ന ജെറ്റ് പ്രവാഹങ്ങളുടെ പാതയിൽ മഴപ്പാർക്കുകളുടെ റിസീവറുകൾ സ്ഥാപിക്കും. നീരാവിയടങ്ങിയ വാതങ്ങളോ മേഘങ്ങളോ മഴപ്പാർക്കുകൾക്കുള്ളിൽ സജ്ജീകരിച്ച റിസീവറുകൾക്കു മുകളിലെത്തുമ്പോൾ 'ഘനിഭവിപ്പിക്കൽ' പ്രക്രിയ തുടങ്ങുന്നു. അതി ശക്തമായ ശീതരശ്മികളാണു റിസീവറുകളിൽ നിന്നും മുകളിലേക്കു പ്രവഹിക്കുന്നത്. ശീതരശ്മികളുടെ ഗാഢതയ്ക്കനുസരിച്ച് മൂടൽമഞ്ഞും മഴയും ആലിപ്പഴങ്ങളും സൃഷ്ടിക്കാൻ സാധിക്കും! ഐസ്പരലുകൾ നിറഞ്ഞ, മഴ പെയ്യാൻ സാധ്യതയേയില്ലാത്ത മേൽമേഘമായ സൈറസിനെപ്പോലും ഘനീഭവിപ്പിക്കുവാൻ ശീതരശ്മികൾക്കു സാധിക്കും. ഇത്തരം ഘനീഭവിക്കലിലൂടെ ജലമായ്ത്തീർന്നാൽ അവയ്ക്കു വീണ്ടും നീരാവിയാകാൻ ഉയർന്ന ഊഷ്മാവു വേണം. നൂറു ഡിഗ്രിസെൽഷ്യസ് എന്ന തിളനിലയിൽ വ്യത്യാസമുണ്ടാകാനും സാധ്യതയുണ്ട്.

"മഴമേഘങ്ങളുടെ സ്വകാര്യവൽക്കരത്തിനെതിരെ നാം പോരാടണം. ബഹുരാഷ്ട്രകുത്തകകളെ ഈ മണ്ണിൽ നിന്നും ഓടിക്കണം. മഴപ്പാർക്കുകൾ അടച്ചുപൂട്ടിയെങ്കിൽ മാത്രമേ നമുക്കു നമ്മുടെ മഴകളെ തിരിച്ചു കിട്ടുകയുള്ളൂ." നിറകണ്ണുകളോടെ ഹമേലിയ തുടർന്നു. "നാളെ നമ്മൾ തെരുവിലിറങ്ങണം. സമരം ചെയ്യണം. മഴപ്പാർക്കുകൾക്കെതിരെ ശക്തമായ പ്രക്ഷോഭം കൊണ്ടുവരണം."

"സമരത്തിനിറങ്ങിയ നാടുകളിൽ സർക്കാർ കുപ്പിവെള്ളത്തിനു പോലും ഉപരോധമേർപ്പെടുത്തിയിരിക്കുന്നു. സമരത്തിനിറങ്ങിയാൽ തൊണ്ട നനയാൻ കിട്ടുന്ന ഇത്തിരി വെള്ളം കൂടി കിട്ടാതാകും." ഒരു ചെറുപ്പക്കാരൻ ആശങ്കയോടെ പറഞ്ഞു. അതിനെന്ത് ഉത്തരം പറയുമെന്നവൾക്കറിയില്ലായിരുന്നു.

ഹമേലിയ വരണ്ട മണ്ണിൽ ചടഞ്ഞിരുന്നു. തെരുവുകളിൽ ഉണങ്ങിപ്പിടിച്ച രക്തക്കറകളും ദുഷിച്ചഗന്ധങ്ങളും കഴുകിക്കളയാൻ, പൊടിപാറി വരണ്ടുണങ്ങിയ മണ്ണിന്റെ ആസക്തിയടങ്ങാൻ, കൻമതിലുകൾക്കുള്ളിലൊതുങ്ങിയ മഴപ്പക്ഷികൾക്കു സ്വതന്ത്രമായ് പറക്കാൻ, തളർന്നുറങ്ങിയ മഴക്കാടുകൾക്കുണരാൻ...മഴ വീണ്ടും പെയ്യണം!. മഴയെ കൊണ്ടുവരാൻ കാട്ടുമുള്ളിൽ പടർപ്പുകൾ നിറഞ്ഞ മരുഭൂമിയിലേക്കിറങ്ങാൻ ആയിരമായിരം ഋശ്യശൃംഗൻമാരും വൈശാലിമാരും വേണം. മഴകൾക്കും പക്ഷികൾക്കും വേണ്ടി പേനയെടുത്തതിനു തുറുങ്കിലായ ചാരുദത്തനെവീണ്ടെടുക്കണം. "ചാരൂ...നീയൊരു മഴപോലെയാണല്ലോ..." അവൾക്ക് ചാരുദത്തനെ അങ്ങനെ ഉപമിക്കണമെന്നുണ്ടായിരുന്നു അപ്പോൾ.



# പാടാത്ത പക്ഷികൾക്കായി പാടിയൊരാൾ

പുറംലോകം കാണുംമുൻപേ മുട്ടക്കുള്ളിൽ മരിച്ചുപോകുന്ന പക്ഷിക്കുഞ്ഞുങ്ങൾ, കണ്ണില്ലാതെ പിറന്നുവീഴുന്ന ഈൽ മത്സ്യങ്ങൾ, കൃഷിയിടങ്ങളിൽ തളർന്നുവീണു മരിക്കുന്ന പക്ഷികൾ; ഇവയ്ക്കെല്ലാം ഭൂമിയുടെ ആധിപത്യം നേടിയെന്ന് അഹങ്കരിക്കുന്ന മനുഷ്യനോട് എന്തെല്ലാമോ പറയാനുണ്ടായിരുന്നു. നിശ്ശബ്ദമായ ആ പരിദേവനങ്ങളെ ലോകത്തിനുമുന്നിലെത്തിച്ചത് ശാസ്ത്രജ്ഞയുടെ യുക്തിബോധവും, കവിയുടെ ഭാഷാചാതുരിയും, പ്രകൃതിയെ തൊട്ടറിയുന്ന ആർദ്രതയും ഒത്തുചേർന്ന അപൂർവ്വ വ്യക്തിത്വത്തിനുടമയായ ഒരു സ്ത്രീയായിരുന്നു. പരിസ്ഥിതിശാസ്ത്രം വേറിട്ട ഒരു വിജ്ഞാനശാഖയായി വികസിക്കാത്ത കാലത്ത് നിശ്ശബ്ദവസന്തം (Silent Spring) എന്ന ഒറ്റ പുസ്തകം കൊണ്ട് ചരിത്രം സൃഷ്ടിച്ച റേച്ചൽ കാഴ്സൻ ആയിരുന്നു അത്. ശാസ്ത്രമെന്നാൽ സാധാരണക്കാരന് അപ്രാപ്യമായ, അവൻ ഇടപെടേണ്ടതില്ലാത്ത ജ്ഞാനമേഖലയാണ് എന്ന ധാരണയെ മാറ്റിമറിച്ചുകൊണ്ട് സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ കടലിലും അതിന് ചുറ്റിലുമുള്ള ജൈവലോകത്തെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തിയ ശാസ്ത്രലേഖിക കൂടിയായിരുന്നു അവർ. ഒരൊറ്റ പുസ്തകം, പരിസ്ഥിതിയെക്കുറിച്ചുള്ള അന്നുവരെയുള്ള കാഴ്ചപ്പാടുകളെ മാറ്റിമറിക്കുന്നതെങ്ങനെ എന്ന് വിസ്മയിപ്പിച്ചുകൊണ്ട് നിശ്ശബ്ദവസന്തം പരിസ്ഥിതിയെക്കുറിച്ചുള്ള പഠനങ്ങളിൽ പ്രധാനസ്ഥാനം ഇന്നും കയ്യാളുന്നു

വ്യവസായ വിപ്ലവാനന്തരം ഉത്പാദന സംവിധാനങ്ങളെക്കുറിച്ച് അന്നുവരെയുണ്ടായിരുന്ന ധാരണകൾ മാറ്റിയെഴുതപ്പെട്ടു. എത്രയും പെട്ടെന്ന് ഏറ്റവും കൂടുതൽ ലാഭം എന്ന തത്ത്വശാസ്ത്ര



**സംഗീത ചേനംപുല്ലി**
അദ്ധ്യാപിക, എഴുത്തുകാരി

ത്തിലേക്ക് വ്യവസായശാലകളും, ഭരണകൂടങ്ങളും, വലിയൊരു ശതമാനം മനുഷ്യരും കൂടുമാറി. അന്നോളമുള്ള മനുഷ്യചരിത്രത്തെ തിരുത്തിയെഴുതാൻ ശേഷിയുള്ള നിരവധി കണ്ടുപിടിത്തങ്ങൾ ശാസ്ത്രസാങ്കേതിക രംഗത്ത് ഉണ്ടായതും ഈ കാലഘട്ടത്തിലാണ്. ലോക സമ്പദ്‌വ്യവസ്ഥക്കുമേൽ മേൽക്കൈനേടാനായുള്ള കിടമത്സരങ്ങൾ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലേക്ക് നയിച്ചു. യുദ്ധകാലത്ത് ഗവേഷണങ്ങൾ ഊർജ്ജിതമാവുകയും ധാരാളം പുതിയരാസവസ്തുക്കളും, ശത്രുക്കൾക്ക് മേൽ പ്രയോഗിക്കാനായുള്ള വിഷവസ്തുക്കളും വികസിപ്പിച്ചെടുക്കുകയും ചെയ്തു. ദീർഘകാലഫലങ്ങൾ പരിഗണിക്കാതെ, പെട്ടെന്നുള്ള കീടനിയന്ത്രണത്തിനും, വിളവ് വർദ്ധിപ്പിക്കുന്നതിനുമായി ഇവയിൽ പല രാസവസ്തുക്കളും വിവേചനമില്ലാതെ കൃഷിയിടങ്ങളിൽ പ്രയോഗിക്കാൻ തുടങ്ങി. പരിസ്ഥിതിയെ ഒട്ടുമേ പരിഗണിക്കാതെയും ചുറ്റുമുള്ള ജീവജാലങ്ങളുടെ അവസ്ഥക്കുനേരെ കണ്ണടച്ചും എളുപ്പവഴിയിൽ പുരോഗതിയിലേക്ക് കുതിക്കാനുള്ള ശ്രമങ്ങൾ ആത്യന്തികമായി മനുഷ്യകുലത്തിന്റെ നാശത്തിലേക്ക് നയിക്കും എന്ന തിരിച്ചറിവ് ലോകത്തിനു മുന്നിൽ വെച്ചു എന്നതാണ് റേച്ചൽ കാഴ്സന്റെ ഏറ്റവും വലിയ സംഭാവന. വികസനം എന്നാൽ ഒറ്റ വഴിയിലൂടെ ചുറ്റുപാടുകളെ കാണാതെ ലക്ഷ്യത്തിലേക്ക് പാഞ്ഞുപോകേണ്ട കുതിരയല്ലെന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ അവർക്ക് കഴിഞ്ഞു. പ്രകൃതിയും മനുഷ്യനും വിവിധജീവജാലങ്ങളും ഉൾപ്പെട്ട സന്തുലിതാവസ്ഥയെ നിലനിർത്താതെ മനുഷ്യന് അതിജീവനം സാധ്യമാവില്ലെന്ന് കൂടി തന്റെ കൃതികളിലൂടെ അവർ ബോധ്യപ്പെടുത്തി. റേച്ചൽ കാഴ്സൻ ഒരെഴുത്തുകാരിയോ പരിസ്ഥിതിവാദിയോ മാത്രമായിരുന്നില്ല, ദീർഘകാലം സമുദ്രപരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ശാസ്ത്രജ്ഞകൂടിയായിരുന്നു എന്നത് അവരുടെ വാദങ്ങൾക്ക് യുക്തിയുടെ അടിത്തറയും, തെളിവുകളുടെ ഭദ്രതയും നൽകാൻ സഹായിച്ചു.

അമേരിക്കയിലെ പെൻസിൽവാനിയയിലെ സ്പ്രിംഗ്ഡേലിൽ ഒരു സാധാരണ കുടുംബത്തിലായിരുന്നു റേച്ചലിന്റെ ജനനം. കുടുംബംവക വിശാലമായ ഫാംഹൗസിൽ അലഞ്ഞുതിരിഞ്ഞ്, പ്രകൃതിയെ അറിഞ്ഞുവളർന്ന കുട്ടിക്കാലമാണ് പിൽക്കാലത്ത് പരിസ്ഥിതിയോടുള്ള അവരുടെ കൂറിനെ വളർത്തിയെടുത്തത്. അത്ര സുഖകരമായ കുടുംബാന്തരീക്ഷം ആയിരുന്നില്ലെങ്കിലും മകളുടെ പഠനത്തെയും സഹജവാസനകളേയും അമ്മയായ മരിയ ഫ്രേസിയർ ചെറുപ്പം മുതലേ പ്രോത്സാഹിപ്പിച്ചിരുന്നു. ജീവനോടുള്ള ആദരവ് എന്ന ഗുണം തന്നിൽ വളർത്തിയത് അമ്മയാണെന്ന് റേച്ചൽ കാഴ്സൻ ഓർമ്മിക്കുന്നുണ്ട്. സാമ്പത്തിക ഞെരുക്കങ്ങൾക്കും പ്രതികൂലസാഹചര്യങ്ങൾക്കുമിടയിൽ മകളുടെ മനസ്സിലെ അഗ്നി കെടാതെ സൂക്ഷിക്കാൻ അവർക്ക് കഴിഞ്ഞു. എഴുത്തുകാരി എന്ന നിലയിലായിരുന്നു റേച്ചലിന്റെ ആദ്യ ശ്രമങ്ങൾ. എട്ടാം വയസ്സിൽ കഥകളെഴുതിത്തുടങ്ങിയ അവർ പ്രകൃതിയേയും, ജന്തുക്കളേയും കേന്ദ്രമാക്കിയുള്ള പുസ്തകങ്ങൾ ഇഷ്ടപ്പെട്ടിരുന്ന വായനക്കാരി കൂടിയായിരുന്നു. പെൻസിൽവാനിയ വനിതാകോളെജിലെ പഠനകാലത്ത് തന്നെ ജീവശാസ്ത്രമാണ് തന്റെ പഠനമേഖലയാകേണ്ടത് എന്ന് റേച്ചൽ തീരുമാനിച്ചു. എന്നാൽ സാഹിത്യവാസനയും കഥയെഴുത്തും അവർ കൈവിട്ടതുമില്ല. പഠനം തീരുംമുൻപേ ജോൺഹോപ്കിൻസ് സർവ്വകലാശാലയിൽ പ്രവേശനം നേടിയെങ്കിലും പെൻസിൽവാനിയ കോളേജിൽ അടച്ചുതീർക്കേണ്ട കുടിശ്ശികകൾ അവരെ അവിടെത്തന്നെ തുടരാൻ നിർബന്ധിതയാക്കി. അടുത്ത വർഷം സർവ്വകലാശാലയിൽ ജന്തുശാസ്ത്രവും ജനിതകശാസ്ത്രവും ഐച്ഛികമായി പഠനം തുടർന്നപ്പോഴും ചെലവുകൾക്കായി അടുത്തുള്ള പരീക്ഷണ



റേച്ചൽ കാഴ്സൺ

ശാലകളിൽ ജോലി ചെയ്തു. ബിരുദാനന്തരബിരുദ ത്തിനുശേഷം പി എച്ച് ഡിക്ക് ചേരാൻ സാമ്പത്തികനില അനുവദിക്കാത്തതിനാൽ നിലനിൽപ്പിനായി തൊഴിലന്വേഷിക്കാൻ തുടങ്ങി.

അധ്യാപികയായിരുന്ന മേരി സ്കോട്ട് സ്കിന്നറുടെ സഹായത്തോടെ ഫിഷറീസ് ബ്യൂറോയുടെ റേഡിയോ പരിപാടിക്ക് സ്ക്രിപ്റ്റ് എഴുതുന്ന താൽക്കാലിക ജോലി റേച്ചൽ ഏറ്റെടുത്തു. കടലുമായുള്ള അടുത്ത സൗഹൃദം തുടങ്ങുന്നത് ഇവിടെനിന്നാണ്. ഈ പരിപാടികൾ വളരെപെട്ടെന്ന് ജനശ്രദ്ധനേടി. പിന്നീട് സിവിൽ സർവീസ് പരീക്ഷയിൽ ഏറ്റവുമുയർന്ന സ്ഥാനം നേടി ഇവിടെ തന്നെ അക്വാട്ടിക് ബയോളജിസ്റ്റായി സ്ഥിരനിയമനം നേടിയതോടെ ആ പദവിയി ലെത്തുന്ന രണ്ടാമത്തെ വനിതയായി. ജോലിയുടെ ഭാഗമായി കടലുമായും തീരത്തെ പരിസ്ഥിതി യുമായും നിരന്തരം ബന്ധപ്പെടുകയും ഈ വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതുകയുമുണ്ടായി. ഈ കാലത്ത് നിരവധി ലേഖനങ്ങൾ വിവിധ പത്രമാസികകളിലായി പ്രസിദ്ധീകരിക്കപ്പെട്ടു. ഇത്തരത്തിൽ പ്രസിദ്ധീകരിച്ച കടലിനടിയിൽ എന്ന ലേഖനം പുസ്തകമായി വികസിപ്പിക്കാൻ പ്രസാധകർ ആവശ്യപ്പെടുകയും 'കടൽക്കാറ്റി നടിയിൽ' (Under the Sea Wind) എന്ന പുസ്തകമാക്കി ഈ ലേഖനത്തെ വികസിപ്പി ക്കുകയും ചെയ്തു. കടൽപ്പക്ഷി, അയല മത്സ്യം, ഈൽ മത്സ്യം എന്നിവയുടെ ജീവിത ചക്രങ്ങളെ ആധാരമാക്കി, കടലിനടിയിലും തീരത്തുമുള്ള പരിസ്ഥിതിയെ ലളിതമായി ആവിഷ്കരിക്കു കയാണ് ഈ പുസ്തകത്തിലൂടെ ചെയ്തത്. പുസ്തകം പ്രസിദ്ധീകരിച്ച അതേസമയത്താണ് ഒന്നാം ലോകമഹായുദ്ധത്തിനു തുടക്കം കുറിച്ചുകൊണ്ട് പേൾ ഹാർബർ ആക്രമണമുണ്ടാകു ന്നത്. പെട്ടെന്നുമാറിയ രാഷ്ട്രീയകാലാവസ്ഥയിൽ പുസ്തകം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയി. ശാസ്ത്രജ്ഞർക്കിടയിൽ മാത്രമാണ് പുസ്തകം ചർച്ച ചെയ്യപ്പെട്ടത്.

ജോലിയുടെ തിരക്കിനും, വീട്ടിലെ ഏക വരുമാനക്കാരിയുടെ ഉത്തരവാദിത്വങ്ങൾക്കും ഇടയിലായിട്ടുപോലും ഏതാനും ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. യുദ്ധാനന്തരം കീടനാശിനി ഉപയോഗത്തിലുണ്ടായ വർദ്ധനവും ബന്ധ പ്പെട്ട പ്രശ്നങ്ങളും റേച്ചലിന്റെ ശ്രദ്ധയിൽ പെട്ടു. 1945ൽ തന്നെ ഡി ഡി ടി യുടെ ദോഷവശ ങ്ങളെപ്പറ്റി ലേഖനമെഴുതി റീഡേഴ്സ് ഡയജസ്റ്റിന് അയച്ചുകൊടുത്തെങ്കിലും അത് പ്രസിദ്ധീ കരിക്കപ്പെട്ടില്ല. ജോലിയുടെ ഭാഗമായി സഹപ്രവർത്തകയായ ഷെർളി ബ്രിഗ്സുമൊത്ത് നടത്തിയ യാത്രകൾ വിവരശേഖരണത്തിനൊപ്പം പരിസ്ഥിതിയെക്കുറിച്ച് ആഴത്തിലുള്ള അവബോധം രൂപപ്പെടുത്താനും സഹായിച്ചു. പ്രകൃതിയിലെ വിവിധ ജീവജാലങ്ങൾ തമ്മിലുള്ള പാരസ്പര്യത്തിൽ ഊന്നിയതായിരിക്കണം പരിസ്ഥിതിശാസ്ത്രത്തിന്റെ അടിത്തറ എന്ന ആശയം പരിസ്ഥിതി പരിപാലനം എന്ന ലേഖനപരമ്പരയിലൂടെ മുന്നോട്ട് വെച്ചു. ദ്വീപുകളുടെ രൂപീകരണം, തിരകൾ, സമുദ്ര പരിസ്ഥിതി എന്നിവയെയെല്ലാം കുറിച്ചുള്ള സാധാരണക്കാരുടെ സംശയങ്ങൾക്കുള്ള ഉത്തരമായിരുന്നു അടുത്ത പുസ്തകമായ നമുക്ക് ചുറ്റുമുള്ള കടൽ (The Sea Around Us). ദി ന്യൂയോർക്കറിൽ പ്രസിദ്ധീകരിച്ച ഏതാനും ലക്കങ്ങൾ ഏറെ ജനപ്രിയമാവുകയും പുരസ്കാര ങ്ങൾ നേടുകയും ചെയ്തു. നമുക്ക് ചുറ്റുമുള്ള കടൽ പ്രസിദ്ധീകരിച്ചദിവസം തന്നെ എല്ലാകോപ്പികളും വിറ്റുപോയത്രേ. റേച്ചൽ എന്ന എഴുത്തുകാരിയുടെ താരോദയത്തിന് ആ പുസ്തകം കാരണമായി. എന്നാൽ ഒരു സ്ത്രീയുടെ പേരിൽ മറഞ്ഞിരുന്ന് പുരുഷൻ എഴുതിയ പുസ്തകമാണതെന്ന് ചിലർ വിശ്വസിച്ചു. ഒരു സ്ത്രീക്ക് ഇത്രയേറെ ആഴത്തിലുള്ളതും ഉൾക്കാഴ്ചനിറഞ്ഞതുമായ സൃഷ്ടികൾ സാദ്ധ്യമാവില്ലെന്ന മുൻവിധിയാണ് അവരെ നയിച്ചത്. സാഹിത്യത്തെ ശാസ്ത്രവുമായും ഇത് രണ്ടിനേയും പൊതുസമൂഹവുമായും കൂട്ടിയിണക്കുക എന്ന വലിയ ദൗത്യമാണ് റേച്ചൽ കാഴ്സൻ നിർവഹിച്ചത്. ഡോക്ട്രേറ്റ് അടക്കം നിരവധി ബഹുമതികൾ ഈ പുസ്തകം അവർക്ക് സമ്മാനിച്ചു. അടുത്ത കൃതിയായ 'സമുദ്രതീരത്ത്' (The Edge of the Sea) ആവിഷ്കരിച്ചത് അറ്റ്ലാന്റിക്


തീരത്തെ സസ്യജന്തുജാലങ്ങളുടെ ജീവിതത്തെയാണ്. പുസ്തകങ്ങളുടെ വിജയത്തോടെ അവർ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയ എഴുത്തുകാരിയായി മാറി. മെയ്ൻ കടൽത്തീരത്തെ പരിസ്ഥിതി സംരക്ഷിക്കാനുള്ള ശ്രമങ്ങളിലും ഇക്കാലത്ത് പങ്കാളിയായി.

കീടനിയന്ത്രണത്തിനായി അമേരിക്കയിലെ കൃഷിവകുപ്പ് ആകാശത്തുനിന്ന് പരക്കെ ഡി ഡി ടി തളിക്കാൻ തുടങ്ങിയത് ഇക്കാലത്താണ്. 1945ൽ എഴുതി റീഡേഴ്സ് ഡയജസ്റ്റ് നിഷേധിച്ച ലേഖനത്തിന്റെ വിഷയത്തിലേക്ക് 1958 ൽ റേച്ചൽ തിരിച്ചെത്തി. തുടർന്നുള്ള നാലരക്കൊല്ലം കീടനാശിനികളെക്കുറിച്ച് ഉള്ള വിശദമായ പഠനങ്ങളുടെതായിരുന്നു. സർക്കാർ രേഖകളടക്കം സാദ്ധ്യമായ എല്ലാ സ്രോതസ്സുകളും ഇതിനായി ഉപയോഗിച്ചു.വിഷയവിദഗ്ദ്ധരായ പലരുടേയും സഹായം തേടിയും, സെമിനാറുകളിൽ പങ്കെടുത്തും, സ്ഥലങ്ങൾ സന്ദർശിച്ചുമെല്ലാമുള്ള ഒരു ബൃഹദ് പഠനമായിരുന്നു പിന്തുടർന്നത്. സ്തനങ്ങളിലെ മുഴകളായി കാൻസർ ബാധ കണ്ടെത്തുന്നതും ഇക്കാലത്താണ്. എന്നാൽ അസുഖത്താൽ തളർന്നുപോകാതെ അവർ പിന്നെയും പഠനങ്ങളിൽ മുഴുകി. 1962 സെപ്റ്റംബറിൽ വർഷങ്ങൾ നീണ്ട പഠനങ്ങളുടെ ആകെത്തുകയായി നിശ്ശബ്ദ വസന്തം (The Silent Spring) പ്രസിദ്ധീകരിക്കപ്പെട്ടു. പ്രസിദ്ധീകരണം തടയാൻ കീടനാശിനി ലോബി കിണഞ്ഞു ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. കേസും വ്യക്തിപരമായ അവഹേളനവുമെല്ലാം അവർ ആയുധമാക്കി. പുസ്തകത്തെപ്പറ്റി കുറിപ്പുകൾ പ്രസിദ്ധീകരിച്ച പത്രങ്ങൾക്ക് പരസ്യങ്ങൾ നിഷേധിച്ചു. എന്നാൽ ഇതൊന്നും പുസ്തകത്തിന്റെ പ്രചാരത്തെ ബാധിച്ചതേയില്ല. പരിസ്ഥിതിയുടെ മേലുള്ള കടന്നുകയറ്റങ്ങൾ ഭൂമിയിലെ ജീവിതത്തെ ദുസ്സഹമാക്കുന്നതെങ്ങനെ എന്ന് പതിനേഴ് അദ്ധ്യായങ്ങളിലായി നിശ്ശബ്ദവസന്തം വിവരിക്കുന്നു. എളുപ്പത്തിലുള്ള കീടനിയന്ത്രണത്തിനായി കീടനാശിനികളിൽ പ്രകൃതിയെ കുളിപ്പിക്കുന്ന സർക്കാർ സംവിധാനങ്ങളെ പുസ്തകം നിശിതമായി വിമർശിക്കുന്നു. മനുഷ്യനിൽ ഇവയുണ്ടാക്കുന്ന അപകടങ്ങളും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഒരു ജീവിക്കെതിരെ പ്രയോഗിക്കുന്ന വിഷം മറ്റുജീവികളിലേക്കും ജീവന്റെ ആധാരമായ ജലത്തിലേക്കും പടരുന്നത് ചിത്രീകരിച്ചിരിക്കുന്നു, ഒരു കല്ല് കുളത്തിൽ പടർത്തുന്ന അലകൾ പോലെ എന്നാണ് റേച്ചൽ ഇതിനെ വിവരിക്കുന്നത്. കീടനാശിനികളും രാസവസ്തുക്കളും ജനിതകഘടനയെ മാറ്റിമറിച്ച് വൈകല്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതെങ്ങനെ എന്നതും പുസ്തകത്തിൽ വിവരിച്ചു കാണാം. കീടനാശിനി ഉപയോഗം സംബന്ധിച്ച് നിയമങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിക്കാനും പരിസ്ഥിതിയോടുള്ള അമേരിക്കൻ ഭരണകൂടത്തിന്റെ കാഴ്ചപ്പാടിനെ സ്വാധീനിക്കാനും നിശ്ശബ്ദ വസന്തത്തിന് കഴിഞ്ഞു. ഇതിനിടെ റേച്ചലിന്റെ ആരോഗ്യനില തീർത്തും വഷളായെങ്കിലും വീൽചെയറിൽ ഇരുന്ന് വിവിധ പരിപാടികളിലും, സെനറ്റ് സബ് കമ്മിറ്റി തെളിവെടുപ്പിലും പങ്കെടുത്തു. ഒടുവിൽ രോഗത്തെ അതിജീവിക്കാനാവാതെ 1964 ഏപ്രിൽ 14ന് അവർ ഭൗതികശരീരം മാത്രമായി പ്രകൃതിയിലേക്ക് മടങ്ങിപ്പോയി.

ശാസ്ത്രജ്ഞയുടെ വിശകലനപാടവത്തിനൊപ്പം ലളിതമായ ഭാഷയുടെ സൗന്ദര്യം കൂടി ചേർന്നാണ് നിശ്ശബ്ദവസന്തത്തെ ലോകമെങ്ങും പ്രിയംകരമാക്കിയത്. അറിവിനൊപ്പം ഉള്ളിൽ തട്ടിയ അനുഭവത്തിന്റെ തെളിച്ചം പുസ്തകം പരത്തുന്ന വെളിച്ചമായി മാറി. നിശ്ശബ്ദവസന്തത്തിനു മുൻപ് പുരോഗതിയുടെ ഗൗരവമായി പരിഗണിക്കപ്പെടേണ്ടതില്ലാത്ത പാർശ്വഫലമായാണു പരിസ്ഥിതി നാശത്തെ ഭരണകൂടങ്ങൾ കണ്ടത്. നിശ്ശബ്ദവസന്തത്തിനു ശേഷം മിക്കവാറും രാജ്യങ്ങളെല്ലാം പരിസ്ഥിതി സംബന്ധമായ നിയമങ്ങൾക്ക് രൂപം നൽകി. റേച്ചൽ കാഴ്സൻ എന്തിനെതിരെ പൊരുതിയോ ആ കീടനാശിനിയായ ഡി ഡി ടി നിരോധിക്കപ്പെട്ടു. അമേരിക്കൻ പ്രകൃതിസംരക്ഷണ ഏജൻസിക്ക് തുടക്കം കുറിച്ചു. ഭൂമിയുടെ ആയുസ്സിനെക്കുറിച്ച് ഓർമ്മിപ്പിക്കാൻ ഭൗമദിനം ആചരിക്കാനും തുടങ്ങി. പരിസ്ഥിതിക്കു മേലുള്ള അധികാരത്തിന്റെ സമവാക്യങ്ങളെ ഈ പുസ്തകം മാറ്റിയെഴുതാൻ പ്രേരിപ്പിച്ചു എന്നതാണ് നിശ്ശബ്ദവസന്തത്തിന്റെ ഏറ്റവും പ്രധാന പ്രസക്തി.

സ്ത്രീകൾക്ക് ശാസ്ത്രരംഗത്ത് കടുത്ത വിവേചനം നേരിടേണ്ടി വന്ന ഒരു കാലത്തു നിന്നാണ് അധികാരികൾക്കും ശക്തരായ കീടനാശിനി മുതലാളിമാർക്കുമെതിരെ റേച്ചൽ കാഴ്സൻ പോരാടിയത്. മക്കളില്ലാത്ത സ്ത്രീക്ക് വരും തലമുറയുടെ ആരോഗ്യത്തിൽ എന്തിന് വ്യാകുലത എന്ന് അവർ പരിഹസിക്കപ്പെട്ടു. അവിവാഹിതയായ സ്ത്രീയോട് രോഗവിവരങ്ങൾ വെളിപ്പെടുത്തുന്ന പതിവില്ലാത്തതിനാൽ കാൻസർ രോഗബാധപോലും അവരിൽ നിന്ന് മറച്ചു വെയ്ക്കപ്പെട്ടു. അവരുടെ പെൺസൗഹൃദങ്ങളെ സമൂഹം സംശയപൂർവ്വം വീക്ഷിച്ചു. സുഖകരമല്ലാത്ത കുടുംബാന്തരീക്ഷമടക്കം ചവിട്ടിക്കടന്ന കനലുകൾ ഏറെയാണ്. അതിലൊന്നും തളർന്നുപോകാതെ ശാസ്ത്ര-സാഹിത്യരംഗങ്ങളിൽ ഒരേപോലെ, പിൻപേവരുന്ന സ്ത്രീകൾക്ക് പ്രചോദനമാകാവുന്ന ജീവിതമാതൃകയാണ് റേച്ചൽ കാഴ്സൻ മുന്നോട്ട് വെച്ചത്. ശാസ്ത്രത്തിന്റെ ചായ് വ് ആരോടാവണമെന്ന ഏറെ പ്രസക്തമായ ചോദ്യം ലോകത്തിനുമുന്നിൽ വെച്ചയാൾ എന്ന നിലക്ക് അവർ എന്നും ഓർമ്മിക്കപ്പെടുന്നു.

■



# വാസ്തവം



ഡോ.ജാൻസി ജോസ്

**നല്ല** വാക്കുകളുടെ കുറവ് കുടുംബത്തിൽ സ്ത്രീകൾക്ക് പ്രശ്നമുണ്ടാക്കുന്നുണ്ട് എന്ന് ഞാൻ കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരുന്നു. വാക്കുകൾക്കു മാത്രമാണോ ക്ഷാമം ? നല്ല അനുഭവം കൂടി വേണം. പ്രേമിച്ചോ പ്രേമിക്കാതെയോ വിവാഹം കഴിച്ച് വീട്ടിലെത്തുന്ന സ്ത്രീകളുടെ അനുഭങ്ങൾ അവർ തുറന്നു പറഞ്ഞാൽ എന്താവും സ്ഥിതി? ഭർത്തൃവീട്ടുകാരിൽ നിന്നു ലഭിക്കുന്ന അനുഭവം മാത്രമല്ല. ഭർത്താക്കന്മാരിൽ നിന്നു കിട്ടുന്ന അനുഭവവും ഭീകരമാണ്. ആദ്യത്തെ ഒരു വർഷം പോലും നീണ്ടു നിൽക്കാത്ത പരിഗണനയാണ് മിക്കവർക്കുമുള്ളത്. അഭിപ്രായ സ്വാതന്ത്ര്യം ഒരു കാര്യത്തിനും കൊടുക്കില്ലിവർ. കൂടെ ജീവിക്കുന്ന ഒരു ജീവിക്കു കൊടുക്കേണ്ട പരിഗണന പോലും പലപ്പോഴും ഇവരിൽ നിന്നുണ്ടാവുന്നില്ല. ഇത്തരക്കാർ ഭാര്യമാരെ ശത്രുവിനെപ്പോലെ കണ്ടു വരുന്നു. ജീവിതം കുട്ടികൾക്കു വേണ്ടിയിട്ടുള്ളതാണ് എന്നു മാത്രം വിശ്വസിക്കുന്ന ഭാര്യമാർ അടങ്ങി ഒതുങ്ങി മൂലക്കു കിടക്കും. അല്ലാത്തവർ തുറന്ന ആകാശം തേടിപ്പോകും.

സഹിച്ചു സഹിച്ചു മടുത്തുകഴിയുമ്പോഴാണ് സ്ത്രീകൾ അനുഭവം പുറത്തു പറയുന്നത്. വ്യക്തിത്വവും അഭിമാന ബോധവും ഉള്ള സ്ത്രീകൾ ഒന്നും സഹിക്കാൻ തയ്യാറാവില്ല. പെൺകുട്ടികളെ അഭിമാനബോധത്തോടെ വളർത്തേണ്ടത് അച്ഛനമ്മമാരാണ്'.

ചവിട്ടിത്തേച്ച അനുഭവങ്ങൾ സ്വന്തമാക്കിയ കുടുംബിനികൾ നമ്മുടെ നാട്ടിലേറെയുണ്ട്. പുറത്തു പറഞ്ഞാൽ ആരും വിശ്വസിക്കാത്ത അനുഭവങ്ങൾ. കേൾക്കുന്നവർ ആദ്യം പറയുക "അവൻ അങ്ങനെയൊന്നും ചെയ്യില്ല" എന്നാണ്. ഈ 'അവൻ' നാട്ടുകാർക്കെല്ലാം ഫസ്റ്റ് ക്ലാസ് വ്യക്തിയാവും. സ്വന്തം ഭാര്യയുടെ അടുത്തെത്തുമ്പോൾ അക്രമിയുമാകും.

എനിക്കറിയാവുന്ന കുറെ സ്ത്രീകൾ ത്രിശങ്കുസ്വർഗ്ഗത്തിൽ കഴിയുന്നവരാണ്. കുട്ടികളെ ഓർത്ത് പോവാനും വയ്യ പോവാതിരിക്കാനും വയ്യ. ജീവിതം ടെൻഷനടിച്ച് തീർത്തവരും ധാരാളം. ചില ധീരവനിതകൾ ചെകുത്താന്റെ കോട്ട ഭേദിച്ച് പുറത്തു പോയിട്ടുണ്ട്. പുറത്തു പോകുന്നവരോട് ഒരു വാക്കു മാത്രം 'വറചട്ടിയിൽ നിന്ന് എരിതീ'യിലേക്കാവരുത് നിങ്ങളുടെ പോക്ക്.

ഒരിക്കൽ പോലും പുറത്തു പോകാത്ത സ്ത്രീകൾ കുടുംബങ്ങളിലുണ്ട്. പുറത്തു പോകുന്ന പെണ്ണുങ്ങളെ ഭയക്കുന്നതെന്തിനാണ്? അവർ മനുഷ്യരെ കാണുമെന്നതിനാലാണോ? അതോ സ്നേഹവും സാന്ത്വനവും കരുതലും അവർക്ക് കണ്ടറിയാനും കൊണ്ടറിയാനും കഴിയും എന്നതിനാലോ? കണ്ടറിഞ്ഞവരൊന്നും തിരികെ പോകാൻ താത്പര്യം കാണിക്കുകയില്ല എന്നത് ശരിയുമാണ് .അപ്പോൾ പുറത്തുവിടാതിരിക്കുന്നത് തങ്ങൾ കൊടുക്കാത്തതും അനുവദിക്കാത്തതുമായ കാര്യങ്ങൾ അവർ മനസ്സിലാക്കരുത് എന്നതിനാൽ തന്നെയാകണം. ഇതിൽ നിന്നൊരു മോചനമാണ് പെണ്ണുങ്ങൾക്ക് സോഷ്യൽ മീഡിയ. അറിവിന്റെ തലത്തിലും അവർ മുന്നോട്ടു വന്നു. ലോകത്തുള്ള എല്ലാ കാര്യങ്ങളും അവർക്കിപ്പോൾ അറിയാം. പക്ഷേ, വികടൻമാരെ തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും അനുഭവം പഴയതു തന്നെ.



**ഉഷാകുമാരി എം.ബി.**
അദ്ധ്യാപിക, മാനന്തവാടി


# മാറുന്ന വയനാട് മറയുന്ന കാലാവസ്ഥ

അവധിക്കാലത്തിന്റെ ആലസ്യം വലിച്ചുമാറ്റി കോരിച്ചൊരിയുന്ന മഴയിൽ കുതിർന്ന സമ്മിശ്ര വികാരങ്ങളോടെ സ്കൂളിലെത്തിയ സാധ്യായ ദിനങ്ങൾ മനസ്സിനടിയിലെ നിക്ഷേപങ്ങളാണ്. ഘനംതൂങ്ങി പെയ്യാൻ നിൽക്കുന്ന മേഘങ്ങളുടെ ഇരുണ്ട നിഴൽ വെളിച്ചത്തെ അപഹരിച്ചിരിക്കുകയാണ്. ഹൈസ്ക്കൂൾ ദിനങ്ങളിൽ അനുഭവിച്ച വയനാടൻ കാലാവസ്ഥയുടെ ഹൃദ്യതയും തനിമയും മനസ്സിനെ കുളിരണിയിക്കുന്നവയായിരുന്നു. വൃശ്ചിക മാസം മുതൽ മകരം വരെ വാതിൽ തുറക്കുമ്പോൾ ശരീരത്തെ തള്ളിമാറ്റി അടിച്ചു കയറി വരുന്ന മഞ്ഞിന്റേയും മരം കോച്ചുന്ന തണുപ്പിന്റേയും വരവ് അനിർവചനീയമായ ആഹ്ലാദമാണ് പ്രധാനം ചെയ്തിരുന്നത്.

ആറുമാസം നീണ്ടു നിൽക്കുന്ന പല തരം മഴകൾ, കഠിനമായ മഴയെ തുടർന്ന് അവധി ദിവസങ്ങൾ എല്ലാം അന്നത്തെ സവിശേഷതകളാണ്. മാനന്തവാടി പുഴയുടെ ഓരത്ത് സ്ഥിതിചെയ്യുന്ന സ്കൂളിലേക്കുള്ള കാൽനട പ്രവാഹം ആഹ്ലാദ ഭരിതമായതും ആയാസരഹിതവും ആണ്. കർക്കടകമാസത്തിൽ പുഴയുടെ വീതി ഭീകരത ഉണ്ടാക്കുന്നതും ആയിരുന്നു. മഴ നനഞ്ഞു തോണി കടന്നുള്ള യാത്ര പുതുതലമുറക്ക് അജ്ഞാതമായ ഒന്നാണ്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ മൂഴികയറുക എന്നാണ് വയനാടൻ ഭാഷ്യം. കുറെ സ്ഥലങ്ങൾ ദ്വീപുകളായി മാറുന്നു. ഒറ്റപ്പെട്ട ഈ സ്ഥലങ്ങളിലുള്ള താമസം പലപ്പോഴും അമ്പരപ്പുളവാക്കിയിട്ടുള്ളതുമാണ്. കലങ്ങിമറിഞ്ഞ നിറഞ്ഞൊഴുകുന്ന പുഴകളുടെ സ്വഭാവം ഇന്ന്


ഏറെ മാറിയിരിക്കുന്നു. അനധികൃത മണൽവാരൽ നിമിത്തം അപകടക്കെണിയായി മാറിയിരിക്കുന്ന പുഴകൾ എത്രയോ ജീവൻ എടുത്തിരിക്കുന്നു. വയനാടൻ ഭൂമിയുടെ ഞരമ്പുകൾ ആയ പുഴകൾ ഒഴുക്കു തിരയുന്ന അവസ്ഥയാണ് വേനൽക്കാലത്തുള്ളത്. രൂക്ഷമായ ജലക്ഷാമം വയനാടിനെയും ഗ്രസിച്ചു തുടങ്ങിയിട്ടുണ്ട്. വേനൽക്കാലത്ത് കബനിയിലും പനമരം പുഴയിലും മറ്റും തടയണ നിർമ്മിച്ച് ദാഹനീർ സൂക്ഷിക്കുന്ന കാഴ്ചകളും സാധാരണയാണ്. തത്ത്വദീക്ഷയില്ലാത്ത മരം മുറിക്കൽ നദികളിലേക്ക് തള്ളുന്ന മാലിന്യങ്ങൾ ഇവയെല്ലാം സമീപഭാവിയിൽ വലിയ ദുരന്തം ഉണ്ടാകുമെന്നത് ഓർക്കേണ്ടിയിരിക്കുന്നു. ലോകത്തിലെ അതീവ സമ്പുഷ്ടമായ ജൈവമേഖലകളിലൊന്നാണ് പശ്ചിമഘട്ട പർവതനിരകൾ. കേരളത്തിലെ മിക്ക ആദിവാസി വിഭാഗങ്ങളുടെയും അധിവാസകേന്ദ്രമാണ് ഇത്. പശ്ചിമഘട്ടത്തിലെ തുടർച്ചയെന്നോണം ഉത്തരകേരളത്തിലെ കിഴക്കേ അതിർത്തിയിൽ ഒറ്റപ്പെട്ടുകിടക്കുന്ന ഭൂമേഖലയാണ് വയനാട്. വർഷത്തിൽ ഏകദേശം 7000 മില്ലിലിറ്റർ വരെ മഴ ലഭിക്കുന്ന നിബിഡവനങ്ങളും മലനിരകളും സസ്യ ജൈവവൈവിധ്യങ്ങളും നിറഞ്ഞ കാർഷിക മേഖലയായിരുന്നു വയനാട്. മനുഷ്യ വിഭവശേഷി, ആളോഹരി ഭൂമി തുടങ്ങിയ ഘടകങ്ങൾ ഈ പ്രദേശത്തെ കാർഷികസമൃദ്ധിയുടെ ഇടമാക്കി. കാപ്പി, കുരുമുളക്, തേയില ഇഞ്ചി, മരച്ചീനി, കമുക്, വാഴ എന്നിവയാണ് ആദ്യകാല കൃഷിയിനങ്ങൾ. വയൽനാട്, വനനാട്, മയക്ഷേത്ര എന്നെല്ലാം സ്ഥലനാമ നിഷ്പത്തിയിൽ. അഭിപ്രായാന്തരങ്ങൾ ഉണ്ടെങ്കിലും വയലുകളുടെ നാടാണ് വയനാട് എന്ന് നിസ്സംശയം പറയാം. വെളിയൻ, ചെന്താടി, ഗന്ധകശാല തുടങ്ങിയ നെല്ലിനങ്ങൾ വയലുകളെ പൊന്നണിയിച്ചു നിൽക്കുന്ന കാഴ്ച രമണീയമായ ഒന്നാണ്. വയൽവരമ്പിലൂടെ കതിർക്കനമെഴുന്ന നെൽത്തണ്ട് വകഞ്ഞ് മാറ്റിയുള്ള നടപ്പ് ഏറെ രസകരമായിരുന്നു. കൃഷി ലാഭക്കൊതിക്കും കച്ചവടത്തിനും വഴിമാറിയപ്പോൾ വയനാടിന്റെ മുഖച്ഛായ മാറുകയും ചെയ്തു. വയലുകളെല്ലാം വാഴക്കൃഷിക്ക് വേണ്ടി പാകപ്പെടുത്തിയപ്പോൾ വയനാട്ടിൽ ധാരാളം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുത്തു. മഴയെ ക്ഷണിച്ചു വരുത്തുന്നതെന്നു വിശ്വസിക്കുന്ന തവളകളുടെ കരച്ചിലും കേൾക്കാനില്ലാതെ ആയിരിക്കുന്നു. ഞണ്ട്, ഞവിണി, ചെറുമീനുകൾ തുടങ്ങിയവ ചത്തൊടുങ്ങി. വിഷമയമായ കീടനാശിനികൾ കലർന്ന വയൽക്കരയിലെ കേണികൾ ഉപയോഗശൂന്യമായി. കുന്നിൻമുകളിലും പൊന്തക്കാടുകളിലും പാർത്തിരുന്ന കുറുക്കന്മാരുടെ കൂവലുകൾ നിലച്ചു. (പുതിയ തലമുറയ്ക്ക് ഇങ്ങനെയൊരു മൃഗത്തെ പരിചയമുണ്ടാവില്ല) കൂടാതെ ധാരാളം രോഗങ്ങളെ ക്ഷണിച്ചു വരുത്തുകയും ഗോത്രവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളെ ദുരിതത്തിലാഴ്ത്തുകയും ചെയ്തു. ഇവയെല്ലാം ഇക്കാലത്തിനിടെ പ്രത്യേകതകളായി വയനാടിന് ഉൾക്കൊള്ളേണ്ടി വന്നിട്ടുണ്ട്.

സസ്യവൈവിധ്യം കൊണ്ട് ശ്രദ്ധേയമായ ഇടമാണ് വയനാട്. മുളങ്കൂട്ടങ്ങൾ കയറ്റി മാവൂർ ഗ്വാളിയർ റയോൺസിലേക്ക് ചുരമിറങ്ങുന്ന ലോറികളുടെയും തേക്ക് യൂക്കാലിപ്റ്റസ് മരങ്ങൾ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെയും ഒരു നീണ്ട നിര വർഷങ്ങൾക്കു മുമ്പുള്ള പതിവ് കാഴ്ച്ചയായിരുന്നു. പ്രതികരണ ശേഷി തുലോം കുറഞ്ഞവരായ ഗോത്രവിഭാഗങ്ങളും കുടിയേറ്റ കർഷകരും തങ്ങളുടെ ജീവിതഭൂമിക കൊള്ളയടിക്കപ്പെടുന്ന വാസ്തവം തിരിച്ചറിയുന്നതിനും സമയമെടുത്തു. ഇന്ന് ഇത്തരം കാഴ്ചകൾ കുറഞ്ഞിരിക്കുന്നു. (ഇവിടെ മരങ്ങൾ അവശേഷിക്കാത്തതു കൊണ്ട്) വയനാട്ടിലെ ജലദൗർലഭ്യത്തിനും മണ്ണൊലിപ്പിനും കാരണമായ വനം കൊള്ളക്കെതിരെ ശക്തമായ പ്രതികരണങ്ങൾ ഉണ്ടായിട്ടില്ലെന്നതും ഓർക്കാം.



കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളേറെയും അധിവസിക്കുന്നത് വയനാട്ടിലാണ്. പത്തിലേറെ ഗോത്ര വിഭാഗങ്ങളും ഈഴവ ക്രൈസ്തവ ജൈന കുടിയേറ്റ കർഷകരും നായർ മുസ്ലിം ജന്മിമാരുമാണ് ആദ്യകാല നിവാസികൾ. പല സ്ഥലങ്ങളിൽ നിന്നും എത്തിച്ചേർന്ന സങ്കരസംസ്കാരമാണ് വയനാട്ടിലുള്ളത്. വനസമ്പത്ത് കേന്ദ്രീകരിക്കപ്പെട്ട ഇപ്പിമല (ബാണാസുരഗിരിനിരകൾ), മുത്തങ്ങ വന്യമൃഗസങ്കേതം, എടക്കൽഗുഹ, തെക്കൻ കാശിയെന്നറിയപ്പെടുന്ന തിരുനെല്ലി, പൂക്കോട് തടാകം, ബാണാസുരഡാം തുടങ്ങിയവയെല്ലാം വയനാടിനെ ആകർഷകമാക്കുന്നു. സഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ഹരിതഭൂമിയാണ് വയനാട്. പ്രകൃതിയൊരുക്കിയ ഭൂഭാഗഭംഗികളെ നിസ്സാരവത്ക്കരിച്ചുകൊണ്ടുള്ള മാലിന്യനിക്ഷേപങ്ങൾ വയനാടിന്റെ പാതയോരങ്ങളെ മലീമസമാക്കിയിട്ടുണ്ട്. താമരശ്ശേരി ചുരത്തിലെ ചില ഭാഗങ്ങളും പേരിയചുരത്തിലെ ചിലയിടങ്ങളും അന്തരീക്ഷമലിനീകരണത്തിന്റെ മകുടോദാഹരണങ്ങളായിട്ടുണ്ട്.

വനമേഖലയിലെ പച്ചപ്പ് നഷ്ടപ്പെടുമ്പോൾ ഭക്ഷണത്തിനും വെള്ളത്തിനുമായി നാട്ടിലിറങ്ങേണ്ടി വന്ന വന്യമൃഗങ്ങൾ വലിയ പ്രശ്നങ്ങളായി മാറി. വന്യമൃഗങ്ങളും കർഷകരുമായുണ്ടായ ഏറ്റുമുട്ടലുകൾ വനം കൊള്ളയുടെ മറ്റൊരു ദുരന്തഫലമാണ്. തിരുനെല്ലിയിലും മുത്തങ്ങയിലും റോഡിലും തൊടികളിലും കാട്ടാനകളെ സർവ്വസാധാരണമായി കാണാൻ കഴിയും. മുളങ്കൂട്ടങ്ങൾ കുറഞ്ഞത് മൃഗങ്ങളെ സംബന്ധിച്ച് നിലനിൽപ്പിനു ഭീഷണിയായി മാറി.



നഗരവത്ക്കരണത്തിന്റെയും വിനോദസഞ്ചാരത്തിന്റെ വഴിതുറക്കലിലൂടെയും ചില ആത്മക്ഷതങ്ങൾ വയനാടിന് ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. കുന്നിടിച്ചും വയൽനിരത്തിയുമുണ്ടാക്കിയ ബഹുനിലകെട്ടിടങ്ങൾ വരുത്തിവെച്ച പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് നേരെ കണ്ണടക്കുന്ന സമീപനമാണിന്നുള്ളത്. റിസോർട്ടുകളുടെ നിർമ്മാണവും ഭൂമാഫിയകളുടെ നിർമ്മാണപ്രവർത്തനങ്ങളും വയനാടിന്റെ ജൈവികചുറ്റുപാടിനെ ഹനിക്കുന്നവയാണ്. ടൂറിസം വികസനത്തിന്റെ പേരിൽ പ്രകൃതിക്കേൽക്കുന്ന മുറിവുകൾ നിസ്സാരമല്ലെന്നുവേണം കരുതാൻ. അനധികൃതമായും അല്ലാതെയും അനുവദിക്കപ്പെട്ട ക്വാറികളുടെ പ്രവർത്തനവും ഇത്തരത്തിൽപ്പെട്ടതാണ്.

ചതുപ്പുനിലങ്ങൾ, കുരവകൾ (ജലസമൃദ്ധി കൊണ്ട് മണ്ണുകുഴഞ്ഞ് താണുപോകുന്ന സ്ഥലങ്ങൾ) നെല്ലു നിറഞ്ഞ കളപ്പുരകൾ, ഒക്കൽപ്പാട്ടുകൾ, വൈക്കോൽക്കൂനകൾ, ജലസമൃദ്ധമായ തോടുകൾ, വിവിധഫലവൃക്ഷങ്ങൾ തുടങ്ങിയവയെല്ലാം വയനാടൻ സംസ്ക്കാരത്തെ അനാവരണം ചെയ്യുന്നു. കൃഷി തന്നെയാണ് ജീവിതമെന്നു സ്ഥാപിച്ചിരുന്ന പണിയർ, അടിയർ, കുറിച്യർ, കുറുമർ തുടങ്ങിയ ആദിവാസി വിഭാഗങ്ങളുടെ അത്യദ്ധ്വാനവും ജീവിതസംസ്ക്കാരവും വയനാടിന്റെ എക്കാലത്തേയും സവിശേഷതയാണ്. കൊടുങ്കാടുകളും തിരിമുറിയാത്ത കാലവർഷവും മരംകോച്ചുന്ന തണുപ്പും നൂൽമഴയും സുഖശീതളമായ കാലാവസ്ഥയും വയനാടിനന്യമായിക്കൊണ്ടിരിക്കുകയാണ്. വയനാടെന്ന ദേശനാമത്തോടുള്ള ഏവരുടേയും പ്രിയം മേൽപ്പറഞ്ഞ പ്രത്യേകതകളിൽ നിന്ന് ഉടലെടുത്തതാണ്. പതിറ്റാണ്ടുകൾക്കപ്പുറമുള്ള വയനാടൻ പ്രകൃതി ഇന്നത്തേതിൽ നിന്നും ഭിന്നമാണ്. പൊന്നണിഞ്ഞു നിൽക്കുന്ന കേദാരങ്ങൾ കൃഷിയില്ലാതെയായി. പുഴകൾ മെലിഞ്ഞു കലങ്ങി മലിനമായി. കൈത്തോടുകൾ വറ്റി വരണ്ടു തുടങ്ങി. സമൃദ്ധമായ ശുദ്ധജലസ്രോതസ്സുകളുടെ ഉറവക്കണ്ണുകളടഞ്ഞു തുടങ്ങി. കോടമഞ്ഞും കാർമേഘക്കെട്ടുകളും കൊമ്പുകുത്തിക്കളിക്കുന്ന ഈ ഹരിതഭൂമിയുടെ അകൃത്രിമചാരുതയും സമ്പൽസമൃദ്ധിയും കൈമോശം വരാതിരിക്കട്ടെ.


■



# നാല്പതുവർഷം ഞാൻ നടന്ന കോഴിക്കോട് നഗരം

**ഇന്ന്** ലോകം മുഴുവൻ നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം പാരിസ്ഥിതിക പ്രശ്നങ്ങളാണ്. മണ്ണിൽ പിറന്ന ജൈവികമായ എല്ലാറ്റിനും പ്രകൃതിയും പരിസ്ഥിതിയുമായി അഭേദ്യമായ ബന്ധമാണുള്ളത്. ജീവരാശി തന്നെ പ്രകൃതിയുടെ സംഭാവനയാണ്. പ്രാചീന സമൂഹവും ജീവിച്ചത് പ്രകൃതിയെ ആശ്രയിച്ചുതന്നെയാണ്. പ്രകൃതി അന്നദാതാവ് മാത്രമല്ല പ്രാണദാതാവുകൂടിയാണ്. എന്നാൽ ആധുനിക സമൂഹം പ്രകൃതിയുടെ തന്നെ പ്രാണഹന്താക്കളായി തീരുന്ന ഈ ദുരന്തകാലം പ്രകൃതിയുമായി മനുഷ്യോചിതമായ മമതാബന്ധം പുലർത്തുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യേണ്ടത് ഓരോ പൗരന്റേയും ബാദ്ധ്യതയാണ്. കാലം അനുശാസിക്കുന്ന കർമ്മബോധമാണ്.

ഇൻഡ്യഭൂഖണ്ഡത്തിലെ മനുഷ്യജീവിതം വികസിച്ചുവന്നത് പ്രധാനമായും പ്രകൃതിയെ ആശ്രയിച്ചുതന്നെയാണ്. ഉർവ്വരമായ മണ്ണും സമൃദ്ധമായ ജലസ്രോതസ്സുകളും ഭാരതീയ





**ജാനമ്മ കുഞ്ഞുണ്ണി**

എഴുത്തുകാരി, പ്രക്ഷോഭക, കോഴിക്കോട്
കോർപ്പറേഷൻ മുൻ ചെയർപേഴ്സൺ


കാർഷിക സംസ്ക്കാരത്തിന്റെയും പാരിസ്ഥിതിക സന്തുലനത്തിന്റെയും രാസത്വരകങ്ങളാണ്. ഇൻഡ്യയുടെ തെക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന കേരളം ഇതിൽ നിന്നു വിഭിന്നമല്ല. എന്നാൽ പ്രകൃതിക്കു നേരെ മനുഷ്യർ നടത്തുന്ന കയ്യേറ്റങ്ങൾ ക്രൂരവും ആത്മഹത്യാപരവുമാണ്. സസ്യശ്യാമള മായ സഹ്യാദ്രിയും മലമടക്കുകൾപ്പുറം മാനന്തവാടി കഴിഞ്ഞ് കർണ്ണാടകാതിർത്തിയിലെ കുടജാദ്രിയും പിന്നെ കേരളാതിർത്തിയിൽ അങ്ങിങ്ങു ശിരസ്സു യർത്തി നില്ക്കുന്ന എണ്ണമറ്റ മലയെടുപ്പുകളും അതിന്റെ നിബിഡമായ സസ്യജാലങ്ങളും നാൾക്കു നാൾ ശോഷിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഭയാനകമാണ്. കേരളത്തിന്റെ സൈലന്റ് വാലിയും മറ്റനേകം വനസ്ഥലികളും ഈ കൊച്ചു കേരള ത്തിന്റെ ലോലവും സാന്ദ്രവുമായ നാഡിമിടിപ്പു കളാണ്.

1971-ൽ ഞാൻ തൊഴിലുമായി വന്നിറങ്ങിയ കോഴിക്കോടിന്റെ ഒരു ചിത്രമുണ്ട്. കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നിന്ന് മാവൂർറോഡിലുള്ള ട്രാൻസ്പോർട്ടു ബസ് സ്റ്റാന്റ് വരെ ചെറിയ ഭാണ്ഡവും പേറി ഞാൻ നടന്നാണ് വന്നത്. മാവൂർ റോഡിൽ ട്രാൻസ്പോർട്ടു ബസ് സ്റ്റാന്റ് കഴിഞ്ഞാൽ പിന്നെയുള്ളത് പൊതുശ്മശാന മാണ്. ശ്രീകണ്ഠേശ്വര ക്ഷേത്രത്തിനു മുന്നിലൂടെ അരയിടത്തുപാലം വരെ നിരന്നു പരന്നു കിടക്കുന്ന ചളിക്കുണ്ടുകളും അതിലങ്ങിങ്ങു ചില കുടിപ്പാർപ്പു കളുമാണെന്റെ ഓർമ്മയിൽ. സമൃദ്ധമായ കണ്ടൽ ക്കാടുകൾ. കാടകളും മെരുക്കളും പാമ്പും പശുവും എരുമയുമൊക്കെയുള്ള പ്രാകൃതവും വൃത്തിഹീനവുമായ പ്രദേശം. പിന്നെയുള്ളത് ശ്മശാനത്തിനു മുന്നിൽ എരഞ്ഞിപ്പാലം വരെ നീണ്ടു പരന്ന കണ്ടൽ പ്രദേശം. പലകാലങ്ങളിലും വന്നു പോകുന്ന വിവിധയിനം വിരുന്നുകാരായ പറവകൾ, ചിത്രശലഭങ്ങൾ, കൊറ്റികൾ, ഇഴജീവി കൾ അതിന്റെ ഓരങ്ങളിൽ ചില വീടുകൾ. ചെളിയും വെള്ളവും കൊതുകും നിറഞ്ഞ വെള്ള ക്കെട്ടുകൾ. മഴക്കാലമായാൽ കനോലികനാൽ നിറഞ്ഞ് നടപ്പാതയും കരപ്രദേശങ്ങളുമൊക്കെ മുങ്ങും. ജനജീവിതം ദുസ്സഹമാകും. എന്നാലും ആശുപത്രികളിലേയും ഹോട്ടലുകളിലേയും മാലിന്യങ്ങൾ ഭൂമിയുടെ ഗർഭം തുരന്നു കടന്നുവ രാത്ത കനോലിക്കനാലിന്റെ സ്വച്ഛന്ദമായ ഒഴുക്കും മുഗ്ധമായ കുളിരുമൊക്കെ കോഴിക്കോടിന്റെ മനസ്സിൽ മായാതെ കിടപ്പുണ്ട്. കനോലിക്കനാലിന പ്പുറം ഇന്ന് സ്വപ്നനഗരിയായി പുനർജ്ജനിച്ച പരിസ്ഥിതി ലോലപ്രദേശം നാല്പതുകൊല്ല ങ്ങൾക്കപ്പുറം പ്രകൃതിയുടെ ചാരുതയാർന്ന പ്രദേശമായിരുന്നു. കീഴാർനെല്ലിയും പൂവാൻകുറു ന്നിലയും, കണ്ടൽക്കാടുകളും, പറവകളും പുഴു ക്കളും സൂക്ഷ്മജീവികളും ചെറുമീനുകൾ നീന്തുന്ന കൈത്തോടുകളും സ്വപ്ന സന്നിഭമായ ഒരു ജൈവിക ലോകം. എന്നാൽ മണ്ണും മലരും ജലവും വായുവും വ്യോമമണ്ഡലവും നിയന്ത്രിക്കാനുള്ള അധികാരമുള്ള മനുഷ്യൻ വികസനത്തിന്റെ പേരിൽ ലളിത കോമളമായ ആ വനസൗഭഗത്തെ ഉദാസീന മായ സൗന്ദര്യവല്ക്കരണത്തിന്റെ ചായക്കൂട്ടിൽ പുനഃസൃഷ്ടിച്ചു. ഇന്നും കനോലിക്കനാലിന്റെ ഓരം ചേർന്നുപോകുന്ന റോഡുകളും അതിന്റെ പാർശ്വ ഭാഗങ്ങളും പച്ചത്തഴപ്പാർന്ന പ്രകൃതി പരിചരണ ത്താൽ ഭദ്രമാക്കിയിട്ടുണ്ട്. എന്നാൽ കനോലിക്ക നാൽ എന്ന ജലവാഹിനി പായലും പ്ലാസ്റ്റിക്കും

**കനോലിക്കനാലിനപ്പുറം ഇന്ന് സ്വപ്നനഗരിയായി പുനർജ്ജനിച്ച പരിസ്ഥിതി ലോല പ്രദേശം നാല്പതുകൊല്ലങ്ങൾക്കപ്പുറം പ്രകൃതിയുടെ ചാരുതയാർന്ന പ്രദേശമായിരുന്നു. കീഴാർനെല്ലിയും പൂവാൻകുറുന്നിലയും, കണ്ടൽക്കാടുകളും, പറവകളും പുഴുക്കളും സൂക്ഷ്മജീവികളും ചെറുമീനുകൾ നീന്തുന്ന കൈത്തോടുകളും സ്വപ്ന സന്നിഭമായ ഒരു ജൈവിക ലോകം. എന്നാൽ മണ്ണും മലരും ജലവും വായുവും വ്യോമമണ്ഡലവും നിയന്ത്രിക്കാനുള്ള അധികാരമുള്ള മനുഷ്യൻ വികസനത്തിന്റെ പേരിൽ ലളിത കോമളമായ ആ വനസൗഭഗത്തെ ഉദാസീനമായ സൗന്ദര്യവല്ക്കരണത്തിന്റെ ചായക്കൂട്ടിൽ പുനഃസൃഷ്ടിച്ചു.**

മറ്റു മലിനവസ്തുക്കളും കൊണ്ട് വികൃതമാക്കുമ്പോൾ മനസ്സ് വേദനിക്കുന്നു.

മാനാഞ്ചിറയിലെ പഴയ ഹജൂർക്കച്ചേരിയുടെ സ്ഥാനത്ത് ഇന്ന് അംബരചുംബിയായ എൽ.ഐ.സി. കെട്ടിടവും തൊട്ടടുത്ത് സ്റ്റേറ്റ് ബാങ്കും തുടർന്ന് നിരവധി കെട്ടിടസമുച്ചയങ്ങളും. തൊട്ടടുത്താണ് തുറസ്സായിക്കിടന്ന മാനാഞ്ചിറ മൈതാനം. പ്രധാന മന്ത്രിമാരായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവും, ശ്രീമതി ഇന്ദിരാഗാന്ധിയുമൊക്കെ ജനങ്ങളെ അഭിസംബോധന ചെയ്ത സ്ഥലം. ഇന്നത് ചുറ്റുമതിലിനുള്ളിൽ പൂമരങ്ങളും ഇലമരങ്ങളും പുൽത്തകിടിയും ശില്പങ്ങളും കായിക കോർട്ടും ഒക്കെയായി വികസനത്തിന്റെ മറ്റൊരു ദൃശ്യമായിത്തീരുന്നു. അന്നും ഇന്നും കോഴിക്കോടിന്റെ ദ്രാവിഡമുദ്ര പോലെ അലങ്കോലപ്പെട്ടുകിടക്കുന്ന മുതലക്കുളം



മൈതാനം. നഗരഹൃദയത്തിൽ പ്രാകൃതമായ ഒരല ക്കുകേന്ദ്രം.

ലോകത്തിലെ ഏറ്റവും വലിയ തടിവ്യവസായകേന്ദ്രമായ കല്ലായി ഇന്നു നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. അതിമനോഹരിയായ കല്ലായിപ്പുഴ ആഴം കുറഞ്ഞ് ഒഴുക്കുവറ്റി മാലിന്യക്കൂമ്പാരമായി നഗരത്തിന്റെ നാണക്കേടുപോലെ തലകുനിച്ച് കടലിൽ ചെന്നണയുന്ന പുഴയും ഒരു സംരക്ഷണ സമിതിയുണ്ടെന്നതിനപ്പുറം ഒന്നുമില്ല.

കോഴിക്കോടിന്റെ മാറാത്ത മുഖമാണ് പാളയം മാർക്കറ്റ്. പഴകിനിറം കെട്ട കെട്ടിടക്കൂട്ടങ്ങൾ. ഇടുങ്ങിയ പച്ചക്കറിച്ചന്ത. വൃത്തിഹീനമായ ബസ് സ്റ്റാന്റ്. ഞാൻ വന്നിറങ്ങിയശേഷം നാലു പതിറ്റാണ്ട് ഒരു പുതുമയുമുണ്ടാക്കാതെ പതിഞ്ഞു കിടക്കുന്നു. പിന്നെ വന്നത് ഒരു സബ്‌വേയാണ്. ഇന്ന് യാതൊരു സംരക്ഷണവുമില്ലാതെ സാമൂഹ്യദ്രോഹികൾക്ക് അല്ലറചില്ലറ സൗകര്യമൊരുക്കി അഴുക്കും ചവറുമായി അടഞ്ഞുകിടക്കുന്ന സബ്‌വേ അധികൃതരുടെ ഓർമ്മയിൽ പോലുമില്ല.


കോഴിക്കോടിന്റെ ഹൽവാ ബസാറും പട്ടുതെരുവും വലിയങ്ങാടിയുമൊക്കെ കച്ചവടം കൊണ്ടു സമൃദ്ധമാണെങ്കിലും പഴയ ഓർമ്മയിൽ താരും തളിരുമായിരുന്ന ഈ വ്യാപാരസ്ഥലികൾ അതിന്റെ പ്രൗഢിയും ആത്മാവും നഷ്ടപ്പെട്ട് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ട് നിലനില്ക്കുക തന്നെയാണ്. മാലിന്യസംസ്കരണ സംവിധാനങ്ങളോ മലമൂത്രവിസർജ്ജന സൗകര്യങ്ങളോ കുടിവെള്ള ലഭ്യതയോ ഇല്ലാത്ത നഗരഹൃദയത്തിന്റെ നാഗരിക അടയാളങ്ങൾ വെല്ലുവിളി നേരിടുകയാണ്.

കോഴിക്കോടിന്റെ കടൽത്തീരം ആകെ മാറിയിട്ടുണ്ട്. കുറ്റിച്ചിറ മുതൽ തോപ്പയിൽവരെ നീളുന്ന കോഴിക്കോട് ബീച്ച് പഴമയുടെ അടയാളമായ രണ്ടു കടൽപ്പാലങ്ങൾ നഷ്ടപ്പെട്ട് നിസ്വയാവുകല്ല ചെയ്തത്. ജനങ്ങൾക്ക് വരാനും വിശ്രമിക്കാനും കടൽത്തിരകളുമായി സല്ലപിക്കാനും സൗകര്യമായ ഒരുപാടു സംവിധാനങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്. സഞ്ചാരയോഗ്യമായ തീരദേശ റോഡും സൗകര്യപ്രദമായ വാഹനങ്ങളും വിസ്തൃതമായ സ്റ്റേജും പാർക്കും മറ്റു വിനോദ സൗകര്യങ്ങളുമുള്ളപ്പോഴും തണൽമരങ്ങളും പച്ചത്തഴപ്പുകളും കൊണ്ട് സമ്പന്നമല്ല എന്ന പരിമിതി കൂടിയുണ്ട്.

കോഴിക്കോട്ടെ പൊതുസമൂഹം പൊതുവിൽ പ്രകൃതി സ്നേഹികളും സൗന്ദര്യബോധമുള്ളവരുമാണ്. ഒരു മുല്ലവള്ളിയോ കാന്താരിച്ചെടിയോ നട്ടുപിടിപ്പിക്കാത്ത വീടുകൾ വിരളമാണ്. ഫ്ളാറ്റുകളാൽ നിബിഡമായിക്കൊണ്ടിരിക്കുന്ന കോഴിക്കോടിന്റെ നഗരവൽക്കരണ സംസ്കാരം പ്രകൃതിയ്ക്ക് സാരമായ ആഘാതമേല്പ്പിക്കുന്നുണ്ട്. എങ്കിലും ചെറിയ വളപ്പും ടെറസ്സും ബാൽക്കണിയുമൊക്കെ പച്ചക്കറിയും പൂന്തോട്ടവുമൊക്കെയായി പ്രകൃതിയുടെ സ്നിഗ്ദമായ സ്പർശമുണ്ടാക്കുന്ന ജനങ്ങളുടെ പരിസ്ഥിതി സംസ്ക്കാരം മുൻപത്തേക്കാൾ മെച്ചപ്പെട്ടിരിക്കുന്നു എന്നുവേണം കരുതാൻ.

കമ്പോളസംസ്ക്കാരത്തിന്റെ സ്വാധീനം കോഴിക്കോടൻ മണ്ണിലും വേരുറപ്പിച്ചിട്ടുണ്ട്. ഒരു സാധാരണ മക്കാനി പോലുമില്ലാതിരുന്ന മാവൂർ റോഡിൽ ഇന്ന് ചെറുതും വലുതുമായി നിരന്നു നിൽക്കുന്ന ആഹാരമന്ദിരങ്ങൾ. ചൂലഴിച്ചിട്ടതുപോലെ തട്ടുകടകൾ, ബേക്കറികൾ, ഡ്രൈഫ്രൂട്ട്സ്





കോമൺവെൽത്ത് നെയ്ത്തുശാല

ശാലകൾ, മദ്യഷാപ്പുകൾ, മയക്കുമരുന്നു പൊതികൾ പതിയിരിക്കുന്ന ഗുംടികൾ, കളിക്കോപ്പുശാലകൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കച്ചോടപീടികകളുടെ വർണ്ണാഭമായ കാഴ്ചകൾ. മാവൂർറോഡിലെ പരമ്പരാഗത ശവദാഹത്തിനൊപ്പം വൈദ്യുതിശ്മശാനം, മൾട്ടിപർപ്പസ് ഷോപ്പിംഗ് മാളുകൾ, ആഭരണശാലകൾ രാപ്പകലില്ലാതെ നിരത്തിലൂടെ ഒഴുകിപ്പോകുന്ന പരിചിതരും അപരിചിതരുമായ ജനതതിയുടെ മഹാപ്രവാഹം.

ക്ഷേത്രങ്ങൾ, മോസ്ക്കുകൾ, ഒരേ മതത്തിലെ വിഭിന്നധാരയിൽപ്പെട്ട പള്ളികൾ, ചെറുതും വലുതുമായ കുരിശടികൾ, പഴക്കമേറിയ മലബാർ ക്രിസ്ത്യൻ കോളേജ്, നാല്പതുവർഷങ്ങൾക്കുള്ളിൽ പിറവിയെടുത്ത ആശുപത്രികളുടെ പെരിയ നിരതന്നെയുണ്ട് നഗരത്തിൽ. എല്ലായിടത്തും തെരക്കോടു തെരക്കു തന്നെ. ഒന്നര പതിറ്റാണ്ടിന്നുള്ളിൽ പ്രത്യക്ഷപ്പെട്ട തൊഴിൽ വിപണിയാണ് സെയിൽ ഗേൾസിന്റെ പടയെ തന്നെ പടച്ചു വിട്ടത്. ഏറ്റവും വലിയ ചൂഷിത സമൂഹമാണവർ. പക്ഷേ നിത്യവൃത്തിക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽ അവരുടെ ജീവിതം പകലന്തിയോളമുള്ള നിൽപ്പുസഹനത്തിൽ ഒടുങ്ങിത്തീരുകയാണ്.


നഗരത്തിൽ പ്രത്യക്ഷപ്പെട്ട സവിശേഷമായ തൊഴിൽ വിപണിയാണ് കുടുംബശ്രീ കർമ്മപരിപാടിയുടെ ഭാഗമായ ഹോട്ടലുകളും കഫേകളും മാളുകളുമൊക്കെ. സ്ത്രീക്കു നിഷേധിച്ചിരുന്ന ഒട്ടേറെ തൊഴിൽമേഖലയിലേക്ക് ആ വിഭാഗം ധൈര്യപൂർവ്വം കടന്നുവന്നിരിയ്ക്കുന്നു എന്നത് ഏറെ അഭിമാനകരമാണ്.

ഞാൻ വരുന്ന കാലത്ത് കടലോരത്ത് വ്യാപകമായി കണ്ടിരുന്ന ലൈംഗിക തൊഴിലാളികളുടെ കോളനിയ്ക്ക് ഒട്ടേറെ മാറ്റം വന്നിരിക്കുന്നു. ആ നിരയിലെ പുതിയ തലമുറ പഠിച്ചും സ്വയംതൊഴിൽ കണ്ടെത്തിയും ജീവിതത്തിന്റെ പുതുവഴികൾ തേടുന്നു എന്നത് ആശ്വാസകരമാണ്.

നഗരത്തിന്റെ മറ്റൊരു പ്രത്യേകത വൃദ്ധസദനങ്ങളുടെ പെരുപ്പമാണ്. അണുകുടുംബവ്യവസ്ഥ മനുഷ്യബന്ധങ്ങളെ ശിഥിലീകരിക്കുന്നു. പണവും പ്രതാപവും മണിമന്ദിരങ്ങളും സ്വന്തമാക്കുന്ന പുത്തൻതലമുറയ്ക്ക് ജന്മദാതാക്കൾ അധികപ്പറ്റാകുന്ന ദയാരഹിതമായ മാനസികാവസ്ഥ ആധുനിക സമൂഹത്തിന്റെ പരിമിതിയാണെന്നു മാത്രമല്ല അതിഭീതിതമായ സാമൂഹ്യപ്രശ്നം കൂടിയാണ്.

സാംസ്ക്കാരിക പൈതൃകങ്ങളുടെ സഞ്ചിത നിക്ഷേപമാണ് കോഴിക്കോട് നഗരിയുടെ ഈടുവയ്പ്പ്. കോഴിക്കോട് സാമൂതിരിയും അറബിപ്പൊന്നും അറബിക്കല്ല്യാണവുമൊക്കെ പോറലേല്പിച്ച കെട്ട നാഗരികതയുടെ ഓർമ്മകൾ മായാതെ കിടക്കുന്ന മണ്ണാണിത്. സാമൂതിരികോവിലകത്തിന്റെ പ്രൗഢിയും പ്രതാപവും വറ്റിയിട്ടും സാമൂതിരി സ്ഥാനത്തിന്റെ പ്രതീകമായ സാമൂതിരി രാജയും ഇന്നും കോഴിക്കോടിന്റെ മണ്ണിൽ നിലനിൽക്കുന്നു.

വെസ്റ്റ്ഹില്ലിലെ മിലിട്ടറി ക്യാമ്പും പ്രഗത്ഭനായ വി.കെ.കൃഷ്ണമേനോൻ ആർട്ട് ഗ്യാലറിയും ധീരജവാൻ വിക്രമിന്റെ ഓർമ്മ മൈതാനവുമൊക്കെ നഗരസ്മൃതികളിൽ ത്രസിച്ചു നിൽക്കുന്നു. ഇനിയും പറഞ്ഞുതീരാത്തത്ര പൈതൃകമുദ്രകൾ. മാനാഞ്ചിറയും അതിന്റെ ഓരം ചേർന്ന് തൊഴിലാളികളുടെ വറ്റാത്ത കണ്ണീരുമായി നിൽക്കുന്ന കാമൺവെൽത്ത് നെയ്ത്തുശാലയുമടക്കം എത്രയെത്ര സംഭവസാക്ഷ്യങ്ങൾ കാലത്തിന് കരുതലും കാവലുമായി കാത്തുനില്ക്കുന്നു. മണ്ണും മനുഷ്യനും കാലവും തലമുറകളും തമ്മിൽ ഒത്തുതീർപ്പല്ല വേണ്ടത്, സംരക്ഷണമാണാവശ്യം. അതിനുതകുന്ന ജാഗ്രത നമ്മുടെ സാമൂഹ്യധർമ്മമാണ്.



**സംഗീതാ ദാമോദരൻ**
ഗവേഷക വിദ്യാർത്ഥിനി
ഇംഗ്ലീഷ് വിഭാഗം, കാലിക്കറ്റ് സർവകലാശാല

# സുജാതാദേവി : ഒരു ഓർമ്മക്കുറിപ്പ്

**യാ**ത്രാവിവരണ സാഹിത്യത്തിലെ സ്ത്രീ സാന്നിദ്ധ്യങ്ങളെക്കുറിച്ചുള്ള പഠനാന്വേഷണ വഴിയിലാണ് ഞാൻ സുജാത ദേവിയുടെ യാത്രാവിവരണ പുസ്തകമായ 'കാടുകളുടെ താളം തേടി' കണ്ടെത്തുന്നതും വായിക്കുന്നതും. സുജാതാദേവി എന്ന യാത്രികയേയും പരിസ്ഥിതി പ്രവർത്തകയേയും അങ്ങിനെയാണ് മനസ്സിലാവുന്നതും പരിചയമാകുന്നതും. അറിയും തോറും, വായിക്കും തോറും സുജാതാദേവി എന്ന യാത്രികയുടെ ആരാധിക കൂടിയാക്കി മാറ്റുന്ന ഒരുപാട് മാജിക്കുകൾ ആ പുസ്തകത്തിലുടനീളം ഉണ്ട്. ജീവൻ സ്ഫുരിക്കുന്ന യാത്രാവിവരണം എന്നതിലുപരി അത് മറ്റ് പലതുമാവുന്നത് യാത്രികയുടെയും ആഖ്യാനത്തിന്റെയും മികവും മേന്മയും കൊണ്ട് മാത്രമാണ്. ഭൂരിപക്ഷം വരുന്ന പുരുഷ യാത്രാവിവരണങ്ങൾക്കിടയിൽ സുജാതാദേവി എന്ന യാത്രികയും 'കാടുകളുടെ താളം തേടി' യും വ്യത്യസ്തമാവുന്നത് പല കാരണങ്ങൾ കൊണ്ടാണ്. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇത്തരത്തിൽ ഒരു യാത്രക്ക്, വിശേഷിച്ചും വനയാത്ര പോലെ റിസ്കുള്ള ഒരു യാത്രക്ക് എത്ര സ്ത്രീകൾ പ്രത്യേകിച്ച് മലയാളി സ്ത്രീകൾ മുതിർന്നിട്ടുണ്ട് എന്നത് തന്നെയാണ് അതിൽ പ്രധാനപ്പെട്ട വസ്തുത. വനയാത്ര എന്നതിനൊപ്പം അതൊരു പഠനയാത്ര കൂടിയാണ് എന്നത് മറ്റൊരു പ്രത്യേകത.

1992- ൽ ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി (CSE) എന്ന സംഘടന ഹിമാലയപരിസ്ഥിതി പഠനത്തിന് നൽകുന്ന ഫെല്ലോഷിപ്പ് സുജാതാദേവിക്ക് ലഭിച്ചിരുന്നു. 'ഹിമാലയത്തിലെ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെ നിലനിൽപ്പും ചുറ്റുമുള്ള ജനസ്ഥാനങ്ങളുടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം' എന്നതായിരുന്നു പഠനവിഷയം. പഠനകാലം ഏകദേശം രണ്ടു മാസത്തോളം നീണ്ടു നിന്ന ഒരു വനയാത്രയായി പരിണമിക്കുകയും ചെയ്തു. ഹിമാലയ നിരകളിൽ വ്യാപിച്ചു കിടക്കുന്ന സംരക്ഷിത വനങ്ങളിലായിരുന്നു പഠനം. ഹിമാലയത്തിൽ പഠനയാത്രക്ക് ഇറങ്ങിത്തിരിച്ച സുജാതാദേവിക്ക് യാത്രാനുമതി നിഷേധിച്ചു കൊണ്ടായിരുന്നു അന്നത്തെ വൈൽഡ് ലൈഫ് വാർഡൻ പ്രതികരിച്ചത്. ഒറ്റക്കൊരു സ്ത്രീ വനത്തിനുള്ളിൽ പ്രവേശിക്കരുത് എന്നതായിരുന്നു അദ്ദേഹത്തിന്റെ ശാഠ്യം. ഇത്തരം തടസ്സങ്ങളെ ഊർജ്ജമായി ഉൾക്കൊള്ളാനും തീരുമാനിച്ച കാര്യം നടത്താനും കാണിച്ച ചങ്കൂറ്റം അവരുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതയാണ്. അടിച്ചമർത്തലുകൾക്ക് അടിയറവ് പറയാൻ സുജാതാദേവിക്ക് മനസ്സില്ലായിരുന്നു. പഠന യാത്ര സാദ്ധ്യമാക്കിയെടുക്കാൻ നിയമയുദ്ധം വരെ നടത്താൻ തയ്യാറായത് തൊട്ട് അവരിലെ ഊർജ്ജസ്വലയായ യാത്രികയെയും പരിസ്ഥിതി പ്രവർത്തകയേയും അടയാളപ്പെടുത്തുന്ന അനേകം സന്ദർഭങ്ങൾ പുസ്തകത്തിലുടനീളം ഉണ്ട്. സാഹസികത, ധൈര്യം, നർമ്മം, ഉൾകാഴ്ച, ദയ, അലിവ്, ഇതൊക്കെ കൂടിച്ചേരുന്ന ഒരു വ്യക്തിയായെ അവരെ കാണാൻ കഴിയുകയുള്ളൂ. കാടുകളുടെ താളം തേടി പോയ അവർക്ക് പക്ഷെ കാണാൻ സാധിച്ചത് മുഴുവൻ താളപ്പിഴകളും കാട് തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥകളുമാണ്. പ്രകൃതി ചൂഷണത്തെക്കുറിച്ചുള്ള അവരുടെ വ്യഥകൾ വായനക്കാരുടേതു കൂടി ആയിത്തീരുകയാണ്. അവരോടൊപ്പം നടന്നും, ചിരിച്ചും ചിന്തിച്ചും കരഞ്ഞും ആത്മരോഷം കൊണ്ടും ആ ആഖ്യാനത്തിന്റെ ഒഴുക്കിൽ പെട്ട് പോവുക തന്നെ ചെയ്യും. കീറാമുട്ടി എന്ന് തോന്നുന്ന പ്രശ്നങ്ങളെ സ്വതസിദ്ധമായ നർമ്മചാതുരി കൊണ്ട് ലഘൂകരിക്കാനും അവർക്ക് സാധിച്ചിരുന്നു. കാടുകളുടെ താളം തേടി നടന്ന അവർക്ക് നിരാശപ്പെടുത്തുന്ന പല കാഴ്ചകളും അവസ്ഥകളും അറിയേണ്ടി വന്നപ്പോഴും സ്വതസിദ്ധമായ നർമ്മ സിദ്ധി കൊണ്ടാവണം നിരാശ ബാധിക്കാതെ കാര്യങ്ങളെ

വ്യക്തതയോടും സമചിത്തതയോടും വിശകലനം ചെയ്യാനും വിരസമാവാത്ത വിധത്തിൽ അത് വായനക്കാരിലേക്കെത്തിക്കാനും സാധിച്ചത്. കത്തുകളുടെ രൂപത്തിൽ 15 അധ്യായങ്ങളായി കോർത്തിണക്കിയ 'കാടുകളുടെ താളം തേടി' എന്ന പുസ്തകത്തിലെ ഓരോ കത്തും സംബോധന ചെയ്തിരിക്കുന്നത് സഹോദരിയും പരിസ്ഥിതി പ്രവർത്തകയുമായ സുഗതകുമാരി യേയാണ്. സഹോദര ബന്ധത്തെ ജൈവ പാരിസ്ഥിതികതലത്തിലേക്കുയർത്തുന്ന സംഭാഷണ രീതിയാണ് സുജാതാദേവി 'കാടുകളുടെ താളം തേടി'യിൽ സ്വീകരിച്ചിരിക്കുന്നത്. പരിസ്ഥിതി പ്രവർത്തകയായ സഹോദരിയോട് സംവദിക്കുന്നതിലൂടെ പൊതു സമൂഹത്തോട് കൂടിയാണ് അവർ ചോദ്യങ്ങൾ ഉന്നയി ക്കുന്നത്. സഹോദരിയോട് കാടിനെക്കുറിച്ച് ആശങ്കപ്പെടുന്നതിലൂടെ കാട്- വീട് എന്ന ദ്വന്ദ്വങ്ങൾക്കി ടയിലെ രേഖ അവർ നേർപ്പിച്ച് കളയുന്നു.



സ്ത്രീ ആയതു കൊണ്ടുമാത്രം തനിക്ക് നേരെ വന്ന വിലക്കുകളെ ആത്മ ധൈര്യം കൊണ്ട് അതിലംഘിക്കാനും ശരി എന്ന് ബോധ്യപ്പെട്ട കാര്യങ്ങൾ നടത്തിയെടുക്കാനും അവർക്ക് സാധിച്ചിട്ടുണ്ട്. പഠനയാത്രാനുമതി നിഷേധം തൊട്ട് വ്യക്തിപരമായി ഏറെ തകർന്ന അവസരത്തിലും അവരുടെ നിലപാടുകൾ ദൃഢവും വ്യക്തവുമായിരുന്നു. മകന്റെ മൃതദേഹ ത്തെ ശ്മശാനത്തിലേക്ക് അനുഗമിക്കണം എന്നും മകനെ അഗ്നിനാളങ്ങൾ ഏറ്റുവാങ്ങുന്നത് നേരിൽ കാണണം എന്നതും അത്തരത്തിൽ ഒരു തീരുമാനമായിരുന്നു. സുജാതാദേവിയെക്കുറിച്ചുള്ള കുറിപ്പിൽ സൂര്യ കൃഷ്ണമൂർത്തി ഇങ്ങനെ ഓർമ്മിക്കുന്നു: "സ്ത്രീകൾ ശ്മശാനത്തിലേക്കു വരാറില്ലെന്നും വന്നാൽ മറ്റുള്ളവർ കുറ്റപ്പെടുത്തുമെന്നും ഞാൻ വിലക്കി. മറ്റുള്ളവരും അതു തന്നെ പറഞ്ഞു. എന്നാൽ അവർ പിൻമാറിയില്ല. ശരീരം വീട്ടിൽ നിന്നെടുക്കും മുൻപ് അവർ താരാട്ടുപാടി മകനെ 'ഉറക്കി'. വീടിനു പുറകിലെ ഗേറ്റിനു സമീപം കാർ കൊണ്ടുവരാൻ എന്നോടു പറഞ്ഞു. ആംബുലൻസിൽ ശരീരം കയറ്റിയപ്പോൾ ആരും അറിയാതെ അവർ വന്ന് എന്റെ കാറിൽ കയറി തൈക്കാട് ശ്മശാനത്തി ലേക്കു വന്നു. നൂറോളം പുരുഷൻ മാർക്കിടയിൽ ഒരൊറ്റ സ്ത്രീ മാത്രമായി അവർ മകന്റെ ചിതയെരിയുന്നതു നോക്കി നിന്നു, ഒരു തുള്ളി കണ്ണീർ പോലും പൊഴിക്കാതെ." (https://www.manoramaonline.com/news/kerala/2018/06/24/soorya-krishna-moorthy-on-sujatha-devi.html ).

ശ്മശാന പരിസരം സ്ത്രീക്ക് വിലക്കപ്പെട്ടതാണ് എന്നതൊന്നും അവരുടെ ആഗ്രഹത്തെയോ നിലപാടിനെയോ വ്യതിചലിപ്പിച്ചില്ല. സ്വന്തം മരണത്തിൽ മതപരമായ ചടങ്ങുകൾ ഒഴിവാക്കണം എന്നതും അവരുടെ ആഗ്രഹവും തീരുമാനവുമാ യിരുന്നു.

സ്വാതന്ത്ര്യ സമര സേനാനിയും കവിയുമായ അച്ഛൻ ബോധേശ്വരനും കുന്തിപ്പുഴ എന്ന കുഞ്ഞു പുഴയെ ചങ്ങലക്കിടുന്നതോർത്തു കണ്ഠമിടറിയ അമ്മ പ്രൊഫ. വി. കെ. കാർത്യായനി അമ്മയും സഹോദരങ്ങളായ സുഗത കുമാരിയും ഹൃദയ കുമാരിയും സുജാതാ ദേവിയിൽ സ്വാധീനം ചെലുത്തിയിരിക്കാമെങ്കിലും ഇവരുടെയൊന്നും നിഴലിലൊതുങ്ങാതെ സ്വന്തമായി ഒരു വ്യക്തിത്വം അവർ സൃഷ്ടിച്ചെടുത്തു. പാരിസ്ഥിതിക പോരാട്ടങ്ങളിലുപരിയായി ഉജ്ജ്വലയായൊരു കവയത്രിയും അദ്ധ്യാപികയുമായിരുന്നു സുജാതാദേവി. തനിക്ക് എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് വ്യാകുലതകൾ ഇല്ലാതെ പൗരി എന്ന നിലയിൽ പൊതുസമൂഹത്തിനും പ്രകൃതിക്കും വേണ്ടി ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ സുജാതാദേവിക്ക് സാധിച്ചിട്ടുണ്ട്, അതിൽ സ്വയം വിമർശനങ്ങളുമുണ്ട് എന്നതും, അവരുടെ സവിശേഷതയാണ്.

ഗവേഷണ വിദ്യാർത്ഥി എന്ന നിലയിൽ സുജാതാ ദേവിയുടെ 'കാടുകളുടെ താളം തേടി' എന്ന യാത്രാവിവരണത്തെ വിമർശനാത്മകമായി സമീപിക്കേണ്ടി വന്നിട്ടുണ്ട് എങ്കിൽക്കൂടിയും ആശങ്കകൾക്കിട നൽകാതെ യാത്രികയും, യാത്രയും, പ്രകൃതിയും, വിവരണവും തീർക്കുന്ന മായിക പ്രപഞ്ചത്തിൽ ഒരാൾ പെട്ട് പോവുക തന്നെ ചെയ്യും. കാടനുഭവങ്ങളുടെ ആദ്യകാല പെൺവഴിയായി സുജാതാദേവി തെളിച്ചു തന്ന പാതകൾ വരും തലമുറകൾക്ക് കരുത്തും പ്രചോദനമേകുകയും തന്നെ ചെയ്യും.

https://www.manoramaonline.com/news/kerala/2018/06/24/soorya-krishna-moorthy-on-sujatha-devi.html

വഴിത്താരകൾ

**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*



# കണ്ണെഴുതാത്ത പൊട്ടുകുത്താത്ത ചീരു

**ചീരു** ആകെ ആശയക്കുഴപ്പത്തിലാണ്. സ്കൂൾ തുറന്നു. പുതിയ ക്ലാസ് മുറി, പുതിയ പാഠപുസ്തകങ്ങൾ, പുതു മഴ... പുതിയ ടീച്ചർമാരും. ഒന്നാം ക്ലാസിലെ ടീച്ചറെ അവൾക്കൊത്തിരി ഇഷ്ടമായിരുന്നു. ചുരുണ്ട മുടിയിൽ റോസാപ്പൂ ചൂടിയ ടീച്ചർക്ക് അവളോടും ഒരുപാട് വാത്സല്യം. മറ്റൊരു നഗരത്തിൽ നിന്നുള്ള കൂടുമാറ്റം അവളിലുണ്ടാക്കിയ വിമ്മിഷ്ടത്തെ ലഘൂകരിച്ചത് ലില്ലി ടീച്ചറാണ്. ടീച്ചർ തന്നെയാകുമോ ഈ ക്ലാസ്സിലും എന്ന പ്രതീക്ഷയെ പാടെ തെറ്റിച്ചു കൊണ്ട് അതാ വരുന്നു ഒരു സിസ്റ്റർ. കോറിഡോറിലൂടെ നടന്നു വരുന്ന സിസ്റ്ററെ ദൂരെ നിന്നു കണ്ടപ്പോഴേ അവരുടെ മുഖങ്ങൾ മ്ലാനമായി. കൈയ്യിൽ ഒരു നീണ്ട ചൂരൽ. ലില്ലി ടീച്ചറുടെ കൈയ്യിൽ അങ്ങിനെ ഒരു സാധനം കണ്ടിട്ടേയില്ല. 'ഇനി അങ്ങോട്ട് അടിയുടെ പൂരമായിരിക്കും' പിറകിൽ നിന്നും ആർത്തു ചിരിച്ചു കൊണ്ട് ജെറി പറഞ്ഞു. ആൺകുട്ടികൾ എത്ര ലാഘവത്തോടെയാണ് ടീച്ചർമാരുടെ അടിയെ കുറിച്ച് സംസാരിക്കുന്നത് എന്ന് അവൾ അത്ഭുതപ്പെടാറുണ്ട്. അവരുടെ സാധാരണ കളികളിൽ ഉൾപ്പെട്ടതാണല്ലോ ഢിശും ഢിശും എന്ന കലാപരിപാടി. അവർക്കു അതും ഒരു വിനോദമാണെന്ന് അവൾക്കു തോന്നാറുണ്ട്. ക്ലാസ് മുറി ഒരു അടിപൊളി ആക്ഷൻ സീനായി മാറുകയാണല്ലോ.

ഏതായാലും പുതിയ ക്ലാസ് ടീച്ചർ ഒരു കന്യാസ്ത്രീ ആണ്. കട്ടിക്കണ്ണടകൾ വെച്ച ഒരിക്കലും ചിരിക്കരുതെന്നു തീരുമാനിച്ച ഗൗരവക്കാരി. ഒന്നാം ക്ലാസ്സിലെ കളിയും ചിരിയും മായാൻ അധികം സമയം വേണ്ടി വന്നില്ല. കാലവർഷ മേഘങ്ങളേക്കാൾ ഇരുണ്ട മ്ലാനത ക്ലാസ്സുമുറിയിൽ നിറക്കുന്നതിൽ ആ സിസ്റ്റർ സാമാന്യം നന്നായി വിജയിച്ചു. ശ്വാസം മുട്ടിക്കുന്ന നിശ്ശബ്ദതയാണ് എപ്പോഴും!


ചീരു പരമാവധി സംസാരിക്കാതെ വളരെ സീരിയസ് ആയി ക്ലാസ്സിൽ പെരുമാറാൻ ശ്രമിക്കുന്നുണ്ട്. സിസ്റ്റർക്കു അവളെ അത്ര പിടിച്ചിട്ടില്ലെന്നു മനസ്സിലാക്കാൻ അവളുടെ ആറു വയസ്സിന്റെ ബുദ്ധി ധാരാളം മതി. എന്താണ് പ്രശ്നമെന്ന് അവൾക്കു എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നുമില്ല. ചില കുട്ടികളെ അവർ ഒരുപാട് ലാളിച്ചു വഷളാക്കുന്നുമുണ്ട്. അവളുടെ എപ്പോഴും ചിരിക്കുന്ന മുഖഭാവമാണോ, ഭാഷാശൈലി യാണോ, ആരെയും കൂസാത്ത നടത്തമാണോ, പ്രത്യേകിച്ച് ആരെയും പ്രീതിപ്പെടുത്താൻ താല്പര്യമില്ലാത്ത രീതികളാണോ എന്താണെ ന്നറിയില്ല!

പക്ഷെ കാര്യങ്ങൾ വിശദമാവാൻ അധികം നാളുകൾ വേണ്ടി വന്നില്ല. ആദ്യത്തെ മാസപ്പരീക്ഷ കഴിഞ്ഞു. പരീക്ഷ പേപ്പർ വിതരണം ചെയ്യുക യാണ്. തരക്കേടില്ലാത്ത മാർക്കുകൾ കിട്ടിയ ചീരുവിനോട് സിസ്റ്റർ അല്പം അനിഷ്ടത്തോടെ തന്നെ ചോദിച്ചു, "താനെന്താ പൊട്ട് തൊടാത്തത് ? എന്താ കണ്ണെഴുതാത്തത്?" ചീരു അമ്പരന്നു ഒരേ ഒരു നിൽപ്പാണ്. പരീക്ഷയും കണ്മഷിയും പൊട്ടും തമ്മിൽ എന്താണ് ബന്ധം എന്നാലോചിച്ചു അവൾക്ക് ഒരു പിടിയും കിട്ടുന്നില്ല. "തന്റെ അമ്മക്ക് ഇതൊക്കെ ചെയ്തു തന്നൂടെ? മറ്റു പെൺകുട്ടി കളെ കണ്ടില്ലേ? മുടിയിൽ പൂവൊക്കെ ചൂടി എത്ര വൃത്തിയായിട്ടാണ് ക്ലാസിൽ വരുന്നത്?" എന്തൊരു കഷ്ടമാണ്.

ചീരുവിന്റെ അമ്പരപ്പ് കൂടുകയല്ലാതെ കുറയുന്നില്ല. അവൾ രാവിലെ കുളിച്ച്, അലക്കി തേച്ച യൂണിഫോം ആണ് ഇട്ടിരിക്കുന്നത്. മുടി ഭംഗിയായി ചീവി കെട്ടി വെച്ചിട്ടുണ്ട്. ഇതിനല്ലേ വൃത്തി എന്ന് പറയുക? അമ്മക്ക് ചെറിയ വാവയുടെ കാര്യവും നോക്കണ്ടേ? എന്തൊക്കെ പണിയാണ് അമ്മക്ക് ചെയ്യാനുള്ളത്! പിന്നെ സ് കൂളും പൂവും കണ്മഷിയും തമ്മിൽ എന്തെങ്കിലും



വര: സംഗീത



പൊരുത്തമുണ്ടോ? അതൊക്കെ വല്ല ഡാൻസ് പരിപാടിക്കൊക്കെ ചെയ്താൽ പോരെ?

സിസ്റ്റർ കനത്ത മുഖത്തോടെ അവളുടെ കൈയ്യിൽ ഒരു കത്തു കൊടുത്തു. അച്ഛനോടോ അമ്മയോടോ വരാൻ പറയൂ. അമ്മക്ക് കുഞ്ഞുവാവയെയും കൊണ്ട് വരാൻ പറ്റാത്ത തിനാൽ അച്ഛനാണ് വന്നത്. സിസ്റ്റർ അച്ഛന് ക്ലസ്സെടുക്കാൻ തുടങ്ങി. കുറച്ചു ക്ഷമിച്ചു ശേഷം അച്ഛൻ ഇത്തിരി പരുഷമായി തന്നെ പറഞ്ഞു. "വൃത്തിയും കണ്ണെഴുതിപൊട്ടു തൊടുന്നതും തമ്മിൽ ഒരു ബന്ധവുമില്ല. തത്ക്കാലം സിസ്റ്റർ അവളെ കണക്കും സയൻസുമൊക്കെ പഠിപ്പിച്ചാൽ മതി. അവൾക്കു ആറു വയസ്സല്ലേ ആയുള്ളു. പിന്നെ ഇത്രയും നിസ്സാര കാര്യങ്ങൾക്കായി രക്ഷിതാക്കളെ വരുത്തുന്നത് അക്രമമാണ്. എന്തൊക്കെ തിരക്കുകൾക്കിടയിലാണ് ഞങ്ങൾ സമയമുണ്ടാ ക്കുന്നുന്നത്!" ചീരു ചിരി അമർത്താൻ പാടുപെടുന്നുണ്ടായിരുന്നു. സിസ്റ്റർ അവളെ രൂക്ഷമായൊന്നു നോക്കി.

കാര്യങ്ങൾ അറിഞ്ഞപ്പോൾ അമ്മയാണ് കൂടുതൽ ചൂടായത്. കാരണം അമ്മയെ കുറ്റപ്പെടു ത്തികൊണ്ടാണ് ടീച്ചർ സംസാരിച്ചതെന്ന് അച്ഛന്റെ സംസാര ത്തിൽ നിന്ന് അമ്മ ഗണിച്ചെടുത്തു. "അവരെന്തിനാണ് ആവശ്യമില്ലാത്ത കാര്യത്തിൽ ഇടപെടുന്നത് ? അവർക്കു പാഠങ്ങൾ പഠിപ്പിച്ചാൽ പോരെ?" പോരാ എന്ന് മനസ്സിലാക്കാൻ അവൾ പിന്നെയും സമയമെടുത്തു. അവളെ പട്ടുപാവാട ഉടുപ്പിക്കാൻ അവൾക്കു ഇഷ്ടമുള്ള ടീച്ചർമാരടക്കം ഒരുപാട് തത്രപ്പെട്ടു.

തനിക്കിഷ്ടമി ല്ലാത്ത രീതികളിൽ തന്നെ വേഷം കെട്ടിക്കുമ്പോൾ അവരെന്തു സന്തോഷമാണ് അനുഭവിക്കുന്നതെന്നു അവൾ അമ്പരന്നു. പിന്നീടൊരിക്കൽ, വർഷങ്ങൾ കഴിഞ്ഞു, ഒൻപതാം ക്ലാസ്സിൽ വീണ്ടും വേറൊരു ടീച്ചർ നടത്തിയ ഇടപെടൽ അവളെ കൂടുതൽ ചിന്താക്കുഴപ്പത്തിലേക്കു നയിച്ചു. അവളുടെ അടുത്തിരിക്കുന്ന സുന്ദരിക്കുട്ടിയായ ട്രീസയാണ് ഇത്തവണ ശാസനകൾക്ക് വിധേയ ആയത് .

ദൈവഭയമുള്ള കത്തോലിക്ക പെൺകിടാവ് എന്തിനാണ് പൊട്ടു തൊട്ടിരിക്കുന്നതു എന്നാണു ചോദ്യം? ചീരുവിനോട് പൊട്ടു തൊടാൻ പറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായം തന്നെയാണ് ട്രീസയോട് പൊട്ടു തൊടരുതെന്നും താക്കീതു നൽകുന്നത്. കണക്കിനും, ചരിത്രത്തിനും ഇടയിലൂടെ മതവും ലിംഗസ്വത്വവും ഒക്കെ എത്ര സമർത്ഥമായാണ് കടന്നു വരുന്നതെന്ന് അവൾ മനസ്സിലാക്കുകയാ യിരുന്നു. വെറും ഭംഗിക്കും, വൃത്തിക്കുമുപരി മറ്റെന്തൊക്കെയോ അടയാളപ്പെടുത്തുന്ന ചിഹ്നങ്ങളാണ് പൊട്ടും കണ്മഷിയും! പൊട്ടിനും കണ്മഷിക്കും പറയാൻ ഒരുപാട് കഥകളുണ്ട് എന്നത് ചീരുവിനെ ആവേശംകൊള്ളിച്ച കണ്ടെത്തലായിരുന്നു. ■

ശാസ്ത്രം

സീമ ശ്രീലയം



**പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ**

# ചുട്ടുപൊള്ളിക്കുന്ന യാഥാർത്ഥ്യങ്ങൾ

"അനന്തരൂപമാർന്നനന്തഭാവമാർ-
ന്നിനിയും ജീവന്റെ നവാവതാരങ്ങൾ
ഇവിടെയുണ്ടാമോ?
വരുന്ന നൂറ്റാണ്ടിന്നറുതിയിൽ വീണ്ടു-
മൊരുദിനം ഞാനിങ്ങിവിടെയെത്തുമ്പോൾ?

വരുന്ന നൂറ്റാണ്ടിൽ ഒരു ദിനം എന്ന കവിതയിൽ ഒ.എൻ..വി കുറുപ്പ് പങ്കുവയ്ക്കുന്ന ആശങ്കയുടെ ആഴം ചുട്ടുപൊള്ളിക്കൊണ്ടുതന്നെ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ് നമ്മൾ.

ചുട്ടുപൊള്ളിപ്പനിച്ചുകൊണ്ടിരിക്കുകയാണ് ഭൂമിക്ക്. ഓരോ വർഷവും ചൂടിന്റെ കാര്യത്തിൽ റെക്കോഡിട്ട് കടന്നുപോയ്ക്കൊണ്ടിരിക്കുന്നു. 1850 നു ശേഷമുള്ള ഏറ്റവും ചൂടുകൂടിയ പതിനെട്ട് വർഷങ്ങളിൽ പതിനേഴെണ്ണവും രണ്ടായിരാമാണ്ടിനു ശേഷമുള്ളതായിരുന്നു. സമീപ വർഷങ്ങൾ നോക്കുകയാണെങ്കിൽ 2015 നെക്കാൾ ചുട്ടുപൊള്ളിക്കൊണ്ട് 2016 ഉം അതിനെക്കാൾ ചുട്ടുപൊള്ളിക്കൊണ്ട് 2017 ഉം കടന്നുപോയി. ഇതു വരെ രേഖപ്പെടുത്തപ്പെട്ടതിൽ വച്ച് ഏറ്റവും ചൂടു കൂടിയ വർഷമായിരുന്നു 2017 എന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നു. അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിന്റെ തോത് കഴിഞ്ഞ എട്ടു ലക്ഷം വർഷങ്ങളിലെ റെക്കോഡ് തോതിൽ എത്തിക്കഴിഞ്ഞു. ഫോസ്സിൽ ഇന്ധനങ്ങളുടെ ജ്വലനമാണ് ഇതിന്റെ പ്രധാന സ്രോതസ്സ്. ഇങ്ങനെ പോയാൽ താപവർധനവ് രണ്ടു ഡിഗ്രിയിൽ കൂടാതെ പിടിച്ചുനിർത്തണമെന്ന പാരീസ് ഉടമ്പടിയിലെ വ്യവസ്ഥയൊക്കെ കാറ്റിൽ പറക്കാനാണ് സാധ്യത. ദാഹജലത്തിനായുള്ള പരക്കംപായൽ, സൂര്യാതപമേറ്റ് പിടഞ്ഞുവീഴുന്ന മനുഷ്യനും മറ്റ് ജീവജാലങ്ങളും, പ്രവചനാതീതമായി മാറിമറിയുന്ന കാലാവസ്ഥ, എൽനിനോ, ലാനിന പോലുള്ള കാലാവസ്ഥാപ്രതിഭാസങ്ങൾ, ഉരുകുന്ന മഞ്ഞ്, സമുദ്രനിരപ്പുയരുമ്പോൾ നിലനില്പിനായി കേഴുന്ന ദ്വീപ് രാഷ്ട്രങ്ങൾ, വിസ്തൃതമാവുന്ന മരുഭൂമികൾ, കാട്ടിലും കടലിലും ധ്രുവപ്രദേശങ്ങളിലും നിലനില്പിനായി കേഴുന്ന ജീവജാലങ്ങൾ, ഓസോൺ പാളിയുടെ ശോഷണം, രൂക്ഷമാവുന്ന മലിനീകരണ പ്രശ്നങ്ങൾ, അനിയന്ത്രിതമാവുന്ന പകർച്ചവ്യാധികൾ... പേടിപ്പെടുത്തുന്നവ തന്നെയാണ് യാഥാർത്ഥ്യങ്ങൾ. കണക്ക് പിഴയ്ക്കുകയാണ് കാലത്തിനും പ്രകൃതിക്കും. ഇനിയെങ്കിലും തിരിച്ചറിയണം ഇതൊക്കെ നമ്മുടെ തന്നെ ചെയ്തികളുടെ ഫലമാണെന്ന്. ഐപിസിസി (ഇന്റർ ഗവണ്മെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്) റിപ്പോർട്ടനുസരിച്ച് ആഗോളതാപനത്തിന്റെ കാരണങ്ങളിൽ ഭൂരിഭാഗവും മനുഷ്യന്റെ തന്നെ സംഭാവനകളാണ്.


ആഗോള താപനവും ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങളും ജൈവ വൈവിധ്യത്തെ തുടച്ചുനീക്കിക്കൊണ്ടിരിക്കുന്നു. ഭൂമി ആറാം കൂട്ട വംശനാശത്തിലേക്ക് കടന്നിരിക്കുന്നുവെന്ന് വിവിധ പഠനങ്ങൾ അപായമണി മുഴക്കിക്കഴിഞ്ഞു. ആഗോളതാപനത്തിന്റെ ഫലമായി ഭൂമിയിൽ നിന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷമായ ജീവിയാണ് കോസ്റ്ററിക്കയിലെ മേഘവനങ്ങളിൽ ഒരുകാലത്ത് ധാരാളമായി കണ്ടിരുന്ന സുവർണ്ണത്തവള. ആഗോളതാപനത്തിന്റെയും ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഫലമായി കുറ്റിയറ്റു പോയ മറ്റൊരു ജീവിയാണ് ബ്രാംബിൾ കെയ് മെലോമിസ് എന്ന എലി. ആസ്ട്രേലിയയിലെ ക്വീൻസ്ലാന്റിൽ ധാരാളമായി കാണപ്പെട്ടിരുന്ന ജീവിയാണിത്. കാട്ടിലും കടലിലും ധ്രുവപ്രദേശങ്ങളിലുമെന്നുവേണ്ട എല്ലായിടത്തും ആവാസവ്യവസ്ഥകൾ നാശത്തിന്റെ വക്കിലാണ്. വന നശീകരണത്തിന്റെ ഫലമായി പ്രതിവർഷം ഭൂമിയിൽ നിന്ന് 13 ദശലക്ഷം ഹെക്ടർ വനമാണ് അപ്രത്യക്ഷമാവുന്നത്. ഇതിനുപുറമെ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനങ്ങളും വനങ്ങൾക്ക് ചരമഗീതം രചിക്കുന്നു.. ലോകത്തിലെ ഏറ്റവും വലിയ മഴക്കാടായ ആമസോൺ മഴക്കാടു പോലും നാശത്തിന്റെ വക്കിലാണ്.ഭൂമിയിലെ സസ്യങ്ങളിൽ 21 ശതമാനത്തോളം കടുത്ത വംശനാശ ഭീഷണിയിലാണ്. വനങ്ങളുടെ സുസ്ഥിര പരിപാലനം യാഥാർത്ഥ്യമാക്കിയാലേ ഇനി രക്ഷയുള്ളൂ. പ്രകാശസംശ്ലേഷണത്തിലൂടെ ആഹാരനിർമ്മാണം നടത്തുന്ന ഹരിതസസ്യങ്ങൾ ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. ആഗോളതാപനത്തിനു വൻതോതിൽ കാരണമാവുന്ന ഹരിതഗൃഹവാതകമായ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലും കാലാവസ്ഥാനിയന്ത്രണത്തിലും വനങ്ങളുടെ പങ്ക് വലുതാണ്. വനാന്തരങ്ങളിലെ നീർത്തടങ്ങളും തണ്ണീർത്തടങ്ങളും നീരുറവകളും ശുദ്ധജലത്തിന്റെ അമൂല്യ സ്രോതസ്സുകളാണ്.

ഭൂമിക്കു പൊള്ളിപ്പനിക്കുമ്പോൾ സമുദ്ര ങ്ങൾക്കും ധ്രുവപ്രദേശങ്ങൾക്കുമൊക്കെ പൊള്ളുന്നുണ്ട്.. അമിതമായി കാർബൺ ഡൈ ഓക്സൈഡ് ലയിച്ചുചേരുന്നതിന്റെ ഫലമായി കടൽവെള്ളത്തിന്റെ അമ്ലത കൂടുന്നുവെന്ന ഭീഷണി വേറെ. സമുദ്രങ്ങളിൽ പൊതുവെ ഓക്സിജന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നതായി സ്ക്രിപ്സ് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫിയുടെ പഠനങ്ങൾ തെളിയിക്കുന്നു. പസിഫിക് സമുദ്രത്തെയാണ് ഇപ്പോൾ ഇത് ഏറ്റവും കൂടുതലായി ബാധിച്ചിട്ടുള്ളത്. ഇതെല്ലാം ചേർന്ന് കടലിന്റെ ആഴങ്ങളിലെ ആവാസവ്യവസ്ഥകൾ പോലും കടുത്ത ഭീഷണിയിലാണ്. താപവർദ്ധനവും കാലാവസ്ഥാ വ്യതിയാനങ്ങളും ഇങ്ങനെ തുടർന്നാൽ 2050 ഓടെ ജൈവവൈവിധ്യത്തിന്റെ കലവറയായ ഗ്രേറ്റ് ബാരിയർ റീഫ് എന്ന പവിഴപ്പുറ്റു പൂർണ്ണമായും ബ്ലീച്ച് ചെയ്യപ്പെട്ട് ഇല്ലാതായേക്കുമെന്ന് വിവിധ പഠനങ്ങൾ മുന്നറിയിപ്പു നൽകുന്നു. മഞ്ഞുമൂടിക്കിടക്കുന്ന ധ്രുവപ്രദേശങ്ങളിലാണെങ്കിൽ ധ്രുവക്കരടികളും പെൻഗ്വിനുകളുമൊക്കെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണിയിലാണ്. ആർട്ടിക്കിലും അന്റാർട്ടിക്കിലും മഞ്ഞുരുകലിന്റെ ആക്കം കൂടുമ്പോൾ ആവാസവ്യവസ്ഥകളുടെ നിലനിൽപ്പ് പരുങ്ങലിലാവുന്നു. ഒപ്പം ഭക്ഷ്യക്ഷാമവും ഇവിടുത്തെ ജീവികളുടെ അതിജീവനത്തിനു വിലങ്ങുതടിയാവുന്നു. ഇന്റർഗവണ്മെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ പഠനറിപ്പോർട്ടനുസരിച്ച് ധ്രുവക്കരടി, ആഡ്‌ലീ പെൻഗ്വിൻ, ഓറഞ്ച് സ്പോട്ടഡ് ഫയൽ ഫിഷ്, നോർത്ത് അറ്റ്ലാന്റിക് കോഡ് ഫിഷ്, കിവർ ട്രീ തുടങ്ങിയവ കാലാവസ്ഥാവ്യതിയാനത്തിന്റെ കടുത്ത ഭീഷണി നേരിടുന്നു.

ഈ ഭൂമി നമുക്ക് പൈതൃകസ്വത്തായി ലഭിച്ചതല്ല. മറിച്ച് ഭാവിതലമുറകളിൽ നിന്ന് കടംവാങ്ങിയതാണ്. വരുംതലമുറകൾക്കായി, സർവ്വജീവജാലങ്ങൾക്കുമായി ഭൂമിയമ്മയെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. ഒരു തൈ നടുമ്പോൾ ഒരു തണലാണ് നടുന്നതെന്നും ഭൂമിക്കത് കുടപിടിക്കുമെന്നും വരും തലമുറകൾക്കത് തണുപ്പും തണലുമേകുമെന്നും നമുക്ക് ഓർക്കാം. 1854 ൽ സിയാറ്റിൽ മൂപ്പൻ അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്‌ലിൻ പിയേഴ്സനോട് പറഞ്ഞതു പോലെ ഈ ഭൂമിയിലെ ഓരോ തളിരിലയും പൂവും പുൽമേടും മണൽത്തിട്ടയും നദിയും തടാകവും പർവ്വതശിഖരവുമൊക്കെ സർവ്വജീവജാലങ്ങളുടേതുമാണ്. ഭൂമി നമ്മുടെ അമ്മയാണ്. എല്ലാ ജീവജാലങ്ങളും നമ്മുടെ കൂടപ്പിറപ്പുകൾ തന്നെയാണ്. ഇതൊക്കെ നമുക്കു മറക്കാതിരിക്കാം. സകലജീവജാലങ്ങൾക്കും അമ്മയായ ഭൂമിയുടെ രക്ഷയ്ക്കായി കൈകോർക്കാം.

# കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**സ്ത്രീകളോ? കുടിവെള്ള പ്രശ്നം ചർച്ച ചെയ്യാനൊന്നും അവർക്ക് നേരമില്ല**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

ഫോട്ടോഫീച്ചർ

# പരിസ്ഥിതി



## ഇസറ്റു സീസെ

'മാലിന്യ പുനരുൽപാദനത്തിന്റെ റാണി' എന്നറിയപ്പെടുന്ന ഗാംബിയയിലെ പ്രക്ഷോഭകയായ ഇസറ്റുവിന്റെ പ്രവർത്തനങ്ങൾ ഗാംബിയിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം പശ്ചിമ ആഫ്രിക്കയിലെ നൂറുകണക്കിന് സ്ത്രീകൾക്ക് വരുമാന മാർഗ്ഗമുണ്ടാക്കാനും വഴിയൊരുക്കി.



## മരീന സിൽവ

ബ്രസീലിലെ ആമസോൺ മഴക്കാടുകൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധയായ പോരാളിയാണ് മരീന സിൽവ. ചികോ മെൻഡസ് എന്ന സഹപ്രക്ഷോഭകൻ കൊല്ലപ്പെട്ടിട്ടും മരീന പോരാട്ടം തുടരുന്നു



## സിൽവിയ ഏൾ

2009 ലെ ടെഡ് പുരസ്ക്കാരത്തിന് അർഹയായ സിൽവിയ സമുദ്രസംരക്ഷണ പദ്ധതിയായ 'മിഷൻ ബ്ലൂ' വിന് രൂപം നൽകി പ്രവർത്തിച്ചു വരുന്നു

# പോരാളികൾ



## വാംഗരി മാതെയ്

കെനിയയിലെ ഭൂസംരക്ഷണ പ്രശ്നത്തിൽ നിരന്തര പോരാട്ടത്തിലായിരുന്നു 2004 ലെ നൊബേൽ സമ്മാന ജേത്രികൂടിയായ വാംഗരി മാതെയ്.



## വിനോന ലാ ഡ്യൂക്ക്

അമേരിക്കയിലെ ആദി ഗോത്രങ്ങളുടെ സംരക്ഷകയും 'ഓണർ ദ് എർത്' എന്ന ഗോത്ര സംഘടനയുടെ സ്ഥാപകയുമായ വിനോന ഗോത്ര മേൽനോട്ട ത്തിലുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.



## ബെർട്ട ഇസബെൽ കകാരസ് ഫ്ളോറസ്

ഹോണ്ടുറസിലെ ലെൻക വംശജയായ ബെർട്ട തോട്ടങ്ങളും അണക്കെട്ടുകളും വരുത്തിവെച്ച പരിസ്ഥിതിനാശത്തിനെതിരെ നിതാന്തപോരാട്ടത്തിലേർപ്പെട്ടിരി ക്കുകയായിരുന്നു. സ്വന്തം ജീവന് അപകടമുണ്ടെന്ന് അറിഞ്ഞിരുന്ന ബെർട്ട 2016 ൽ കൊല്ലപ്പെടു കയായിരുന്നു.